പുസ്തകം 79
ലക്കം 5
മെയ് 2007
ഹിജ്റത്ത് 1386
റ. ആഖിർ - ജ. അവ്വൽ 1428

**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)
കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

വരിസംഖ്യ - 120 ക.
ഒറ്റപ്രതി - 12 ക.

*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) 6520733
**ഫാക്സ് :** 0495 - 2721609
e-mail: sathyadoothan@ahmadiyya.com

**സ്ഥാപിതം**
**1925**

# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

4 *യുഗശബ്ദം*
5 *മുഖക്കുറിപ്പ്*
6 *ഖുർആൻ - സുന്നത്ത് - ഹദീസ്*
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**ലേഖനം**

10 *ഡെന്മാർക്ക് സിമ്പോസിയം*
15 *വെളിപാടുകളുടെ പ്രകൃതം*
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
19 *ഉയിർത്തെഴുന്നേൽക്കുന്ന റഷ്യ*
വ്ളാദ്മീർ റദിയുഹിൻ
23 *ക്രിസ്തുമതം വാഗ്ദത്ത മസീഹിന് മുമ്പും പിമ്പും*
അബ്ദുറഹിമാൻ, കൊടിയത്തൂർ
29 *ഹദ്റത്ത് അഹ്മദി (അ) ന്റെ യൗവ്വനകാലം*
ഏ.ക്യു. മഹ്ദി
32 *മതം മാറുന്നവനെ വധിക്കാമോ?*
ഏ.എം. മുഹമ്മദ് സലിം

**അനുസ്മരണം**

14 *പ്രിയങ്കരനായ ഹദ്റത്ത് മിയാൻ സാഹിബ്*
എം.എ. മുഹമ്മദ്

**അവലോകനം**

36 *കോഴിക്കോട്ടെ അൽഖുർആൻ എക്സിബിഷൻ*
കെ.പി. അഹ്മദ്

**കുറിപ്പുകൾ**

38 *ഈസാനബി(അ)യുടെ മരണവും ശൈഖ് മുഹമ്മദ് കാരക്കുന്നിന്റെ 'ദ്വന്ദാത്മക 'ട്ടെ' സിദ്ധാന്തവും'*
*വാർത്തകൾ, അനുസ്മരണം*

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, CLT - 1.

# ഖുർആനിൽ നിന്ന്

ഈ ലോകത്തുവെച്ചു സത്യബോധ പ്രകാശം സിദ്ധിച്ച വിശ്വാസികളുടെ ആ ദിവ്യപ്രകാശം ന്യായവിസ്താര നാളിൽ അവരുടെ മുൻവശത്തും പ്രവഹിച്ചുകൊണ്ടിരിക്കുന്നതാണ്. ഹേ ഞങ്ങളുടെ നാഥാ! നീ ഞങ്ങളുടെ പ്രകാശം പരിപൂർണ്ണമാക്കിത്തരുകയും ഞങ്ങളെ നിന്റെ മഗ്ഫിറത്തിൽ അഥവാ സംരക്ഷണയിൽ സ്വീകരിക്കുകയും ചെയ്യേണമേ! നീ സർവ്വ വസ്തുക്കളുടേയും മേൽ ശക്തിയുള്ളവനല്ലോ എന്ന് അവർ പ്രാർത്ഥിച്ചുകൊണ്ടിരിക്കും.


***(വി: ഖുർആൻ 66:9)***

# നബിവചനം

ഒരു സത്യവിശ്വാസി അല്ലാഹുവിന്റെ ശിക്ഷയുടെ കഠിനത മനസ്സിലാക്കുകയാണെങ്കിൽ (ആ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നതല്ലാതെ) സ്വർഗ്ഗം പ്രാപിക്കുവാൻ അവൻ ആഗ്രഹിക്കുകയില്ല. ഒരവിശ്വാസി അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി അറിയുന്നുവെങ്കിൽ അവന്റെ സ്വർഗ്ഗത്തെ സംബന്ധിച്ച് അവൻ നിരാശപ്പെടുകയുമില്ല.

***(മുസ്ലിം)***

**യുഗശബ്ദം**



# പരലോകം ഐഹികജീവിതത്തിന്റെ പ്രതിഫലനം

## വാഗ്ദത്ത മസീഹ് (അ)

വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമനുസരിച്ചു സ്വർഗ്ഗവും നരകവും മനുഷ്യന്റെ ഐഹിക ജീവിതാവസ്ഥകളുടെ പ്രതിരൂപങ്ങളാകുന്നു. അവ പുറമേ നിന്നും വരുന്ന നവ്യമായ ജഢികലോകമല്ല. സ്വർഗ്ഗനരകങ്ങൾ ജഢരൂപത്തിൽ പ്രത്യക്ഷമാവുന്നവയാണെങ്കിലും അവ ഈ ജീവിതത്തിലെ ആത്മീയാവസ്ഥകളുടെ പ്രതിഛായകൾ മാത്രമാകുന്നു. സ്വർഗ്ഗം ഈ ലോകത്തിലുള്ളതുപോലെ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടുള്ള ജഢികമായ ലോകമാണെന്നോ നരകം ഗന്ധശിലകളോടും മറ്റും കൂടിയ ഭൗതികമായ കുടീരമാണെന്നോ ഞങ്ങൾ വിശ്വസിക്കുന്നില്ല. നേരെ മറിച്ച്, സ്വർഗ്ഗവും നരകവും ഇസ്ലാം മതം പഠിപ്പിക്കുന്ന പ്രകാരം മനുഷ്യന്റെ ഐഹിക ജീവിതത്തിലെ കർമ്മാവസ്ഥകളുടെ പ്രതിഫലനങ്ങളാകുന്നുവെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്.

***(ഇസ്ലാം മതതത്ത്വജ്ഞാനം)***

മുഖക്കുറിപ്പ്

# ഹദ്റത്ത് സാഹിബ് സാദാ മിർസാ വസിം അഹ്മദ്

അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് നാസിർ അഅ്ലാ ഹദ്റത്ത് സാഹിബ് സാദാ മിർസാ വസിം അഹ്മദ് (80) 2007 ഏപ്രിൽ 29 ഞായറാഴ്ച രാത്രി 9.20ന് അമൃത്സറിൽ വെച്ച് ദിവംഗതനായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ....

അഹ്മദികൾ ബഹുമാനപുരസ്സരം സ്നേഹവാത്സല്യത്തോടെ വിളിച്ചിരുന്ന മിയാൻ സാഹിബ് - ഖാദിയാന്റെ കിരീടം വെക്കാത്ത രാജകുമാരന്റെ പ്രകാശപൂരിതമായ ഉജ്ജ്വലവദനം ഇനി ഓർമ്മ മാത്രമായി. വാഗ്ദത്ത മഹ്ദിയുടെ പൗത്രനെന്ന ജന്മജാത വരലബ്ധി തന്നെ ആ മഹാത്മാവിനെ അഹ്മദികളുടെ കണ്ണിലുണ്ണിയാക്കി മാറ്റിയിരുന്നു. ഖാദിയാന്റെ പുരസ്കർത്താവായ അമീർ, ഭാരത ജമാഅത്തിന്റെ നാസിർ അഅ്ലാ തുടങ്ങി പരമോന്നത പദവികളുടെ തികവിൽ കുലീന വ്യക്തിത്വത്തോടെ ആ മഹാനുഭാവൻ സൂര്യസമാനം വിളങ്ങി നിന്നു. ശാന്തസുന്ദരവും ഗഹനഗംഭീരവുമായ ആ അനുപമ വ്യക്തിപ്രഭാവത്തിന്റെ മാസ്മരികതയിൽ ഖാദിയാനിലെ ജൽസാഗാഹുകൾ നിറഞ്ഞുനിന്നിരുന്നു. മിയാൻ സാഹിബ് എപ്പോഴും അഹ്മദികളുടെ ഒരാകർഷണകേന്ദ്രവും ആവേശവുമായിരുന്നു.

ഈസാ മസീഹിന്റെ ജറുസലേം പോലെ വാഗ്ദത്ത മസീഹിന്റെ ഖാദിയാനും രക്തപ്രളയങ്ങളുടെ നടുവിൽ പെട്ടുപോയ ചരിത്രസന്ദർഭങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. ദൗർഭാഗ്യകരമായ വിഭജനത്തിന്റെ നാളുകളിൽ കബന്ധങ്ങളും വിഛേദിക്കപ്പെട്ട മനുഷ്യാവയവങ്ങളും കൊണ്ട് വിഛിന്നമായ ഒരു ജനപഥത്തിന്റെ മദ്ധ്യേയായിരുന്നു ഖാദിയാൻ. ബിയാസ് നദിക്ക് സമാന്തരമായൊഴുകിയ വർഗ്ഗീയ രക്തപുഴയുടെ ഓരം ചേർന്ന് അലൗകികശാന്തിയുടെ നിശബ്ദമൂകതയിൽ മിനാറത്തുൽ മസീഹിൽ നിന്ന് ബാങ്കൊലികൾ പൊഴിച്ചുകൊണ്ട് അന്ന് ഖാദിയാൻ നിലകൊണ്ടു. ബലിദാനികളായി പ്രതിജ്ഞ ചെയ്ത ബദർ ശുഹദാക്കളെ അനുസ്മരിപ്പിക്കുന്ന 313 അഹ്മദി ദർവേശുകളായിരുന്നു ദൈവാനുഗ്രഹത്താൽ ഖാദിയാനെ കാത്തത്. ആ ഖാദിയാനെ ഇന്നത്തെ നിലയിൽ വളർത്തിയത് ഹദ്റത്ത് മിർസാ വസിം അഹ്മദ് സാഹിബ് ആയിരുന്നു. കഅ്ബാലയം പണിയാൻ അറേബ്യൻ മണലാരണ്യത്തിന്റെ ഭീകരവിജനതയിൽ തന്റെ പുത്രനെ ഉപേക്ഷിച്ചുപോയ ഖലീലുല്ലാഹി ഇബ്രാഹിമിനെ(അ) പോലെ ഖലീഫത്തുൽ മസീഹ് രണ്ടാമൻ വിഭജനാനന്തര ഭാരതത്തിലേക്ക് തന്റെ പുത്രനായ വസിം അഹ്മദിനെ അയക്കുകയായിരുന്നു. വിഭജനാനന്തരം ഛിന്നഭിന്നമായ ഭാരതത്തിലെ ജമാഅത്തുകളെ അദ്ദേഹത്തിന്റെ സുശക്തമായ നേതൃത്വത്തിനു കീഴിൽ പുനസ്സംഘടിപ്പിച്ചുകൊണ്ട് ഖിലാഫത്തുമായി വിളക്കിച്ചേർക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ആർദ്രതയുടേയും കനിവിന്റേയും ഹൃദയാനുതാപത്തിന്റേയും ആൾരൂപമായിരുന്ന മിയാൻ സാഹിബ് ശക്തനും പ്രഗത്ഭനുമായ ഒരു ഭരണാധികാരി കൂടിയായിരുന്നു. ഭാരതത്തിന്റെ വടക്കെ അറ്റത്തുള്ള പഞ്ചാബിന്റെ പുത്രനായിരുന്ന മിയാൻ സാഹിബിന് തെക്കെ അറ്റത്ത് കുടികൊള്ളുന്ന കേരളവുമായുള്ള ആത്മബന്ധം നിസ്തുലമായിരുന്നു. കേരളത്തിലെ ഓരോ ജമാഅത്ത് പ്രവർത്തകനും മിയാൻ സാഹിബുമായി ഒരാത്മബന്ധം സൂക്ഷിച്ചിരുന്നു. അസാമാന്യമായ അദ്ദേഹത്തിന്റെ ഓർമ്മശക്തി ആ ബന്ധങ്ങളെ എപ്പോഴും സജീവമാക്കി നിലനിർത്തി. പ്രകൃതി സ്നേഹി കൂടിയായിരുന്ന മിയാൻ സാഹിബിന്റെ ഹൃദയം ചേതോഹാരിയായ കേരളം കവർന്നിരുന്നു. അവസാനമായി കഴിഞ്ഞ ഏപ്രിൽ 9ന് കോഴിക്കോട്ടെ അൽ ഖുർആൻ എക്സിബിഷൻ ഉദ്ഘാടനം ചെയ്യാൻ വരുമെന്ന് പറഞ്ഞ മിയാൻ സാഹിബ് തന്റെ പത്നിയുടെ അസുഖം കാരണം പരിപാടി റദ്ദാക്കുകയാണ് ചെയ്തത്. അല്ലാഹുവിന്റെ വിളി ആ പരിശുദ്ധ ജീവിതത്തിന് വിരാമമിട്ടിരിക്കുകയാണ്. ദിവ്യദൗത്യങ്ങളുള്ള ഒരു പരിശുദ്ധ ജമാഅത്തിന്റെ ജന്മഗേഹമടങ്ങുന്ന ഒരു മഹാരാജ്യത്തിലെ സത്യജമാഅത്തിനെ നയിച്ച ഹദ്റത്ത് സാഹിബ് സാദാ മിർസാ വസിം അഹ്മദ് സാഹിബിന്റെ പാവനസ്മരണക്ക് മുമ്പിൽ സത്യദൂതന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ആ മഹാത്മാവിന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. (ആമീൻ) ●

ലേഖനം

# ഖുർആൻ - സുന്നത്ത് - ഹദീസ്

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**അഹ്ലെ ഖുർആൻ പക്ഷക്കാരനും അഹ്ലെ ഹദീസ് പക്ഷക്കാരനുമായ രണ്ട് മൗലവിമാരുടെ വിവാദം 'ഹഖമൻ അദലൻ' ആയ വാഗ്ദത്ത മസീഹ്(അ) നിരൂപണം ചെയ്യുന്നു.**

ഇരുവിഭാഗത്തിന്റെയും ലിഖിതങ്ങളിൽ നിന്നു മനസ്സിലാകുന്നത്, മേൽ വിഷയത്തിൽ വിവാദം നടത്താനുള്ള കാരണം മൌലവി അബ്ദുല്ലാഹ് സാഹിബ് ഹദീസുകളെ കേവലം നിരാകരിക്കപ്പെട്ട നിലയിൽ കരുതുകയും, എടുത്തു പറയുന്നതുപോലും മര്യാദയില്ലായ്മയായി കരുതപ്പെടാവുന്ന വാക്കുകൾ ഹദീസുകളെപ്പറ്റി പറയുകയും ചെയ്യുന്നു എന്നതാണ്. ഹദീസുകൾ അപ്രകാരം തിരസ്കാര്യങ്ങളും നിസ്സാരങ്ങളും ആണെങ്കിൽ ആരാധനകളുടെയും 'ഫിഖ്ഹ് മസ്അല'കളുടെയും (കർമ്മശാസ്ത്രങ്ങൾ) ഭൂരിഭാഗവും 'ബാതിൽ' അഥവാ അയഥാർത്ഥങ്ങളാത്തീരുന്നതാണ് എന്ന ന്യായവാദമാണ് ഇതിന്നെതിരിൽ മൌലവി മുഹമ്മദ് ഹുസൈൻ സാഹിബ് ഉന്നയിക്കുന്നത്. എന്തെന്നാൽ, ഖുർആനിക കൽപനകളുടെ വിശദീകരണങ്ങൾ ഹദീസുകളിൽ നിന്നാണ് നമുക്ക് ലഭ്യമാകുന്നത്. 'സുബഹി'ന്റെ ഫർസ് നമസ്ക്കാരം രണ്ടു 'റകഅത്തും' 'മഗ്രിബ്' നമസ്ക്കാരം മൂന്നു റകഅത്തും ബാക്കി നമസ്ക്കാരങ്ങൾ നന്നാലു റകഅത്ത് വീതവും ആണെന്നതിലേയ്ക്ക് ഖുർആനിൽ നിന്നു എന്തു തെളിവാണ് ലഭിക്കുക? ഈ ആക്ഷേപം ശക്തിമത്തായ രീതിയിൽ - എന്നാലും, അതിൽ ഒരു തെറ്റ് അടങ്ങിയിരിക്കുന്നുണ്ട് - അദ്ദേഹം ഉന്നയിച്ചിരിക്കുന്നു. ഈ ആക്ഷേപത്തിന്നു അതുകൊണ്ടുതന്നെയാവണം, മൌലവി അബ്ദുല്ലാഹ് സാഹിബ് ന്യായമായ ഒരു മറുപടിയും നൽകിയിട്ടില്ല. പ്രസ്താവാർഹമായ ചപ്പടാച്ചികൾ ആണ് അദ്ദേഹം പറഞ്ഞൊപ്പിച്ചത്. അതെ, പ്രസ്തുത വിമർശനങ്ങളുടെ ഫലമായി, അബ്ദുല്ലാഹ് സാഹിബിനു ഒരു പുതിയ നമസ്കാരമുറ സൃഷ്ടിച്ചെടുക്കേണ്ടിവന്നു എന്നതാണ് ഒടുവിൽ സംഭവിച്ചത്. അതിന്റെ ഉദാഹരണമാകട്ടെ, ഇസ്ലാമിലെ വിഭിന്നകക്ഷികളിലൊന്നിലും കാണപ്പെടാത്തതാണ് താ നും. അദ്ദേഹം 'അത്തഹിയ്യാ'ത്തും തിരുനബിയുടെ മേലുള്ള സ്വലാത്തും നമസ്കാരത്തിൽ ചൊല്ലുന്ന മറ്റെല്ലാ 'ദുആകളും' എടുത്തു നീക്കുകയും അതിനുപകരം ഖുർആനിലെ ആയത്തുകൾ മാത്രം മതിയെന്നു വെക്കുകയും ചെയ്തു. അപ്രകാരം തന്നെ നമസ്കാരത്തിൽ പലതും മാറ്റിമറിച്ചു. അതെല്ലാം ഇവിടെ വിവരിക്കേണ്ട കാര്യമില്ല. ഹജ്ജ്, സകാത്ത് തുടങ്ങിയ കാര്യങ്ങളിലും പലതും മാറ്റിയിട്ടുണ്ടാകാം. എന്നാൽ, മൌലവി അബ്ദുല്ലാഹ് സാഹിബ് കരുതുന്നതുപോലെ ഹദീസുകൾ അപ്രകാരം നിരാകരിക്കപ്പെടേണ്ടവയും നിസ്സാരങ്ങളും ആണോ? (മആദല്ലാഹ്!) ഒരിക്കലുമല്ല!

വാസ്തവമെന്തെന്നാൽ, ഈ രണ്ടു വിഭാഗങ്ങളിൽ ഒരു വിഭാഗം പ്രശ്നത്തിന്റെ അത്യഗ്രത്തിലാണെങ്കിൽ മറ്റേ വിഭാഗം പ്രത്യഗ്രത്തിലാണ്, തിരുനബി(സ)യുടെ ഹദീസുകൾ (മർഫൂഅ് മുത്തസില) തിരസ്കാര്യങ്ങളും നിസ്സാരങ്ങളും ആയി കരുതപ്പെടാവുന്നവയല്ലെന്നു മൌലവി മുഹമ്മദ് ഹുസൈൻ സാഹിബ് പറയുന്നതു സത്യമാണെങ്കിലും അദ്ദേഹം സ്ഥാനഭദ്രത പാലിക്കേണ്ട നിയമ ത്തെ അവഗണിച്ചുകൊണ്ടു ഹദീസുകളുടെ സ്ഥാനം വിശുദ്ധ ഖുർആനെ തരംതാഴ്ത്തുമാറ് അതിനെക്കാൾ ഉപരിയായി കരുതുകയും അതിനെ നിഷേധിക്കാൻ കാരണമാക്കുകയും ചെയ്യുന്നു. ഇതു ദൈവികഗ്രന്ഥത്തിന്റെ നിരാകരണവും നിസ്സാരവൽക്കരണവും ആയിരിക്കുന്നു എന്ന കാര്യം അദ്ദേഹം ഗൗനിക്കുന്നതേയില്ല. ഹദീസുകളിലെ കഥകൾക്ക്, ഖുർആനിൽ വിവരിക്കപ്പെട്ട കഥകൾക്കുമേൽ എല്ലാ പ്രകാരത്തിലും ഉന്നതസ്ഥാനം നൽകുന്നു. ഇതു വ്യക്തമായ തെറ്റും നീതിതത്വങ്ങളെ മറികടക്കലും ആകുന്നു. അല്ലാഹു വിശുദ്ധഖുർആനിൽ ഇപ്രകാരം പറയുന്നു:

*"അല്ലാഹുവിന്നും അവന്റെ ആയത്തുകൾക്കും പുറമെ ഏതു ഹദീസിലാണ് നിങ്ങൾ വിശ്വസിക്കുക?" (45:7)*

ഇവിടെ ഹദീസ് എന്ന പദത്തിന്റെ നിഷേധം പൊതുവായ പ്രയോജനമായി പറയുന്നതു വ്യക്തമായി മനസ്സിലാക്കിത്തരുന്നതെന്തെന്നാൽ, ഖുർ

ആന്നു വിപരീതമായും നിരക്കാത്തതായും കാണപ്പെടുന്നതും മറ്റേതെങ്കിലും തരത്തിൽ പൊരുത്തപ്പെടുത്താനാവാത്തതുമായ ഹദീസുകൾ തള്ളിക്കളയണം എന്നാണ്. ഈ ഹദീസിൽ ഖണ്ഡിതമായ ഒരു സൂചന എന്ന നിലയിൽ പ്രസ്തുത ആയത്തിന്റെ വ്യാഖ്യാനമായി ഒരു പ്രവചനം കൂടി അടങ്ങിയിരിക്കുന്നു. പ്രസ്തുത മഹനീയ വചനത്തിൽ, ഈ ഉമ്മത്തിൽ ഒരു കാലം വരുമെന്നും അക്കാലത്ത് ഈ ഉമ്മത്തിൽപ്പെട്ട ചില ആളുകൾ വിശുദ്ധ ഖുർആനെ കൈവെടിഞ്ഞു, ഖുർആനിൽ നൽകപ്പെട്ട വിവരണങ്ങൾക്ക് വിരുദ്ധമായിട്ടുള്ളതും എതിരായിട്ടുള്ളതുമായ ഹദീസുകളെ പിൻപറ്റി പ്രവർത്തിക്കുന്നതാണെ ന്നും ആണ് സൂചിപ്പിക്കപ്പെട്ടിട്ടുള്ളത്. ചുരുക്കത്തിൽ, ഈ അഹ്ല്ൽഹദീസ് ഫിർഖ പ്രശ്നത്തിന്റെ അത്യഗ്രത്തിൽ ആണ് ചവിട്ടി നിൽക്കുന്നത്. ഖുർആനിക സാക്ഷ്യത്തിനുമേൽ ഹദീസുകളിലെ വിവരണത്തിന് അവർ പ്രാമുഖ്യം കൽപിക്കുന്നു. അവർ നീതിനിഷ്ഠമായും ദൈവഭയത്തോടു കൂടിയും ആണ് പ്രവർത്തിക്കുന്നതെങ്കിൽ, ഹദീസുകളെ ഖുർആൻ വാക്യങ്ങളുമായി പൊരുത്തപ്പെടുത്താൻ അവർക്ക് കഴിയുമായിരുന്നു. എന്നാൽ അവർ ദൈവത്തിന്റെ ഖണ്ഡിതവും ദൃഢവിശ്വാസവുമായ വചനങ്ങളെ തള്ളപ്പെട്ടവയും ഉപേക്ഷിക്കപ്പെട്ടവയും ആയി കരുതുകയും ദൈവിക ഗ്രന്ഥത്തിന്നെതിരായുള്ള വിവരണങ്ങളടങ്ങിയ ഹദീസുകളെ ഉപേക്ഷിക്കുകയോ അതിനെ ഖുർആനുമായി പൊരുത്തപ്പെടുത്തുകയോ ചെയ്യാൻ തയ്യാറാകാതിരിക്കുകയാണ്. ചുരുക്കത്തിൽ, ഇതാണ് മൌലവി മുഹമ്മദ് ഹുസൈൻ സ്വീകരിച്ച മാർഗ്ഗം.

ഇതിന്നെതിരിൽ മൌലവി അബ്ദുല്ലാഹ് സാഹിബ് സ്വീകരിച്ചതാകട്ടെ, പ്രത്യഗ്രത്തിലുള്ള വിശ്വാസമാണ്. തുടക്കത്തിൽ തന്നെ ഹദീസുകളെ അപ്പടി നിരാകരിച്ചുകളഞ്ഞു. ഹദീസുകളുടെ നിഷേധം ഒരു പ്രകാരത്തിൽ വിശുദ്ധ ഖുർആന്റെയും നിഷേധമാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു :

*"പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ അനുസരിക്കുവിൻ; അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്" (3:32).*

അല്ലാഹുവിനോടുള്ള സ്നേഹം തിരുനബിയോടുള്ള പിൻതുടർച്ചയായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ തിരുമേനിയുടെ കർമ്മമാതൃക അന്വേഷിച്ചറിയുന്നതിനുള്ള ഒരു മാർഗ്ഗമാണ്, ഹദീസുകൾ. ആ ഹദീസുകളെ ഉപേക്ഷിക്കുന്നവൻ ആ അനുസരണ മാർഗ്ഗത്തെയും ഉപേക്ഷിക്കുന്നു. സകല ഹദീസുകളും കേവലം സംശയങ്ങളുടെയും ഊഹങ്ങളുടെയും ശേഖരമാണ് എന്നുള്ള മൌലവി അബ്ദുല്ലാഹ് സാഹിബിന്റെ പ്രസ്താവന അദ്ദേഹത്തിന്റെ ചിന്താവൈകൃതത്തിന്റെ ഫലം മാത്രമാണ്. ഈ ചിന്താഗതിയുടെ അടിവേര് മുഹദ്ദിസീങ്ങളുടെ തെറ്റായതും അപൂർണ്ണവുമായ തരംതിരിവാകുന്നു. ഇതുമൂലം നിരവധിപേർ വഞ്ചിതരായിട്ടുണ്ട്. അവർ തരംതിരിച്ചതു ഇപ്രകാരമാണ്: നമ്മുടെ കയ്യിൽ ഉള്ളതു ഒന്നു ഒരു ദൈവിക ഗ്രന്ഥം. മറ്റൊന്നു ഹദീസും. ഹദീസ് ദൈവികഗ്രന്ഥത്തിന്റെമേൽ വിധികർത്താവാകുന്നു. ഹദീസുകൾ ഒരു ഖാസിയെപ്പോലെ നീതിപീഠത്തിൽ ഉപവിഷ്ടമായിരിക്കുന്നു! ഖുർആൻ അതിന്റെ മുമ്പിൽ ഹദീസുകളുടെ വിധികൾക്ക് വഴങ്ങിയ നിലയിൽ ഒരു പരാതിക്കാരന്റെ മട്ടിൽ വിനയനമ്രനായി നിൽക്കുന്നു! ഇപ്രകാരമുള്ള നിലപാടിൽ എല്ലാവർക്കും തെറ്റിദ്ധാരണ ഉണ്ടാവുകതന്നെ ചെയ്യും. ഹദീസുകൾ തിരുനബിയുടെ ചരമത്തിന് നൂറോ നൂറ്റമ്പതോ കൊല്ലങ്ങൾക്ക് ശേഷം ഒരുമിച്ചു കൂട്ടീട്ടുള്ളതത്രെ. അതു മനുഷ്യന്റെ കയ്യേറ്റത്തിൽ നിന്നു മുക്തമല്ല. അതിനുപുറമെ, അതു അനേകം എണ്ണങ്ങളുള്ളതും ഊഹങ്ങളുടെ അടിസ്ഥാനത്തിലുള്ളതുമാകുന്നു. അവയിൽ ചിലതാകട്ടെ പാരമ്പര്യഭദ്രത ഉറപ്പുവരുത്തീട്ടുള്ളതുമാണ് അതുതന്നെയാണ്, ഖുർആന്നുമേൽ വിധികർത്താവായിട്ടുള്ളതും എന്നുവരുമ്പോൾ ഇസ്ലാംമതം മുഴുവനും ഊഹങ്ങളുടെ കൂമ്പാരം ആണെന്നു പറയേണ്ടിവരും. ഊഹങ്ങൾ കൊണ്ടെന്തു കാര്യം? ഊഹം കൊണ്ടു മാത്രം കഴിഞ്ഞുകൂടുന്നവർ സത്യത്തിന്റെ ഉന്നതശ്രേണിയിൽ നിന്നു നിലംപതിക്കുമാറാകുന്നു. അല്ലാഹു പറയുന്നു :

"വെറും ഊഹം സത്യത്തിന്നു (ഹക്ഖുൽ യഖീൻ) എതിരിൽ ഒന്നുമല്ല" (10:37).

ചുരുക്കത്തിൽ, വിശുദ്ധ ഖുർആൻ ഇപ്രകാരം കൈ വിട്ടുപോയി. അതു ഖാസിയില്ലാത്ത ഫത്വകളെപ്പോലെ ചെയ്യാൻ ബാദ്ധ്യസ്ഥമായ ഒന്നല്ലാതായിത്തീർന്നു. നിരാകരിക്കപ്പെട്ടതും പിൻപുറം തള്ളപ്പട്ടതും ആയിത്തീർന്നു. എന്നാൽ, ഖാസിയായിരിക്കുന്ന ഹദീസ്, ഊഹങ്ങളുടെ മ്ലേച്ഛവും വൃത്തിഹീനവുമായ വസ്ത്രം, ഒരലങ്കാരമെന്നോണം സൂക്ഷിക്കപ്പെടുന്നു. അതാകട്ടെ കളവിന്റെ അംശത്തിൽ നിന്നുമുക്തമായിരിക്കുന്നില്ലതാനും. എന്തെന്നാൽ, 'സന്ന്' അഥവാ, ഊഹം ചതിയുടെ ഭീഷണിയിൽ നിന്നു അതീതമായിരിക്കുന്നില്ല. ചുരുക്കത്തിൽ, ഈ നിലയിൽ ഖുർആൻ നമ്മുടെ കയ്യിലില്ലാതെയും ഹദീസ് ആശ്രയം കൊള്ളാൻ തരപ്പെടാതെയും ആയിത്തീർന്നു. രണ്ടും കയ്യിൽ നിന്നു നഷ്ടപ്പെട്ട നിലയിലായി. ഈ തെറ്റ് അധികം ആളുകളെയും ഇപ്രകാരം നാശത്തിലാഴ്ത്തിയിരിക്കുന്നു.

'സിറാത്തൽ മുസ്തഖീം' എന്താണെന്നു വിവരിക്കുന്നതിന്നാണ് ഞാൻ ഈ വിഷയം എഴുതിത്തുടങ്ങിയത്. മുസ്ലിംകളുടെ കയ്യിൽ ഇസ്ലാമികമായ മാർഗ്ഗദർശനത്തിനുള്ള മൂന്നു കാര്യങ്ങളാണുള്ളത്. **1.** ഖുർആൻ ശരീഫ്. അതു അല്ലാഹുവിന്റെ കിതാബാണ്. അതിലുപരിയായി നമ്മുടെ കയ്യിൽ ഖണ്ഡിതവും ദൃഢവിശ്വാസ്യവുമായ മറ്റൊരു വചനവും ഇല്ല. അതു ദൈവത്തിന്റെ വചനമാകുന്നു. അതു സംശയത്തിന്റെയും ഊഹങ്ങളുടെയും മാലിന്യങ്ങളിൽ നിന്നു ശുദ്ധമത്രെ. **2.** രണ്ടാമത്തേത്, സുന്നത്ത്. ഇവിടെ നാം അഹ്ലെ ഹദീസുകാരുടെ സാങ്കേതികാർത്ഥത്തിൽ നിന്നു മാറിനിന്നുകൊ

ണ്ടാണ് സംസാരിക്കുന്നത്. അതായത്, ഞങ്ങൾ ഹദീസിനെയും സുന്നത്തിനെയും ഒന്നായിക്കാണുന്നില്ല. അതാണല്ലോ ആചാരമുഹദ്ദിസീങ്ങളുടെ രീതി. എന്നാൽ നമ്മുടെ പക്കൽ ഹദീസ് വേറെ തന്നയാണ്, സുന്നത്ത് വേറെയും. സുന്നത്ത് എന്നുവെച്ചാൽ 'തവാതുർ' അഥവാ അവിച്ഛിന്നപാരമ്പര്യമുള്ള തിരുനബിയുടെ മാതൃകാചര്യ. അതു തുടക്കത്തിൽ തന്നെ ഖുർആനോടു ഒപ്പത്തിനൊപ്പം വെളിപ്പെട്ടിട്ടുള്ളതുമത്രെ: അതെപ്പോഴും ഒന്നിച്ചു തന്നെ ഉണ്ടാവുകയും ചെയ്യും. പ്രകാരാന്തരേണ പറഞ്ഞാ ൽ, വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ വാക്കുകളും സുന്നത്ത് റസൂൽ കരീം (സ) തിരുമേനിയുടെ തിരുചര്യയും. ആദിയിലേ അല്ലാഹുവിന്റെ സുന്നത്ത് ഇതത്രെ: അമ്പിയാക്കന്മാർ, പ്രവാചകന്മാർ അല്ലാഹുവിന്റെ വാക്കുകൾ ലോകത്തിന്റെ സന്മാർഗ്ഗദർശനത്തിനുവേണ്ടി കൊണ്ടുവരുകയും തങ്ങളുടെ കർമ്മപരമായ ചര്യകളിലൂടെ എന്നുവെച്ചാൽ പ്രവൃത്തിപരമായി, ആ പ്രോക്തങ്ങളുടെ വ്യാഖ്യാനങ്ങൾ നൽകുകയും ചെയ്യുന്നു. ദൈവവാക്യങ്ങളുടെ അർത്ഥം മനസ്സിലാക്കുന്നതിൽ ജനങ്ങൾക്ക് സന്ദേഹമില്ലാതിരിക്കാൻ വേണ്ടി. ആ ദൈവവചനങ്ങളനുസരിച്ചു അവിടുന്നു പ്രവർത്തിച്ചു കാണിക്കുന്നതോടൊപ്പം മറ്റുള്ളവരെ അതനുസരിച്ച് പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. മാർഗ്ഗദർശനത്തിനുള്ള മൂന്നാമത്തെ കാര്യം ഹദീസ് ആണ്. ഹദീസ് എന്നതു ഞങ്ങളുടെ പക്കൽ, തിരുനബിയുടെ ചരമത്തിന്നു ഒന്നര നൂറ്റാണ്ടു ശേഷം വിവിധ നിവേദകർ മുഖേന കഥാരൂപത്തിൽ ഒരുമിച്ചുകൂട്ടപ്പെട്ട അടയാളങ്ങളത്രെ.

ചുരുക്കത്തിൽ, സുന്നത്തും ഹദീസും തമ്മിലുള്ള വ്യത്യാസം സുന്നത്ത് തിരുനബി (സ) തന്റെ കൈക്ക് നടപ്പാക്കീട്ടുള്ളതും അവിച്ഛിന്നമായ പാരമ്പര്യത്തിലൂടെ തലമുറ തലമുറയായി തുടർന്നുവന്നിട്ടുള്ളതുമായ തിരുചര്യയാകുന്നു. അതു ദൃഢവിശ്വാസ്യതയിൽ ഖുർആനെ കഴിഞ്ഞാൽ രണ്ടാം സ്ഥാനത്തെ പദവിയിലുള്ളതത്രെ. എപ്രകാരം ഖുർആന്റെ പ്രചാരണത്തിന്നുവേണ്ടി നബിതിരുമേനി (സ) നിയുക്തനായിരുന്നുവോ അതുപോലെ തന്നെ സുന്നത്തിന്റെ സ്ഥാപനത്തിന്നു (ഇഖാമത്ത്) വേണ്ടിയും നിയുക്തനായിരുന്നു. വിശുദ്ധ ഖുർആൻ ദൃഢവിശ്വാസ്യമായിരിക്കുന്നതുപോലെ മുതവാതിർ ആയി അറിയപ്പെടുന്ന സുന്നത്തും ദൃഢവിശ്വാസ്യമത്രെ. ഈ രണ്ടു സേവനങ്ങളും തിരുനബി (സ) പൂർത്തീകരിക്കുകയും രണ്ടും തന്നെ തനിയ്ക്ക് നിർബന്ധമാക്കുകയും ചെയ്തു. ഉദാഹരണമായി, നമസ്ക്കാരത്തിന്റെ കല്പന ഉണ്ടായപ്പോൾ, തിരുമേനി (സ) ഈ കല്പനയെ തന്റെ ചര്യയിലൂടെ തുറന്നുകാണിച്ചു അവയ്ക്ക് പ്രകടനപരമായ രൂപം നൽകി വെളിപ്പെടുത്തുകയും ചെയ്തു. ഫജ്റ് നമസ്കാരത്തിന്നു ഇത്ര 'റകഅത്ത്' ആണെന്നും മഗ്രിബിന്ന് ഇത്ര റകഅത്ത് ആണെന്നും വ്യക്തമാക്കിക്കാണിച്ചു. ഇപ്രകാരം തന്നെ ഹജ്ജും ചെയ്തു കാണിച്ചു. പിന്നെ തന്റെ കൈകൊണ്ടുതന്നെ ആയിരക്കണക്കായ സഹാബാക്കളെ ആ കർമ്മങ്ങളിൽ വ്യാപൃതരാക്കിക്കൊണ്ടു ആ അനുവർത്തനപ്രസ്ഥാനത്തെ ശക്തമായ തരത്തിൽ ഉറപ്പിക്കുകയും ചെയ്തു.

ചുരുക്കത്തിൽ, ഇതേവരെ അനുകരണ രൂപത്തിൽ സാക്ഷീകരിക്കപ്പെടുകയും അനുഭവപ്പെടുകയും ചെയ്തിട്ടുള്ള പ്രവൃത്തി മാതൃകയുടെ പേരാണ് 'സുന്നത്ത്' എന്നത്. എന്നാൽ, ഹദീസ് തിരുനബി(സ) തന്റെ മുമ്പിൽ വച്ചു എഴുതിച്ചതല്ല. അതു സമാഹരിക്കുന്നതിന് യാതൊരു ഏർപ്പാടും അവിടുന്നു ചെയ്തിട്ടുമില്ല. ഏതാനും ഹദീസുകൾ ഹദ്റത്ത് അബൂബക്കർ (റ) ശേഖരിച്ചിരുന്നു. എങ്കിലും പിന്നീട് ഭയഭക്തിയുമായി ബന്ധപ്പെട്ട ആലോചനകൾ കാരണം തന്നെ, അതെല്ലാം താൻ നേരിട്ടു കേട്ടതല്ലല്ലോ എന്നു പറഞ്ഞു അദ്ദേഹം കത്തിച്ചു കളയുകയാണുണ്ടായത്. എന്താണ് യാഥാർത്ഥ്യം എന്നത് അല്ലാഹുവിന്നു മാത്രമറിയാം. സഹാബാക്കളുടെ ആ കാലഘട്ടം കഴിഞ്ഞപ്പോൾ ചില 'തബഉത്താബിയീ'ങ്ങളുടെ ചിന്താഗതിയെ അല്ലാഹു ആ ഹദീസ് ഒരുമിച്ചുകൂട്ടുന്നതിലേ യ്ക്ക് തിരിച്ചുവിടുമാറാക്കി. അങ്ങനെ അതു ശേഖരിക്കപ്പെട്ടു. ഹദീസുകളെ ഒരുമിച്ചുകൂട്ടിയവരിൽ ഭൂരിപക്ഷവും വളരെ ഭയഭക്തിയുള്ളവരും സൂക്ഷ്മതക്കാരും തന്നെയായിരുന്നു. തങ്ങൾ ക്കു സാധിക്കുന്നതിന്റെ പരമാവധി അവർ ഹദീസുകളെ സത്യാസത്യവിവേചനം ചെയ്തു. തങ്ങളുടെ ദൃഷ്ടിയിൽ തർക്കത്തിലുള്ള ഹദീസുകളിൽ നിന്നു രക്ഷപ്പെടുവാൻ അവർ ആഗ്രഹിച്ചു. സംശയിക്കപ്പെടാവുന്ന ഒരു നിവേദകന്റെയും ഹദീസുകൾ സ്വീകരിച്ചില്ല. വളരെയേറെ അവർ അദ്ധ്വാനിച്ചു. ഈ എല്ലാ പ്രവർത്തനങ്ങളും കാലമേറെ കഴിഞ്ഞുള്ളതായിരുന്നു. അവയെല്ലാം ഊഹങ്ങളുടെ സ്ഥാനത്ത് നിലകൊണ്ടു. അങ്ങനെയാണെന്നിരിക്കിലും, ആ എല്ലാ ഹദീസുകളും നിസ്സാരങ്ങളോ, കൊള്ളരുതാത്തവയോ നിഷ്പ്രയോജനങ്ങളോ കപടങ്ങളോ ആണെന്ന് പറയുന്നതു കടുത്ത അനീതിയായിരിക്കും. മറിച്ചു, ആ ഹദീസുകൾ രേഖപ്പെടുത്തുന്നതിന് മറ്റു മതങ്ങളിലൊന്നും കാണപ്പെട്ടിട്ടില്ലാത്ത തരത്തിലുള്ള സൂക്ഷ്മത കാണിക്കപ്പെടുകയും ഗവേഷണവും വിവേചനവും അവലംബിക്കുകയും ചെയ്തിരുന്നു. യഹൂദികൾക്കും ഹദീസുകൾ ഉണ്ടായിരുന്നു. മസീഹിന്നെതിരിൽ നിന്നതും ഇതേ യഹൂദി കക്ഷി തന്നെയായിരുന്നു. ഇവരാണ് പരീഷികൾ എന്ന പേരിൽ അറിയപ്പെടുന്നത്. യഹൂദികളാവട്ടെ, ഈ മുഹദ്ദിസീങ്ങൾ ചെയ്തതുപോലെ സൂക്ഷ്മത പാലിച്ചുകൊണ്ടാണ് ആ ഹദീസുകൾ ഒരുമിച്ചുകൂട്ടിയിരുന്നതെന്നു സ്ഥാപിക്കപ്പെട്ടിട്ടില്ല. ഹദീസുകൾ ശേഖരിക്കപ്പെടാത്തേടത്തോളം കാലം ജനങ്ങൾ നമസ്കാരങ്ങളിലെ റകഅത്തുകളുടെ എണ്ണങ്ങളെപ്പറ്റി വിവരമില്ലാത്തവരായിരുന്നുവെന്നോ അവർക്ക് അതറിഞ്ഞുകൂടായിരുന്നു എന്നോ കരുതുന്നതു ശരിയായിരിക്കയില്ല. എന്തുകൊണ്ടെന്നാൽ, സുന്നത്തിന്റെ രൂപത്തിലുള്ള ആ അനുകരണപാരമ്പര്യം അവരിൽ

സ്ഥിരപ്പെട്ടുകഴിഞ്ഞിരുന്നു. ഇസ്‌ലാമിന്റെ എല്ലാ അതിരടയാളങ്ങളും ഇസ്‌ലാമികനിർബ്ബന്ധകർമ്മങ്ങളും അവർക്ക് പഠിപ്പിച്ചുകൊടുക്കപ്പെട്ടിരുന്നു. അതുകൊണ്ടു ഏറെ കാലത്തിനുശേഷം സ്വരൂപിക്കപ്പെട്ട ഹദീസുകളൊന്നും ലോകത്ത് ഇല്ലാതെ പോയെന്നു വന്നാലും ഇസ്‌ലാമിന്റെ അസ്സൽ പാഠങ്ങൾക്ക് ഒരു കുഴപ്പവും ഉണ്ടാകുമായിരുന്നില്ല എന്നതു ഒരു സത്യം മാത്രമാണ്. എന്തുകൊണ്ടെന്നാൽ, ഖുർആനും അനുകരണ പാരമ്പര്യവും ആ ആവശ്യങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടായിരുന്നു. എന്നാലും, ഹദീസുകൾ ആ പ്രകാശത്തെ വർദ്ധമാനമക്കി. അങ്ങനെ ഇസ്‌ലാം 'നൂറുൻ അലാനൂരിൻ' (പ്രകാശത്തിനു മേൽ പ്രകാശം) ആയിത്തീർന്നു. ഹദീസുകൾ ഖുർആനിന്റെയും സുന്നത്തിന്റെയും സാക്ഷികളെന്നോണം വിലസി നിന്നു. ഇസ്‌ലാമിൽ പിന്നീട് രൂപമെടുത്ത നിരവധി കക്ഷികളിൽ സത്യാഭിമുഖ്യമുള്ള കക്ഷികൾക്ക് ശരിയായ ഹദീസുകൾ കൊണ്ടു ഏറെ പ്രയോജനം സിദ്ധിക്കുകയുണ്ടായി. ഇതുതന്നെയാണ് ഇസ്‌ലാം മതം. അല്ലാതെ, ഖുർആനു മേൽ ഹദീസുകൾക്കാണ് പ്രാമുഖ്യം എന്നു ഇക്കാലത്തെ 'അഹ്‌ൽ ഹദീസു'കാരെപ്പോലെ വിശ്വാസം പുലർത്തുകയല്ല. അവരുടെ കഥകൾ ഖുർആന്റെ വിവരണങ്ങൾക്ക് എതിരായി കാണപ്പെടുമ്പോൾ, ഹദീസുകളിലെ കഥകൾക്ക് ഖുർആനു ഉപരിയായ സ്ഥാനം കല്പിച്ചുകൊണ്ട് ഖുർആനെ ഉപേക്ഷിച്ച നിലയിൽ തള്ളിക്കളയാൻ പാടുള്ളതല്ല. മൗലവി അബ്ദുല്ലാഹ് സാഹിബ് ചക്ടാലവിയുടെ വിശ്വാസസിദ്ധാന്തപ്രകാരം, ഹദീസുകളെ നിസ്സാരങ്ങളും അയഥാർത്ഥങ്ങളുമാക്കി തള്ളുകയും അല്ല, മറിച്ചു, ഖുർആനെയും സുന്നത്തിനെയും ഹദീസുകളുടെമേൽ വിധികർത്താവായിട്ടാണ് കരുതേണ്ടത്. ഖുർആന്നും സുന്നത്തിന്നും എതിരല്ലാത്ത ഹദീസുകളെ പൂർണ്ണമായും സ്വീകരിക്കേണ്ടതാണ്. ഇതുതന്നെയാണ് 'സിറാത്തെ മുസ്തഖീം.' ഇതു പിന്തുടരുന്നവർ അനുഗൃഹീതരായിരിക്കും. ഈ രീതിയല്ലാതെ, ഹദീസുകളെ നിഷേധിക്കുന്ന ഒരാൾ അങ്ങേയറ്റം നിർഭാഗ്യവാനും അവിവേകിയും ആകുന്നു.

ഏതെങ്കിലും ഹദീസ് ഖുർആന്നും സുന്നത്തിനും എതിരും അവയ്ക്ക് നിരക്കാത്തതും അല്ലാത്തപക്ഷം അതു എത്ര തന്നെ ദുർബ്ബലമായ ഹദീസ് ആയാലും അതനുസരിച്ചു പ്രവർത്തിച്ചുകൊള്ളേണ്ടതു നമ്മുടെ ജമാഅത്തിൽ ഒരു കടമയായിരിക്കേണ്ടതാണ്. മനുഷ്യനിർമിതമായ 'ഫിഖ്ഹ്' നിയമങ്ങളുടെ മേൽ അവയ്ക്ക് പ്രാമുഖ്യം നൽകപ്പെടണം. ഹദീസുകളിൽ ഏതെങ്കിലും വിഷയം കാണുന്നില്ലെങ്കിൽ 'സുന്ന'ത്തിലും ഖുർആനിലും ലഭ്യമാകാതെവരുന്നപക്ഷം അങ്ങനെയുള്ള ഘട്ടത്തിൽ ഹനഫീ ഫിഖ്ഹിനെ അനുവർത്തിച്ചുകൊള്ളേണ്ടതാണ്. എന്തുകൊണ്ടെന്നാൽ, ഈ ഫിർഖയിൽ അധികംപേരും ദൈവേച്ഛയിൽ ആണ് അധികമായും ആശ്രയും തേടുന്നതു. ഇപ്പോഴത്തെ ചില മാറ്റങ്ങളുടെ ഫലമായി ഹനഫി ഫിഖ്ഹിൽ ശരിയായ ഫത്‌വ കണ്ടെത്താത്തപക്ഷം അത്ത രം ഒരവസ്ഥയിൽ ഉലമാ ഇക്കാര്യം ദൈവദത്തമായ 'ഇജ്തിഹാദ്' അഥവാ, ഗവേഷണ വിചിന്തനത്തെ ആശ്രയിച്ചുകൊള്ളേണം. എന്നാൽ, ഈ അബ്ദുല്ലാ ചക്ടാലവിയെപ്പോലെ അകാരണമായി, ഹദീസു തള്ളിക്കളയുകതന്നെവേണം. നമ്മുടെ ജമാഅത്തിൽ അബ്ദുല്ലയെക്കാൾ അഹ്‌ൽ ഹദീസിനോടാണ് ഏറെ അടുപ്പം എന്ന കാര്യം നല്ലപോലെ ഓർത്തുകൊള്ളേണ്ടതാണ്. അബ്ദുല്ലാ ചക്ടാലവിയുടെ നിരർത്ഥകജല്പനങ്ങളുമായി നമുക്ക് യാതൊരു ബന്ധവുമില്ല. നമ്മുടെ ജമാഅത്തിലെ ഓരോ അംഗവും, ഹദീസുകളെപ്പറ്റി അബ്ദുല്ലാ ചക്ടാലവി പുലർത്തുന്ന അഖീദകളോടു ഹൃദയപൂർവ്വമായ എതിർപ്പുള്ളവരും അസ്വസ്ഥത കാട്ടുന്നവരും ആയിരിക്കേണ്ടതാണ്. അത്തരക്കാരുടെ സാമിപ്യ സമ്പർക്കങ്ങളിൽ നിന്ന് അവർ കഴിയുന്നതും അകന്നിരിക്കേണ്ടതുമാണ്. ഇതു മറ്റു ശത്രുക്കളെ അപേക്ഷിച്ചു അധികം നശിച്ചുപോയ ഒരു 'ഫിർഖ' ആകുന്നു. അവർ മൗലവി മുഹമ്മദ് ഹുസൈന്റെ കക്ഷിയുടെ മാതിരി ഹദീസിനെ സംബന്ധിച്ചേടത്തോളം അത്യുഗ്രവശത്തേയ്ക്ക് ചാഞ്ഞുകളയരുത്. അബ്ദുല്ലായുടെ മാതിരി പ്രത്യുഗ്രവശത്തേയ്ക്ക് ചരിഞ്ഞുപോകയുമരുത്. നേരെമറിച്ചു, ഇക്കാര്യത്തിൽ മദ്ധ്യമാർഗ്ഗത്തെ തങ്ങളുടെ മതപാതയായി സ്വീകരിച്ചുകൊള്ളണം. എന്നു വച്ചാൽ, ഖുർആൻ നിരാകരിക്കപ്പെടുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്ന തരത്തിൽ ഹദീസുകളെ തങ്ങളുടെ പൂർണ്ണമായ ഖിബ്‌ലയും കഅബയുമായി സ്വീകരിക്കുകയോ, തിരുനബിയുടെ ഹദീസുകളെ നിഷ്പ്രയോജനങ്ങളും നിസ്സാരങ്ങളുമാക്കിത്തള്ളുകയോ ചെയ്യാതിരിക്കേണ്ടതാണ്. അപ്രകാരം തന്നെ തിരുനബിയുടെ 'ഖത്മെ നുബുവ്വ'ത്തിനെ നിരാകരിക്കുകയോ, ഈ ഉമ്മത്തിൽ ദൈവികമായ ഭാഷണത്തിന്റെയും അഭിമുഖീകരണത്തിന്റെയും വാതിലുകൾ അടഞ്ഞുപോയെന്നുവരുത്തുമാറ് 'ഖത്തമുന്നുബുവ്വ'ത്തിന്നു അർത്ഥം നൽകുകയോ ചെയ്യുകയുമരുത്. നമ്മുടെ ഈമാൻ ഇതാണ്: അവസാനത്തെ വെളിപാടു ഗ്രന്ഥവും അവസാനത്തെ ശരീഅത്തും ഖുർആൻ ആകുന്നു. അതിന്നുശേഷം 'ഖിയാമം' വരെ 'സാഹിബെ ശരീഅത്ത്' (ശരീഅത്ത് വാഹി) എന്ന അർത്ഥത്തിൽ അഥവാ, നബിതിരുമേനിയുടെ പിന്തുടർച്ചയിലല്ലാതെ ദിവ്യവെളിപാടിന്നു അർഹനായിത്തീരുന്ന ഒരു നബിയും വരുകയില്ല. ഖിയാമത്ത് വരെ ഈ വാതിൽ അടഞ്ഞുപോയിരിക്കുന്നു. എന്നാൽ, തിരുനബിയോടുള്ള അനുസരണവും പിന്തുടർച്ചയും മൂലം ദിവ്യവെളിപാടിന്റെ അനുഗ്രഹം നേടുന്നതിന്നുള്ള വാതിൽ ഖിയാമത്ത് വരെ തുറന്നു തന്നെ കിടക്കും!

**– പരി. എൻ. എ**

ലേഖനം

# ഡെന്മാർക്ക് സിമ്പോസിയം

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അഞ്ചാം ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2005ലെ തന്റെ ഔദ്യോഗിക യൂറോപ്പ് പര്യടനവേളയിൽ ഡെൻമാർക്കിലെ ഒരു സിമ്പോസിയത്തിൽ ചെയ്ത പ്രസംഗം.**

ഒരു മതത്തെ വിലയിരുത്തുമ്പോൾ അതിന്റെ അടിസ്ഥാനാദ്ധ്യാപനങ്ങൾ പരിശോധിക്കേണ്ടതാണ്. ആ മതത്തിന്റെ അടിത്തറയിടപ്പെടുമ്പോൾ അതിന്റെ സ്ഥാപകർ കാണിച്ച മാതൃകയും അഹ്മദി മുസ്‌ലിംകളായ ഞങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്നു. രണ്ടുകാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ടെന്നാണ് അതിന്റെയർത്ഥം. അതായത്, പ്രാമാണികഗ്രന്ഥത്തിന്റെ അടിസ്ഥാനാദ്ധ്യാപനങ്ങളും അതിന്റെ സ്ഥാപകരുടെ ചര്യയും പരിശോധിക്കേണ്ടതാണ്. ഈ അളവുകോലുപയോഗിച്ച് ഇസ്‌ലാമിനെ നാം വിലയിരുത്തുമ്പോൾ മുഹമ്മദ് നബി(സ)ക്ക് വെളിപാടായി ഇറങ്ങിയ ഇസ്‌ലാമിന്റെ ശരീഅത്ത് ഗ്രന്ഥമായ വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ നാം കണ്ടെത്തേണ്ടതുണ്ട്. മനുഷ്യൻ അനുസരിക്കണമെന്ന് സർവ്വശക്തനായ ദൈവം ആവശ്യപ്പെടുന്ന ആജ്ഞകൾ വിശുദ്ധ ഖുർആനിൽ വ്യത്യസ്തയിടങ്ങളിൽ അടങ്ങിയിരിക്കുന്നു. ദൈവം വിലക്കിയ കാര്യങ്ങളും വിശുദ്ധ ഖുർആൻ എടുത്തു കാണിക്കുന്നു. വിശുദ്ധ ഖുർആൻ അനുശാസിക്കുന്നതും വിലക്കിയതുമായ എല്ലാ കാര്യങ്ങളും അവതരിപ്പിക്കാൻ സമയപരിമിതി അനുവദിക്കുന്നില്ല. ഞാൻ തയ്യാറാക്കിയ കാര്യങ്ങൾ പോലും ഈ ചുരുങ്ങിയ സമയത്തിൽ പൂർത്തീകരിക്കാൻ സാദ്ധ്യമല്ല. എങ്കിലും സംക്ഷിപ്തമായ രീതിയിൽ കാര്യങ്ങൾ സുഗ്രാഹ്യമാക്കാൻ ഞാൻ ശ്രമിക്കാം.

മനുഷ്യൻ തന്റെ കല്പനകൾ അനുസരിക്കണമെന്ന് ദൈവം ആജ്ഞാപിക്കുന്നതോടൊപ്പംതന്നെ അവയെന്തൊക്കെയാണെന്ന് വിശദീകരിക്കുന്നുമുണ്ട്. ഇവ നിങ്ങളുടെ രണ്ടുവിധത്തിലുള്ള ബാദ്ധ്യതകളുടെ പൂർത്തീകരണമാണെന്ന് സർവ്വശക്തനായ ദൈവം പറയുന്നു. അനന്തശക്തിമാനും എല്ലാ ശക്തികളുടേയും ഉറവിടവുമായ സജീവദൈവത്തെ ആരാധിക്കുകയും അവനുമായി ബന്ധം സ്ഥാപിക്കുകയും ചെയ്തുകൊണ്ട് സ്രഷ്ടാവിനോട് മനുഷ്യനുള്ള ബാദ്ധ്യതയാണ് ഒന്ന്. ആ ദൈവം മനുഷ്യന്റെ പ്രാർത്ഥനകൾക്കുത്തരം നൽകുകയും അവന്റെ ബുദ്ധിമുട്ടുകൾ നീക്കുകയും അവനെ തീറ്റിപ്പോറ്റുകയും പരിപാലിക്കുകയും ചെയ്യുന്നു. ആ ദൈവം മനുഷ്യനോട് അങ്ങേയറ്റം ദയ കാണിക്കുകയും ഔദാര്യം കാണിക്കുകയും മനുഷ്യന്റെ ഏറ്റവും ചെറിയ പരിശ്രമത്തിനുപോലും പ്രതിഫലം നൽകുകയും ചെയ്യുന്നു. അതിനാൽ ഈ അനുഗ്രഹങ്ങളെല്ലാം നമ്മോടാവശ്യപ്പെടുന്നത്, നാം ദൈവത്തെ മാനിക്കുകയും അവനോട് കൃതജ്ഞത കാണിക്കുകയും അവന്റെ മുമ്പിൽ നമിക്കുകയും അവനുമായി താരതമ്യപ്പെടുത്തുമ്പോൾ മറ്റെല്ലാം ശക്തികളേയും അപ്രധാനമായി ഗണിക്കുകയും ചെയ്യണമെന്നാണ്. അതുകൊണ്ടാണ് ദൈവം ഇങ്ങനെ അനുശാസിച്ചത്.

സ്വയം മുസ്‌ലിംകളെന്നു വിളിക്കുന്ന ജനമേ, ഞാൻ നിങ്ങൾക്കു നൽകിയ അനുഗ്രഹങ്ങൾ സ്മരിച്ചുകൊണ്ട് എന്നെ ആരാധിക്കുക മാത്രമല്ല, ജീവിതത്തിന്റെ പരമോദ്ദേശ്യം ഏകദൈവത്തെ ആരാധിക്കലാണെന്ന് ലോകത്തോടു പറയുന്നതും കൂടി നിങ്ങളുടെ കർത്തവ്യമാകുന്നു.

രണ്ടാമത്തെ പ്രധാനപ്പെട്ട ബാദ്ധ്യത അഥവാ സർവ്വശക്തനായ ദൈവം മനുഷ്യനെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം - ആ ദൈവികാദ്ധ്യാപനങ്ങൾ നമുക്ക് നൽകിയത് നബിതിരുമേനി(സ)യാണ് - മനുഷ്യർക്കർഹതപ്പെട്ട അവകാശങ്ങൾ അവർക്ക് നൽകുകയെന്നതാണ്.

മനുഷ്യനോട് ദയാവായ്പോടെ പെരുമാറുക, അവരുടെ ദുരിതങ്ങൾ നീക്കുക, ഉന്നതമായ മൂല്യങ്ങൾ കൈക്കൊള്ളുക, സൽക്കർമ്മങ്ങൾ ചെയ്യാനും ദുഷ്ക്കർമ്മങ്ങൾ വർജ്ജിക്കാനും മറ്റുള്ളവരെ പ്രേരിപ്പിക്കുക, ദരിദ്രരെ സഹായിക്കുക, വിശന്നവർക്ക് ആഹാ

രം നൽകുക, ഭരമേല്പിക്കപ്പെട്ട കാര്യങ്ങൾ സത്യസന്ധതയോടെ നിർവ്വഹിക്കുക, ജനങ്ങൾ നേരിടുന്ന ദുരിതങ്ങൾ നീക്കുവാൻ ത്യാഗമനുഷ്ഠിക്കുക, മറ്റുള്ളവർക്ക് പൊറുത്തുകൊടുക്കുക, സഹനം കൈക്കൊള്ളുക, ഒരാളുമായുള്ള കരാറുകളെ ബഹുമാനിക്കുക, പരസ്പരം സഹകരിക്കുക, സംശയങ്ങളിൽ നിന്നും വിട്ടുനിൽക്കുക, മറ്റുള്ളവരെക്കുറിച്ച് മോശമായ നിലയിൽ സംസാരിക്കാതിരിക്കുക, സൽപ്രവൃത്തികളിൽ മികവുകാട്ടുക, സത്യമായ സാക്ഷ്യം പറയുക, തുടങ്ങിയവ മാത്രമല്ല മനുഷ്യരോടുള്ള ബാദ്ധ്യതകളിൽ പെടുന്നത്. മറ്റുള്ളവരോടുള്ള ശത്രുത കാരണം അവരോടുള്ള പെരുമാറ്റത്തിൽ നീതിക്കെതിരായ ഒന്നും ഉണ്ടാവാൻ പാടില്ലാ എന്നുകൂടി സർവ്വശക്തനായ ദൈവം അനുശാസിക്കുന്നു. അവരെ ഉപദ്രവിക്കാൻ വ്യാജത്തെ ആശ്രയിക്കാൻ പാടില്ല എന്നും ദൈവം കല്പിക്കുന്നു. ഇസ്‌ലാം നൽകുന്ന മനോഹരമായ അദ്ധ്യാപനം ഇതാണ്.

ഇതേപോലെയുള്ള നിരവധി അദ്ധ്യാപനങ്ങൾ വേറെയുമുണ്ട്; പക്ഷേ ഞാൻ ചിലവ തിരഞ്ഞെടുത്തുവെന്നു മാത്രം. വിശുദ്ധ ഖുർആനിലെ ചില അനുശാസനകൾ ഉദ്ധരിക്കാം. ഇവ ഒരിക്കലും മോശപ്പെട്ട അദ്ധ്യാപനങ്ങളല്ലെന്ന് നിങ്ങൾക്ക് മനസ്സിലാവും. പക്ഷേ, ചില തീവ്രവാദികൾ തങ്ങളുടെ നിക്ഷിപ്തതാല്പര്യങ്ങൾക്കനുസൃതമായി അവയ്ക്ക് വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്. മുസ്‌ലിം നല്ല കാര്യങ്ങൾ നിർദ്ദേശിക്കുകയും ചീത്ത കാര്യങ്ങൾ നിരോധിക്കുകയും ചെയ്യണമെന്ന് സർവ്വശക്തനായ അല്ലാഹു ആജ്ഞാപിച്ചിരിക്കുന്നു. നിങ്ങൾ അങ്ങനെ ചെയ്യുകയാണെങ്കിൽ അതിലാണ് നിങ്ങളുടെ മഹത്വം സ്ഥിതി ചെയ്യുന്നത്. അല്ലാഹു പറയുന്നു: മനുഷ്യവംശത്തിന്റെ നന്മയ്ക്കായി എഴുന്നേല്പിക്കപ്പെട്ട ഏറ്റവും ഉൽകൃഷ്ട സമുദായമാണ് നിങ്ങൾ. നിങ്ങൾ നല്ല കാര്യങ്ങൾ നിർദ്ദേശിക്കുകയും ചീത്ത കാര്യങ്ങൾ നിരോധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. (വി.ഖുർആൻ 3:111)

വിശുദ്ധ ഖുർആനിൽ പ്രസ്താവിക്കപ്പെട്ട പ്രകാരം മനുഷ്യകുലത്തിന്റെ നന്മയ്ക്കായാണ് നിങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഒരാൾ മനുഷ്യകുലത്തിന്റെ നന്മയ്ക്കായി സൃഷ്ടിക്കപ്പെട്ടിട്ട് അയാളിൽ നിന്ന് തിന്മ മാത്രം വരികയും മനുഷ്യവംശത്തിന്ന് ദുരിതമനുഭവിക്കേണ്ടി വരികയും അയാളെക്കണ്ടാൽ മറ്റുള്ളവർ ഭയന്ന് വിറക്കുകയും ചെയ്യേണ്ട അവസ്ഥയുണ്ടാവരുത്. മനുഷ്യവംശത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കാനും അവരെ നന്മയിലേക്ക് മാർഗ്ഗദർശനം ചെയ്യാനുമാണ് സർവ്വശക്തനായ ദൈവം മുസ്‌ലിംകളെ പഠിപ്പിച്ചിട്ടുള്ളത്.

നിങ്ങളുടെ സ്രഷ്ടാവായ ദൈവത്തിങ്കലേക്ക് അവരെ ക്ഷണിക്കുക. അങ്ങനെ അവനോടും അവന്റെ സൃഷ്ടികളോടുമുള്ള നിങ്ങളുടെ കടമ നിറവേറ്റുക. ഓരോ മനുഷ്യനും മുസ്‌ലിമിൽ നിന്ന് പ്രയോജനം നേടണം. അകാരണമായി ദൈവസൃഷ്ടികളെ കൊല്ലുകയും അവർക്ക് ദുരിതവും നഷ്ടവും വരുത്തുകയും തിന്മയിൽ മുഴുകുകയും ചെയ്യുന്നവരെ മുസ്‌ലിംകൾ തടഞ്ഞുനിർത്തണം. ഈവിധത്തിൽ അവർ ദുരിതമനുഭവിക്കുന്നവരെ സഹായിക്കുകയും ക്രൂരനായ വ്യക്തിയെ തിന്മയിൽ നിന്ന് മോചിപ്പിക്കുകയും വേണം. ഇങ്ങനെ ചെയ്താൽ മാത്രമേ നിങ്ങൾക്ക് ഒരു ദൈവവിശ്വാസിയാവാൻ സാധ്യമാവൂ.

സർവ്വശക്തനായ ദൈവം മുസ്‌ലിംകൾക്ക് നൽകിയ അടിസ്ഥാനകല്പനകളുടെ രത്നച്ചുരുക്കം ഇതാണ്. നാം ഈ കല്പനകൾ അനുസരിക്കുകയാണെങ്കിൽ അതാണ് ഒരു മുസ്‌ലിമിന്റെ അലങ്കാരം. ഈ ദൈവകല്പന മുഖേന മുഴുവൻ മനുഷ്യകുലത്തിന്റെ നന്മയുടെയും ക്ഷേമത്തിന്റെയും ഉത്തരവാദിത്തം മുസ്‌ലിമിൽ ഭരമേല്പിച്ചിരിക്കയാണ്. പക്ഷേ, വാളെടുക്കാനും ബലപ്രയോഗം മുഖേന ജനങ്ങളെ നന്നാക്കാനും അനുവാദമില്ല.

മറിച്ച്, ദൈവമാർഗ്ഗത്തിൽ നിന്നും വ്യതിചലിച്ചുപോയവരെ സർവ്വശക്തനായ ദൈവത്തിലേക്ക് വഴി നടത്താൻ മുസ്‌ലിംകൾ പരിശ്രമിക്കണം. ദൈവം പറയുന്നു:

തത്ത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗ്ഗത്തിലേക്ക് നീ ജനങ്ങളെ ക്ഷണിക്കുക. ഏറ്റവും ഉൽക്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. (വി. ഖുർആൻ: 16:126)

അങ്ങനെ, ആരെങ്കിലും തിന്മയിലേർപ്പെട്ടാൽ താൻ മനസ്സിലാക്കിയ കാര്യം ഏറ്റവും ഉത്തമമായ രീതിയിൽ അയാൾക്ക് വിശദീകരിച്ചുകൊടുക്കുക. ഉപദേശകന്റെ ഉദ്ദേശ്യം നല്ലതാണെങ്കിൽ ദുഷിച്ചതും വെറുപ്പുനിറഞ്ഞതുമല്ലെങ്കിൽ, അങ്ങനെയുള്ള ഉപദേശം ഫലം ചെയ്യും. മാർഗ്ഗദർശനം നടത്താനോ ഉപദേശിക്കാനോ ബലം പ്രയോഗിക്കാനുള്ള അദ്ധ്യാപനം എവിടെയുമില്ല. രാഷ്ട്രങ്ങൾ തമ്മിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ മറ്റു രാഷ്ട്രങ്ങൾ ഒന്നിക്കുകയും സ്വേച്ഛാധികാരിയും ക്രൂരനുമായ രാഷ്ട്രത്തിനെതിരെ പ്രവർത്തിക്കുകയും ചെയ്യുവാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ആ രാഷ്ട്രം ക്രൂരതയിൽ നിന്ന് വിരമിച്ചാലുടൻ ആക്രമണം നിർത്തുകയും വേ ണം. വിദ്വേഷമോ പകയോ നിമിത്തം ആ രാഷ്ട്രത്തെ തുരത്തണമെന്ന് എവിടെയും പറയുന്നില്ല. ഒരു ഗ്രൂപ്പിന്റെയോ ഗവൺമെന്റിന്റെയോ ശക്തി നശിപ്പിക്കാൻ ആ രാഷ്ട്രത്തിലെ ജനങ്ങളെ വിവേചനമില്ലാതെ നശിപ്പിക്കണമെന്നും എവിടെയും പറയുന്നില്ല. അതേപോലെ, ഏതെങ്കിലും ആളുടെ വ്യക്തിപരമായ അവകാശങ്ങൾ നേടിയെടുക്കാൻ ജനങ്ങളെ വിവേചനമില്ലാതെ വധിക്കാൻ ആരും അധികാരപ്പെടുത്തപ്പെട്ടിട്ടില്ല. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ ഇങ്ങനെ പഠിപ്പിക്കുന്നത്.

ആരെങ്കിലും മറ്റൊരാളെ വധിക്കുകയോ നാട്ടിൽ കുഴപ്പമുണ്ടാക്കുകയോ ചെയ്യാത്തനിലയിൽ (നിരപരാധിയായ) ഒരാളെ വധിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ വധിച്ചതുപോലെയാകുന്നു. (വി. ഖുർആൻ 5:33)

അതിനാൽ, ലോകത്ത് സമാധാനം നിലനിർത്താൻ ഇസ്‌ലാം നമുക്ക് നൽകിയ വിശുദ്ധാധ്യാപനമിതാണ്. അതായത്, അകാരണമായി ഒരു വ്യക്തിയെ വധിച്ചാൽ മുഴുവൻ മനുഷ്യകുലത്തേയും വധിച്ചതുപോലെയാണ്. ഒരു വ്യക്തിക്കോ ഗ്രൂപ്പിനോ നിയമം കയ്യിലെടുക്കാനും വിധ്വംസകപ്രവൃത്തിയിലേർപ്പെടാനും ഒരവകാശവുമില്ല. മനുഷ്യജീവന് കനത്ത നാശമുണ്ടാക്കുമാറ് രാഷ്ട്രങ്ങൾ ആകാശത്തുനിന്നും ഷെല്ലുകൾ വർഷിക്കുകയാണെങ്കിൽ അവരുടെ പ്രവൃത്തിയും മുഴുവൻ മനുഷ്യവംശത്തെയും വധിക്കുന്നതുപോലെയാണ്. വ്യസനകരമെന്നു പറയട്ടെ, ഇത്തരം പ്രവൃത്തികൾ ആധുനികലോകത്ത് സർവ്വസാധാരണമായിരിക്കുന്നു. പൗരസ്ത്യരോ പാശ്ചാത്യരോ മുസ്‌ലിമോ ക്രിസ്ത്യാനിയോ എല്ലാം തന്നെ ഇതിൽ ഭാഗഭാക്കായിരിക്കുന്നു. ഭൗതികലോകാസക്തി അവരെ അന്ധരാക്കിയിരിക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. അവർ ദൈവത്തെ വിസ്മരിച്ചിരിക്കുന്നു. അഹന്തയും അഹങ്കാരവും വിദ്വേഷവുമാണ് അവരുടെ ഹൃദയങ്ങളെ നിയന്ത്രിക്കുന്നത്. സന്ദേഹവും അവിശ്വാസവും വളർന്നിരിക്കുന്നു. സ്നേഹവും അവിശ്വാസവും കാരണമായാണ് ലോകത്ത് അസംഖ്യം ശണ്ഠയും യുദ്ധവും ഉടലെടുക്കുന്നത്. ഇവയിൽ നിന്നും വിട്ടുനിൽക്കാൻ ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നു. കാരണം, ശണ്ഠയിലേക്കും തർക്കങ്ങളിലേക്കും നമ്മെ നയിക്കുന്ന സന്ദേഹങ്ങൾ ഒരാളെ പാപിയാക്കുന്നു. ഇന്നത്തെ ലോകത്തിലേക്കൊന്നു ദൃഷ്ടി പായിക്കുക. മിക്ക തർക്കങ്ങളുടെയും വേര് സന്ദേഹങ്ങളായിരിക്കും. പാശ്ചാത്യലോകത്തെ ചില നേതാക്കളിൽ മുസ്‌ലിംകൾ വിശ്വാസമർപ്പിക്കുന്നില്ല. മറ്റുള്ളവർക്ക് നഷ്ടത്തിനും ദ്രോഹത്തിനും കാരണമാവുന്ന ഒന്നിലും മഹാഭൂരിപക്ഷം മുസ്‌ലിംകളും ഭാഗഭാക്കാവുന്നില്ലെങ്കിലും ഏതാനും കിറുക്കന്മാരുടെ അല്ലെങ്കിൽ ഒരു വ്യക്തിയുടെ ദുഷ്ടത മുസ്‌ലിംകളെ മൊത്തത്തിൽ ബാധിക്കുന്നു. എന്നാൽ, ഒരു സംഭവത്തിനു ശേഷം പാശ്ചാത്യരാഷ്ട്രങ്ങൾ മുസ്‌ലിംകളെയാകമാനം അതിന്റെ പേരിൽ കുറ്റപ്പെടുത്തുന്നു. അപ്പോൾ, ഇതുമായി ഒരു ബന്ധവുമില്ലാത്ത ഒരു സാധാരണ മുസ്‌ലിം സ്വാഭാവികമായും പാശ്ചാത്യരെക്കുറിച്ച് മോശമായി പ്രതികരിക്കുന്നു. അതേപോലെ, ഒരു മുസ്‌ലിം രാഷ്ട്രത്തോട് കാണിക്കുന്ന ക്രൂരതയെയും ഭീഷണിയെയും ന്യായീകരിക്കാൻ പാശ്ചാത്യരാഷ്ട്രങ്ങൾ ഇത്തരം സംഭവത്തെ അടിസ്ഥാനമാക്കുമ്പോൾ, ഇസ്‌ലാമിന്റെ അടിസ്ഥാനാദ്ധ്യാപനങ്ങളുമായി ഒട്ടും ബന്ധമില്ലാത്ത ചില മുസ്‌ലിം ഗ്രൂപ്പുകൾ ആത്മഹത്യാ സ്ക്വാഡുകളിൽ ചേരുകയും നിരപരാധികളുടെ ജീവനെടുക്കുകയും ചെയ്യുന്നു. ഈ സന്ദേഹങ്ങളകറ്റി പരസ്പരം സഹജീവികളാണെന്ന തിരിച്ചറിവുണ്ടാക്കുകയും ദൗർലഭ്യത്തിന്റെയും ദാരിദ്ര്യത്തിന്റെയും അസമത്വം നീക്കുകയും ഒരുമിച്ചിരുന്ന് ചർച്ചചെയ്യുകയും ചെയ്താൽ ഈ അവിശ്വാസം നീക്കാനും സമാധാനം പുനഃസ്ഥാപിക്കാനും കഴിയും.

ഇതാണ് ന്യായവും നീതിയും നമ്മോടാവശ്യപ്പെടുന്നതും. ഇതാ ണ് ഇസ്‌ലാമിന്റെ അദ്ധ്യാപനം. മുസ്‌ലിംകളായിരിക്കണം ഇതിന്റെ ഉത്തമ മാതൃകകൾ. എന്തെന്നാൽ മനുഷ്യകുലത്തിന്റെ അന്തസ്സ് പുനഃസ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളാണ് ഉത്തമസമുദായമാണെന്നതിന്റെ അടയാളം.

സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹത്താൽ ഈ സന്ദേശം ലോകം മുഴുവൻ എത്തിക്കാൻ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പരിശ്രമിച്ചുകൊണ്ടിരിക്കയാണ്. അവർ ലോകത്തിന്റെ എല്ലാ കോണുകളിലും സ്നേഹത്തിന്റെയും മനുഷ്യവംശത്തോടുള്ള ആദരവിന്റേയും സമാധാനത്തിന്റേയും മുദ്രാവാക്യം ഉയർത്തുകയാണ്. മനുഷ്യരോടുള്ള ദയയുടേയും സ്നേഹത്തിന്റേയും സഹതാപത്തിന്റേയും ഈ വികാരത്തിന്റെ പേരിൽ ലോകത്തിലെ ദരിദ്രരാഷ്ട്രങ്ങളിലെ ജനങ്ങൾക്ക് ഞങ്ങൾ സേവനം ചെയ്യുന്നു. അധികമൊന്നും ധനശേഷിയില്ലെങ്കിലും മനുഷ്യകുലത്തോടുള്ള സ്നേഹം കാരണം അവർക്ക് ഞങ്ങൾ ഭക്ഷണവും വെള്ളവും വിദ്യാഭ്യാസ സൗകര്യങ്ങളും നൽകാൻ പരിശ്രമിക്കുന്നു. ഭക്ഷ്യവസ്തുക്കൾ പാഴാക്കാതെയും ദരിദ്രരാഷ്ട്രങ്ങളെ അടിമത്തച്ചങ്ങലയിൽ ബന്ധിപ്പിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാതെയും ദരിദ്രരാഷ്ട്രങ്ങളിലെ, പ്രത്യേകിച്ച് ആഫ്രിക്കൻ രാജ്യങ്ങളിലെ ജനങ്ങൾക്ക് ഭക്ഷണവും വിദ്യാഭ്യാസ സൗകര്യങ്ങളും നൽകി അവരെ നല്ല പൗരന്മാരായി വളർന്നുവരാൻ സമ്പന്ന രാഷ്ട്രങ്ങൾ ശ്രദ്ധിച്ചിരുന്നുവെങ്കിൽ അവിശ്വാസവും ക്രമരാഹിത്യവും ലോകത്തുനിന്നും തിരോധാനം ചെയ്യുമായിരുന്നു. പരിഷ്കരണത്തിന്റെ ഏറ്റവും അനുയോജ്യമായ രീതിയാണിത്.

അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ എന്താണ് ഞങ്ങൾക്ക് പഠിപ്പിച്ചുതന്നതെന്നും ഞങ്ങളിൽ നിന്ന് അദ്ദേഹം എന്താണ് പ്രതീക്ഷിച്ചിരുന്നതെന്നും നിങ്ങളോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ വാഗ്ദത്ത മസീഹും മഹ്ദിയുമായി അംഗീകരിക്കുന്ന, നബിതിരുമേനി(സ)യുടെ പ്രവചനങ്ങളനുസരിച്ച് ആഗതരായ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ മനോഹരമായ ആ മാർഗ്ഗദർശനമനുസരിച്ച് പ്രവർത്തിക്കാൻ ഞങ്ങളോടനുശാസിച്ചിരിക്കുന്നു. അദ്ദേഹം പറഞ്ഞു: ഞാനുമായി ബന്ധിപ്പിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, എന്റെ ജമാഅത്തിൽ ചേരാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ സ്വയം തന്നെ ക്രൂരതയിൽ നിന്നും നിയമലംഘനത്തിൽ നിന്നും പരിശുദ്ധരാവണം. തന്റെ ആഗമനത്തോടെ ബലം പ്രയോഗിച്ചുള്ള ജീഹാദ് അവസാനിച്ചിരിക്കുന്നു എന്നദ്ദേഹം ഞങ്ങളെ പഠിപ്പിച്ചു. നബിതിരുമേനി(സ) ജിഹാദെ അക്ബർ നിർവ്വഹിച്ചപ്രകാരം നിങ്ങളും ജീഹാദ് ചെയ്യുക. ആ ജിഹാദ് അല്ലാഹുവിലേക്ക് മാർഗ്ഗദർശനം നടത്തലും സാത്വികതയിലേക്ക് വരാൻ ജനങ്ങളെ ഉപദേശിക്കുകയും സ്വയം ആത്മസംസ്കരണം നടത്തി മനുഷ്യകുലത്തിന്

സേവനം ചെയ്യലുമാണ്. അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങളിൽ നിന്ന് ചില ഭാഗങ്ങളിതാ:

വാഗ്ദത്ത മസീഹ് (അ) നിർദ്ദേശിക്കുന്നു: തിന്മയിൽ നിന്നും മാറി നിൽക്കാൻ ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. മനുഷ്യകുലത്തോട് സഹതാപത്തോടും നീതിയോടും പെരുമാറുക. നിങ്ങളുടെ ഹൃദയങ്ങളെ വിദ്വേഷത്തിൽ നിന്നും പകയിൽ നിന്നും ശുദ്ധമാക്കുക. അപ്പോൾ നിങ്ങൾ മലക്കുകളായിത്തീരും. മനുഷ്യകുലത്തോട് സഹതാപമില്ലാത്ത മതം എത്രമാത്രം അശുദ്ധമാണ്! പകയുടെ മുള്ളുകൾ വിതറപ്പെട്ട വഴി എത്രമാത്രം അവിശുദ്ധമാണ്. അതിനാൽ എന്നോടൊപ്പമുള്ളവരേ, മതം എന്നതിന്റെ അർത്ഥം എന്താണ് എന്ന് അത്ഭുതപ്പെടുന്നവരെപ്പോലെ നിങ്ങൾ ആവരുത്. നിങ്ങളുടെ സ്വഭാവം എപ്പോഴും മനുഷ്യകുലത്തെ ദ്രോഹിക്കുന്നവിധത്തിലുള്ളതാണോ? അല്ല; ദൈവത്തിന്റെ പക്കലുള്ള ജീവൻ നേടലാണ് മതം എന്നതിന്റെ അർത്ഥം. ദൈവികമായ നന്മകൾ ഒരാളിൽ തുളഞ്ഞുകയറിയല്ലാതെ ഒരാൾ അത്തരം ജീവിതം നേടുന്നില്ല, നേടുകയുമില്ല. ദൈവത്തിനുവേണ്ടി എല്ലാവരോടും സഹതാപം കാണിക്കുക. അപ്പോൾ ദൈവം നിങ്ങളോട് കനിയും. വരൂ; ഞാൻ നിങ്ങൾക്ക് ഒരു വെളിച്ചം കാണിച്ചുതരാം. ആ വെളിച്ചം മറ്റെല്ലാ വെളിച്ചത്തേക്കാളും മികവുറ്റതായിരിക്കും. നിങ്ങൾ പകയും അസൂയയും ഉപേക്ഷിക്കുകയും മനുഷ്യവംശത്തോട് സഹതാപം കാണിക്കുകയും ചെയ്യുക എന്നതാണത്. (ഇംഗ്ലീഷ് ഗവൺമെന്റും ജിഹാദും, റുഹാനീഖസായിൻ വാല്യം 17 പേജ് 14)

പിന്നെ, വാഗ്ദത്ത മസീഹ് (അ) അനുശാസിക്കുന്നു: മനുഷ്യകുലത്തോടുള്ള സഹതാപമായിരിക്കണം നിങ്ങളുടെ മാർഗ്ഗദർശക തത്വം എന്നത് അഭികാമ്യമാണ്. നിങ്ങളുടെ കൈകളും, നാവും ഹൃദയവികാരങ്ങളും എല്ലാ ദുഷിച്ച പദ്ധതികളും നിയമലംഘന മാർഗ്ഗങ്ങളും വിശ്വാസലംഘനവും വർജ്ജിക്കണം. ഹൃദയപരിശുദ്ധിയോടുകൂടി അല്ലാഹുവിനെ ഭയപ്പെടുകയും അവനെ ആരാധിക്കുകകയും വേണം. ക്രൂരത, അതിക്രമം, അപഹരണം, കൈക്കൂലി, ചതി, സ്വജനപക്ഷപാതം എന്നിവയിൽ നിന്നെ ല്ലാം ദൂരപ്പെട്ടുനിൽക്കുക, ദുഷ്ട സംസർഗ്ഗം ഒഴിവാക്കുക, ദുർന്നോട്ടത്തിൽനിന്നും കണ്ണുകളെ സംരക്ഷിക്കുക, അപവാദങ്ങൾ കേൾക്കാതിരിക്കുക. എതെങ്കിലും മതത്തിനോ രാഷ്ട്രത്തിനോ ഗോത്രത്തിനോ മനുഷ്യനോ ദോഷം വരുത്തുന്നതിനെക്കുറിച്ച് ചിന്തിക്കുക പോലും ചെയ്യരുത്. എല്ലാവർക്കും സദുപദേശം നൽകുക. നിയമലംഘകരോടും ദുഷ്ടന്മാരോടും ദുസ്വഭാവികളോടും കൂട്ടുകൂടാതിരിക്കുന്നത് നന്ന്. പാപത്തിൽ നിന്നും അകന്നു നിൽക്കുകയും നന്മ ചെയ്യാൻ ശ്രമിക്കുകയും ചെയ്യുക. നിങ്ങളുടെ ഹൃദയം ചതിയിൽ നിന്നും വിമുക്തമായിരിക്കണം. ക്രൂരതയിൽ നിന്നും കൈകൾ ശുദ്ധമായിരിക്കണം. കണ്ണുകൾ എല്ലാ മാലിന്യങ്ങളിൽ നിന്നും ശുദ്ധമായിരിക്കണം. നിയമലംഘനത്തിന്റെയോ തിന്മയുടെയോ വിചാരം മനസ്സിൽ താലോലിക്കരുത് (കശ്ഫുൽ ഖാത, റുഹാനീ ഖസായിൻ വാല്യം 14 പേജ് 187).

ഇസ്ലാമിന്റെ ആകസ്സാരവും അഹ്മദിയ്യാ ജമാഅത്ത് മാർഗ്ഗദർശനമായി മുന്നണിയിൽ വെക്കുന്ന മനോഹരമായ അദ്ധ്യാപനങ്ങളും ഇതാണ്. അഹ്മദിയ്യാ ജമാഅത്ത് ലോകം മുഴുവൻ പ്രചരിപ്പിക്കാൻ ശ്രമിക്കുന്ന അദ്ധ്യാപനം ഇതാണ്. അതുവഴി ലോകം അതിന്റെ സ്രഷ്ടാവിനെ തിരിച്ചറിയുകയും പരസ്പരമുള്ള അവകാശങ്ങൾ പൂർത്തിയാക്കുകയും അങ്ങനെ ലോകത്ത് സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ഒരന്തരീക്ഷം സൃഷ്ടിക്കപ്പെടുകയും ചെയ്യട്ടെ.

**(The Review of Religions, January 2006)**

**വിവർത്തനം : കെ.വി. ഹസ്സൻകോയ, കോഴിക്കോട്**

## തിന്മ നിറഞ്ഞ കാലഘട്ടം

### ഹദ്റത്ത് അഹ്മദ് (അ)

നാം ജീവിക്കുന്ന ഈ കാലഘട്ടം. മസീഹിബ്നുമറിയമിന്റെ കാലത്തെ ജൂതന്മാരിൽ പ്രചരിച്ചിരുന്ന എല്ലാതരം തിന്മകളും അതിന്റെ പൂർണ്ണരൂപത്തിൽ പ്രകടമായിട്ടുള്ളതിനാൽ അതിനോട് തികച്ചും സാദൃശ്യമുള്ള ഒരു കാലഘട്ടമാകുന്നു. ആചാരമാത്രമായ ബാഹ്യപ്രകടനങ്ങളും, യാഥാർത്ഥ്യത്തിൽനിന്നുള്ള അകന്നുനിൽപ്പും, ആത്മീയതയുടെ അഭാവവും, സത്യസന്ധതയും വിശ്വസ്തതയും നഷ്ടപ്പെട്ട നിലയും, ആർജ്ജവവും സ്വഭാവനൈർമല്യവും അപ്രത്യക്ഷമായ അവസ്ഥയും, അത്യാർത്തി, പിശുക്ക്, ലൗകികലാലസ തുടങ്ങിയവ എങ്ങും നിറഞ്ഞു നിൽക്കുന്ന സ്ഥിതിവിശേഷവും മസീഹിന്റെ കാലത്തെ യഹൂദികളിലെന്നപോലെ ഇന്നു സർവ്വത്ര നടമാടുകയാണ്. യഥാർത്ഥമായ നന്മയെന്തെന്നറിയാതെ ബാഹ്യമാത്രമായ ആചാരസമ്പ്രദായങ്ങളെ കേവലനന്മകളായി കരുതി അവയ്ക്കടിപ്പെട്ടു കഴിഞ്ഞിരുന്നതുപോലെ, ആത്മാർത്ഥതയും ആർജ്ജവവും ആന്തരവിശുദ്ധിയും നീതിനിഷ്ഠയും അവയുടെ അടയാളംപോലും കാണപ്പെടാത്തവണ്ണം അവരിൽ അപ്രത്യക്ഷമായി ഭവിക്കുകയും അനുകമ്പയും ദയാവായ്പും കണികാണ്മാനില്ലാതിരിക്കയും ഏകദൈവാരാധനയുടെ സ്ഥാനത്ത് സൃഷ്ടിപൂജ കൊടികുത്തിവാഴുകയും ചെയ്തിരുന്നതുപോലെ ഇക്കാലത്ത് ഈ എല്ലാ വിപത്തുകളും വന്നുപെട്ടിരിക്കുകയാണ്..... ഇപ്രകാരം യഹൂദിയത്തിന്റെ സകലസ്വഭാവങ്ങളും സർവ്വത്ര പ്രകടമായി കാണുന്നു. ***(ഫത്ഹെ ഇസ്ലാം)***

**അനുസ്മരണം**

# പ്രിയങ്കരനായ ഹദ്റത്ത് മിയാൻ സാഹിബ്

**എം.എ. മുഹമ്മദ്**

**(അമീർ, കോഴിക്കോട്, പ്രിന്റർ ആന്റ് പബ്ലിഷർ, സത്യദൂതൻ)**



വാഗ്ദത്ത മസീഹിന്റെ പൗത്രനും അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ഭാരതത്തിന്റെ നാസിർ അഅ്ലായുമായ ഹദ്റത്ത് മിർസാ വസിം അഹ്മദ് സാഹിബിന്റെ വിയോഗം അഹ്മദികളുടെ ഹൃദയത്തിൽ ഒരു ശൂന്യത സൃഷ്ടിച്ചിരിക്കുകയാണ്. അല്ലാഹു ആ നഷ്ടം വേഗം നികത്തിത്തരട്ടെ. വാർദ്ധക്യസഹജമായ അവശതകൾ അദ്ദേഹത്തിനുണ്ടെങ്കിലും എപ്പോഴും പ്രസന്നവദനനായും ചുറുചുറുക്കോടെയും കാണപ്പെട്ട മിയാൻ സാഹിബ് ഒരിക്കലും രോഗാതുരനായിരുന്നില്ല. ഏപ്രിൽ 9ന് ആരംഭിച്ച കോഴിക്കോട്ടെ അൽ-ഖുർആൻ എക്സിബിഷൻ ഉദ്ഘാടനം ചെയ്യാൻ വരുമെന്ന പ്രതീക്ഷയിൽ ഞങ്ങൾ അദ്ദേഹത്തെ കാത്തിരുന്നുവെങ്കിലും പത്നിയുടെ രോഗാവസ്ഥ കാരണം ഹൈദരാബാദിൽ നിന്നും അദ്ദേഹം ഖാദിയാനിലേക്ക് മടങ്ങുകയായിരുന്നു. പിന്നീട് അദ്ദേഹം അത്യാസന്ന നിലയിൽ അമൃതസറിൽ ചികിത്സയിലാണെന്ന വിവരമാണ് കേട്ടത്. തുടർന്ന് ഏപ്രിൽ 29ന് മരണവും.

അഹ്മദിയ്യാ ജമാഅത്തിന്റെ സംഭവബഹുലമായ ഒരു കാലഘട്ടത്തിന് സാക്ഷ്യം വഹിച്ച അനുഭവസമ്പന്നനായ ഒരു വ്യക്തിയായിരുന്നു മിയാൻ സാഹിബ്. വിഭജനാവസരത്തിൽ ഖലീഫത്തുൽ മസീഹ് രണ്ടാമന് പാകിസ്താനിലേക്ക് പോകേണ്ടി വന്നപ്പോൾ സ്വഭാവികമായും ജമാഅത്തിന്റെ ആസ്ഥാനവും അങ്ങോട്ടേക്ക് മാറ്റപ്പെടുകയുണ്ടായി. വാഗ്ദത്ത മസീഹിന്റെ ജന്മഗേഹമായ ഖാദിയാൻ തുല്യതയില്ലാത്ത മഹത്തായ ഒരു ജീവൽത്യാഗത്തിന്റെ ഫലമായിട്ടാണ് ജമാഅത്തിന് ലഭിച്ചത്. ഖലീഫത്തുൽ മസീഹിന്റെ പ്രത്യേക നിർദ്ദേശപ്രകാരം ഹദ്റത്ത് മിയാൻ സാഹിബിനെ ഖാദിയാനിലേക്കയക്കുകയാണുണ്ടായത്. അന്ന് അദ്ദേഹം കേവലം 20 വയസ്സുള്ള ഒരു യുവാവായിരുന്നു. വർഗ്ഗീയ കലാപംകൊണ്ട് കൊലക്കളമായി മാറിയ അതിർത്തി പ്രദേശത്തായിരുന്നു ഖാദിയാൻ. അവിടെ ജമാഅത്തിന്റെ പുണ്യസ്ഥലങ്ങളും ആസ്ഥാനവും സംരക്ഷിച്ച് ഇന്ത്യയിൽ ജമാഅത്തുകൾ കെട്ടിപ്പടുക്കുക എന്ന അത്യന്തം ശ്രമകരമായ ജോലിയാണ് മിയാൻ സാഹിബ് ഏറ്റെടുത്തത്. അദ്ദേഹം ഖാദിയാനിൽ വരുമ്പോൾ മൗലവി അബ്ദുറഹ്മാൻ സാഹിബായിരുന്നു ഖാദിയാൻ അമീർ. ഖാദിയാൻ സംരക്ഷണാർത്ഥം അവിടെ ജീവൻ തൃണവൽഗണിച്ച് നിന്നിരുന്ന അഹ്മദികൾ ഖാദിയാന്റെ പുനർനിർ മ്മാണപ്രക്രിയകളിൽ സജീവമായി പങ്കെടുത്തു. മതസൗഹാർദ്ദത്തിന്റേ യും പരസ്പരബഹുമാനത്തിന്റേയും കണ്ണികൾ ഏറെ താമസിയാതെ അഹ്മദികൾ വിളക്കിച്ചേർത്തു. എത്രത്തോളമെന്നാൽ, ഖാദിയാൻ മുനിസിപ്പൽ കമ്മിറ്റിയിലേക്ക് ഖാദിയാനിലെ അമീർ മൗലവി അബ്ദുറഹ്മാൻ സാഹിബിനെ തിരഞ്ഞെടുക്കപ്പെടുകയും അദ്ദേഹം ഖലീഫത്തുൽ മസീഹിന്റെ അനുമതിപ്രകാരം ഖാദിയാൻ മുനിസിപ്പാലിറ്റിയുടെ പ്രസിഡണ്ടായിത്തീരുകയും ചെയ്തു. മൗലവി അബ്ദുറഹ്മാൻ സാഹിബിന്റെ കീഴിൽ ഹദ്റത്ത് മിയാൻ സാഹിബ് പ്രചാരണകാര്യസെക്രട്ടറിയായി സേവനമനുഷ്ഠിക്കുകയും അദ്ദേഹത്തിന്റെ വഫാത്തിനുശേഷം ഖാദിയാന്റെ അമീറായി നിയമിതനാവുകയും ചെയ്തു. ജമാഅത്തിന്റെ തഅ്ലീം തർബിയ്യത്ത് സെക്രട്ടറി, യുവജനസംഘടനയായ ഖുദ്ദാമുൽ അഹ്മദിയ്യായുടെ അഖിലേന്ത്യാ പ്രസിഡണ്ട്, സദർ അഞ്ചുമൻ അഹ്മദിയ്യാ പ്രസിഡണ്ട്, പല തവണ ഇന്ത്യയിലെ ജമാഅത്തുകളുടെ നാസിർ അഅ്ല എന്നീ നിലകളിലും അദ്ദേഹം സേവനമനുഷ്ഠിക്കുകയുണ്ടായി. വഫാത്താകുമ്പോൾ അദ്ദേഹം നാസിർ അഅ്ലാ (മുഖ്യ കാര്യദർശി) ആയിരുന്നു.

1927 ആഗസ്റ്റ് 1-നാണ് രണ്ടാം ഖലീഫയുടെ പുത്രനായിക്കൊണ്ട് ഹദ്റത്ത് മിയാൻ സാഹിബ് ഭൂജാതനായത്. അദ്ദേഹത്തിന്റെ മാതാവ് സയ്യിദാ അസീസ് ബീഗം സാഹിബ ആയിരുന്നു. 1953ലാണ് മിയാൻ സാഹിബ് ഹദ്റത്ത് മീർ മുഹമ്മദ് ഇസ്മായിൽ സാഹിബിന്റെ മകൾ ഹദ്റത്ത് അമത്തുൽ ഖുദ്ദൂസ് ബീഗത്തെ വിവാഹം ചെയ്തത്. അദ്ദേഹ

*(ശേഷം 18-ാം പേജിൽ)*

ലേഖനം

# വെളിപാടുകളുടെ പ്രകൃതം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

## അതീന്ദ്രിയമായ അനുഭവങ്ങളും ജ്ഞാനങ്ങളും വെളിപാടുകളുടെ യാഥാർത്ഥ്യത്തിലേക്കുള്ള സൂചനകളാണ്

എന്താണ് വെളിപാടുകൾ? വെളിപാട് എന്നത് ഒരാളുടെ അന്തർമണ്ഡലത്തിൽ ബോധപൂർവ്വമോ അബോധാത്മകമോ ആയ ജ്ഞാനാന്വേഷണത്തെ വിവരിക്കുന്നതിന് ഉപയോഗിക്കുന്ന കേവലമൊരു പദം മാത്രമാണോ? മനുഷ്യനിലേക്ക് ജ്ഞാനം ഇറക്കുന്ന ബാഹ്യമായ ഒരസ്ഥിത്വമാണോ അതിന്റെ ഉറവിടം?

വെളിപാടുകളിൽ വിശ്വസിക്കുന്നവർ പോലും അതിന്റെ പ്രകൃതത്തെക്കുറിച്ച് വിവിധ രൂപത്തിലാണ് മനസ്സിലാക്കിയിട്ടുള്ളത്. ഉദാഹരണത്തിന് ബുദ്ധമതം, കൺഫ്യൂഷൻ മതം, തവോമതം മുതലായ മതവിശ്വാസികളിൽ ബഹുഭൂരിപക്ഷവും കരുതുന്നത് അവരുടെ മതസ്ഥാപകന്മാർക്കുണ്ടായ അനുഭവങ്ങൾ അവരുടെ ബോധമനസ്സിൽ നിന്നോ അബോധമനസ്സിൽ നിന്നോ കേവലമായി ആവിർഭവിച്ചതാണെന്നാണ്. നേരത്തെ പ്രതിപാദിച്ചതുപോലെ സത്യം എല്ലാ ആത്മാവിലും അതിന്റെ ഒരു ഭാഗമായി നിലകൊള്ളുന്നുവെന്ന് അവർ വിശ്വസിക്കുന്നു. അവരെ സംബന്ധിച്ചേടത്തോളം അന്തപ്രചോദനം എന്നത് ഈ അനന്തസത്യത്തിന്റെ ഉറവിടത്തെ സ്പർശിക്കാനുള്ള ഉപകരണമാണ്. മറ്റു മതസ്ഥരുടെ വീക്ഷണപ്രകാരം വെളിപാടുകൾ എന്നത് അനന്തനും സർവ്വജ്ഞാനിയുമായ ദൈവത്തിൽ നിന്ന് അതായത് ഒരു ബാഹ്യസ്രോതസ്സിൽ നിന്നും വരുന്നതാണ്.

നാം നമ്മുടെ പഠനമേഖല വിപുലപ്പെടുത്തുകയാണെങ്കിൽ മതത്തിന്റെ മേഖലക്ക് പുറത്തു നിന്നും വെളിപാടുകളുടെ സത്യസന്ധമായ സംഭവങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടതായി നമുക്ക് കണ്ടെത്താനാവും. ഉദാഹരണത്തിന് ചില ശാസ്ത്രജ്ഞന്മാർക്ക് അതിസങ്കീർണ്ണമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന വെളിപാടുകൾ അറിയിക്കപ്പെട്ടതായുള്ള കൗതുകകരമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

എല്ലാ ശാസ്ത്രഗവേഷകന്മാരേയും കുഴക്കിയിരുന്ന രസതന്ത്രത്തിലെ ഒരു വിഷമപ്രശ്നം പരിഹരിക്കാൻ ജർമ്മൻ രസതന്ത്രജ്ഞനായിരുന്ന ഫ്രെഡറിക്ക് ഔഗസ്റ്റി കെക്കുല (Fredrich Augusty Kekule) 1865ൽ പാടുപെടുകയായിരുന്നു. ഒരു ദിവസം രാത്രി കെകൂല ഒരു സ്വപ്നം കണ്ടു. ഒരു സർപ്പം അതിന്റെ വാൽ വായിൽ വിഴുങ്ങി നിൽക്കുന്ന ദൃശ്യമായിരുന്നു സ്വപ്നത്തിൽ ദർശിച്ചത്. ഈ സ്വപ്നം അദ്ദേഹത്തിന്റെ മനസ്സിനെ മഥിച്ചിരുന്ന പ്രശ്നത്തിന് പൊടുന്നനെ ശരിയായ ദിശാബോധം നൽകുകയുണ്ടായി. ജൈവ രസതന്ത്രത്തിൽ വിപ്ലവങ്ങൾ സൃഷ്ടിച്ച ചില ജൈവസംയുക്തങ്ങളുടെ (Organic Compounds) തന്മാത്രാ സ്വഭാവത്തിന്റെ രഹസ്യങ്ങൾ ഈ സ്വപ്നത്തിലൂടെ അദ്ദേഹത്തിന്റെ മുമ്പിൽ മറനീക്കപ്പെടുകയായിരുന്നു. ബെൻസീൻ (Benzene) തന്മാത്രകളിൽ കാർബൺ ആറ്റങ്ങൾ വൃത്താകൃതിയിൽ ചേർന്നു നിൽക്കുകയാണെ (Bond) ന്നാണ് ഈ സ്വപ്നം അർത്ഥമാക്കുന്നതെന്ന് അദ്ദേഹം വ്യാഖ്യാനിച്ചു. ഈ അറിവ് നിരവധി കൃത്രിമ വസ്തുക്കൾ ഉൽപാദിപ്പിക്കുന്ന വിപുലവും വളരെ വികസിതവുമായ കൃത്രിമ ജൈവ രസതന്ത്രത്തിന് (Synthetic organic chemistry) ജന്മം നൽകുകയുണ്ടായി. ഇപ്പോഴത്തെ ഔഷധ വ്യവസായം അധികമധികമായി കൃത്രിമ മരുന്നുകളെ ആശ്രയിക്കുന്നു. കെക്കുലയെ മഥിച്ചിരുന്ന പ്രശ്നത്തിന് പരിഹാരം കണ്ടെത്തിയ ആ സ്വപ്നത്തിന് തീർച്ചയായും മാനവരാശി കടപ്പെട്ടിരിക്കുന്നു.

തയ്യൽ വേല ആദ്യമായി യന്ത്രവത്കരിച്ച വ്യക്തിയാണ് ഏലിയാസ് ഹോവി (Elias Hoave). ദീർഘകാലമായി ഹോവിയുടെ മനസ്സിനെ അലട്ടിയിരുന്ന ഒരു പ്രശ്നത്തിന് പ്രതിവിധി കണ്ടെത്തിയതും ഒരു സ്വപ്നത്തിലൂടെയായിരുന്നു. അദ്ദേഹത്തിന്നുണ്ടായ സ്വപ്നം കുറെ കാട്ടാളന്മാരാൽ അദ്ദേഹം വലയം ചെയ്യപ്പെട്ടതായും തങ്ങൾക്കൊരു തയ്യൽ യന്ത്രം ഉണ്ടാക്കിത്തന്നില്ലെങ്കിൽ അദ്ദേഹത്തെ കൊന്നുകളയുമെന്ന് കാട്ടാളന്മാർ ഭീഷണിപ്പെടു

ത്തുന്നതുമായിരുന്നു. കാട്ടാളന്മാരുടെ ഈ ആവശ്യത്തോടു പ്രതികരിക്കാൻ കഴിയാതിരുന്ന ഹോവിയെ അവർ ഒരു മരത്തിൽ ബന്ധിച്ചിട്ടുണ്ടായിരുന്നു. എന്നിട്ട് കാട്ടാളന്മാർ അദ്ദേഹത്തെ അമ്പുകൊണ്ടും കുന്തം കൊണ്ടും ആക്രമിക്കാൻ ആരംഭിച്ചു. അവരുടെ കുന്തമുനകളിൽ കണ്ട ദ്വാരം അദ്ദേഹത്തെ അത്ഭുതപ്പെടുത്തുകയും ചെയ്തു. സ്വപ്നത്തിൽ നിന്നും ഉണർന്ന ഹോവി തന്റെ മനസ്സിനെ മഥിച്ചുകൊണ്ടിരുന്ന ഒരു പ്രശ്നത്തിന് ഉടൻ തന്നെ പരിഹാരം കണ്ടെത്തുകയായിരുന്നു. ആ സ്വപ്നം അദ്ദേഹത്തെ തയ്യൽയന്ത്രത്തിന്റെ പ്രാകൃത രൂപം കണ്ടെത്തുന്നതിലേക്ക് നയിച്ചു. പിന്നീട് വസ്ത്രനിർമ്മാണ വ്യവസായത്തെ നാടകീയമായി മാറ്റിമറിച്ച തയ്യൽ മെഷീന്റെ കണ്ടുപിടുത്തമായിരുന്നു അത്. തയ്യൽ സൂചിയുടെ ദ്വാരം ഉണ്ടാക്കേണ്ട സ്ഥലം ഏതായിരിക്കണമെന്ന് ഈ സ്വപ്നത്തിലൂടെ മനസ്സിലാക്കാൻ അദ്ദേഹത്തിന് സാധ്യമായി.

പ്രത്യക്ഷത്തിൽ അസാധ്യം എന്ന് തോന്നുന്ന ഒരു പ്രവൃത്തി സാധ്യമാക്കി തീർക്കാൻ സ്വപ്നത്തിൽ നിന്നും ലഭിച്ച ഈ ആശയത്തിനു കഴിഞ്ഞു. ഈ സ്വപ്നത്തിന്റെ സഹായമില്ലെങ്കിൽ മനുഷ്യൻ ഇന്ന് അകപ്പെടുന്ന സങ്കടാവസ്ഥ ഊഹിക്കാൻ സാധ്യമല്ല. തീർച്ചയായും ഈ വെളിപാടു മുഖേന എന്തൊരു വിപ്ലവകരമായ പരിവർത്തനമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

ഇത്തരത്തിലുള്ള നിരവധി അനുഭവങ്ങളുടെ വെളിച്ചത്തിൽ വെളിപാടുകൾ എന്നാൽ ഉപബോധ മനസ്സിൽ നിന്നും ഉരുവം കൊള്ളുന്ന പ്രതിഭാസമാണെന്ന ഒരു വിശദീകരണം മനസ്സിൽ കണ്ടെത്തുന്നു. അതായത് ഉറങ്ങാൻ പോവുന്നതിന് മുമ്പ് മനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളിൽ ഗാഢമായി ചിന്തിച്ച് വ്യാപൃതമാവുന്ന ബോധമനസ്സിന് ക്ഷീണം ബാധിക്കുന്നു. അത്തരം പ്രശ്നചിന്തകൾ ഉപബോധമനസ്സിലേക്ക് മാറ്റപ്പെടുന്നു. ഉറക്കസമയത്ത് ഉപബോധമനസ്സ് അതിലേക്ക് കുത്തിനിറച്ച കാര്യങ്ങളെ സംബന്ധിച്ച് ചിന്തിക്കുകയും അവസാനം ഏറ്റവും ഉചിതമായ പരിഹാരം കണ്ടെത്തുകയും ചെയ്യുന്നു. ചിലപ്പോൾ ഈ പരിഹാരം ദർശനങ്ങളായി അനുഭവപ്പെടുകയും ചെയ്യുന്നു. ചിലപ്പോൾ ശാബ്ദിക സന്ദേശങ്ങളായി കേൾക്കുകയും ചെയ്യുന്നു. ഇതെല്ലാം അങ്ങനെത്തന്നെയാണെന്ന് തന്നെയിരിക്കട്ടെ. എന്നാലും ഏത് രീതിയിലും അനുഭവവേദ്യമാകുന്ന എല്ലാ വെളിപാടുകളും യഥാർത്ഥത്തിൽ അബോധമനസ്സിൽ നിന്നുള്ള സന്ദേശങ്ങളാണെന്ന് കരുതാമോ? ഇങ്ങനെയല്ലാതെ മറ്റൊരു വിധത്തിലും ഇത് സംഭവിക്കാൻ സാധ്യതയില്ലേ?

മേൽ വിവരിച്ച സംഭവത്തിൽ പ്രശ്നപരിഹാരത്തിനു വേണ്ട അവശ്യ വിവരങ്ങളും ബോധമനസ്സിൽ അപ്പോൾ തന്നെ ആ വിവരങ്ങൾ നിഗൂഢമായ രീതിയിൽ കൂട്ടിച്ചേർക്കാൻ കഴിയുന്ന ശക്തമായ ഒരുപകരണമായി ഉപബോധമനസ്സ് വർത്തിക്കുകയായിരുന്നു എന്ന് തെളിയിക്കപ്പെടുക മാത്രമാണ് ചെയ്യുന്നത് എന്ന വാദവും ഉന്നയിക്കാവുന്നതാണ്. അപ്പോൾ ഇതാണോ പ്രചോദനാത്മകമായ വെളിപാടിന്റെ സമസ്താനുഭവങ്ങളുടേയും ആകത്തുക? അതല്ല ഈ ഒരേയൊരു മാനസിക പ്രക്രിയക്ക് പുറമേ മറ്റു വല്ല രൂപങ്ങൾക്കും സാധ്യതയുണ്ടോ?

ലോകത്തിലെ പ്രബലമതങ്ങൾ അവരുടെ പ്രവാചകന്മാർക്കും മറ്റു പല വിശുദ്ധർക്കും ദൈവമെന്ന് വിളിക്കപ്പെടുന്ന ബാഹ്യമായ ഒരു സ്രോതസ്സിൽ നിന്നുമാണ് വെളിപാടുകൾ ലഭിക്കുന്നത് എന്ന് വിശ്വസിക്കുന്നു. ഈ വിശ്വാസം അവരുടെ തെറ്റായ ഒരു ധാരണയായിരിക്കണം എന്ന് മറ്റുള്ളവരും കരുതുന്നു. എങ്കിലും ഇങ്ങനെ വെളിപാടു ലഭിക്കുന്നവർ കരുതിക്കൂട്ടി കള്ളം പറയുന്നവരാണ് എന്ന് അവർ ആരോപിക്കുന്നില്ല. കാരണം തികച്ചും ഉള്ളിൽ നിന്നുതന്നെയുള്ള ഒരു അനുഭവം പുറമേയുള്ള ഒരു സ്രോതസ്സിൽ നിന്നും വരുന്നതായി യഥാർത്ഥത്തിൽ തെറ്റിദ്ധരിക്കുകയാണെന്നാണ് ഇക്കൂട്ടർ പറയുന്നത്. എന്നാൽ ഇത് അവർ പറയുന്നത് പോലെയായിരുന്നുവെങ്കിൽ വെളിപാടു മതങ്ങളുടേയെല്ലാം അടിസ്ഥാനം ശിഥിലമായ അടിത്തറയിലായിരിക്കും പ്രതിഷ്ഠിക്കപ്പെടുക. അത്തരം അവകാശവാദങ്ങളുടെ സത്യം തെളിയിക്കാൻ പുറമെനിന്നുള്ള മതിയായ തെളിവുകളുടെ സഹായം കൊണ്ടു മാത്രമേ സാധിക്കൂ.

അത്തരത്തിൽ വാദം ഉന്നയിക്കുന്ന എല്ലാവരുടേയും അവകാശവാദത്തിലെ സത്യം വ്യക്തിപരമായി പരിശോധിക്കുക എന്നത് പ്രയാസകരവും വിപുലവുമായ ഒരു ശ്രമമായതിനാൽ നാം ഈ മാനദണ്ഡം വിശുദ്ധ ഖുർആനിൽ മാത്രം ആരോപിക്കുവാൻ ശ്രമിക്കുന്നതാണ്. മനുഷ്യനെ സൃഷ്ടിക്കുകയും അവനെ ഉപേക്ഷിക്കാതെ തുടർന്നും അവന്റെ എല്ലാ കാര്യത്തിലും തൽപരനായിരിക്കുകയും ചെയ്യുന്ന പരമോന്നതനായ ഒരു സ്രഷ്ടാവ് ഉണ്ട് എന്ന വിശ്വാസത്തിന്റെ അസ്ഥിവാരത്തിലാണ് എല്ലാ മുഖ്യമതങ്ങളുടെയും അടിസ്ഥാനം നിലകൊള്ളുന്നത്. എപ്പോഴാണോ ഒരു കൂട്ടരിൽ ദൈവം ഇച്ഛിക്കുന്നത് അപ്പോഴെല്ലാം അവന്റെ ദൂതന്മാരിലൂടെ ദൈവം അവർക്ക് മാർഗ്ഗദർശനം നൽകുന്നു. അവന്റെ അസ്ഥിത്വത്തെക്കുറിച്ചുള്ള ജ്ഞാനം അവർ വെളിപ്പെടുത്തുകയും അവന്റെ ആജ്ഞപ്രകാരം മനുഷ്യവംശത്തെ രൂപപ്പെടുത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഇത് സത്യമാണെങ്കിൽ വെളിപാടുകൾ സ്വതന്ത്രമായ ഒരു ജ്ഞാനസ്രോതസ്സിൽ നിന്നാണ് വരുന്നതെന്ന് കരുതണം. അതാകട്ടെ വെറും മാനസിക പ്രചോദനത്തിൽ നിന്നും വിഭിന്നവുമായിരിക്കണം. അതുമായി താരതമ്യം ചെയ്യുമ്പോൾ യുക്തിജ്ഞാനം രണ്ടാം സ്ഥാനത്താണ് വരുന്നത്.

മനുഷ്യമനസ്സിന്റെ ഒരു ബിന്ദുവിൽ നിന്നു നോക്കുമ്പോൾ വെളിപാടുകൾ മനുഷ്യന്റെ മാനസികമായ അന്തർമണ്ഡലത്തിൽ നിന്നുതന്നെ സംഭവിക്കുന്ന ഒരു അനുഭവമാണെന്നാണ് കാണപ്പെടുന്നത്. ഈ കാരണത്താൽ ദിവ്യസന്ദേശങ്ങളും ഉപബോധമനസ്സിന്റെ സമാനസ്വഭാവമുള്ള

ക്കാം. പക്ഷേ, ഒരു കാര്യം മറന്നുപോകരുത് അന്തഃപ്രചോദനം എപ്പോഴും മനുഷ്യമനസ്സിന് ലഭ്യമായ ഡാറ്റകളുമായി ബന്ധപ്പെട്ടതായിരിക്കും. അതിനപ്പുറം അതിന് പോകാൻ സാധ്യമല്ല.

## മിഥ്യാഭ്രമമല്ലാത്ത മാനസികാനുഭവങ്ങൾ

ഭ്രാന്തിന്റെ ഫലമായോ, ലഹരിവസ്തുക്കളുടെ ഉപയോഗം കൊണ്ടോ മിഥ്യാഭ്രമം (Hallucination) ഉണ്ടാവാറുണ്ട്. അപ്പോൾ മനഷ്യമനസ്സ് അത്യധികമായ ഉത്തേജിക്കപ്പെടുകയും മനുഷ്യനിലെ ഉപബോധ സംവിധാനം പ്രവർത്തനക്ഷമമാകുകയും ചെയ്യുന്നത് കൊണ്ടാണ് ഇത് സംഭവിക്കുന്നത്. അത്തരം സന്ദർഭങ്ങളിലുണ്ടാവുന്ന ബോധപ്രതികരണങ്ങൾ പരസ്പരബന്ധമില്ലാത്തവയായിരിക്കും. അവർ കാണുന്ന ദർശനങ്ങൾ പൊരുത്തമില്ലാത്ത മതിഭ്രമങ്ങളോ ഭീതിജനകമായ ഭ്രമകല്പനകളോ ഉൾക്കൊള്ളുന്ന മാനസിക ചാപല്യങ്ങളുടെ ശിഥില ശകലങ്ങളാണെന്ന് ഒരു നിരീക്ഷകന് എളുപ്പത്തിൽ പറയാൻ സാധിക്കും. സാധാരണഗതിയിൽ അത്തരം ക്രമരാഹിതാവസ്ഥയെ തുടർന്നുവരുന്ന ആശയക്കുഴപ്പവും ഇച്ഛാഭംഗങ്ങളും പുറമേയുള്ള നിരീക്ഷകന് എളുപ്പത്തിൽ തിരിച്ചറിയാൻ സാധിക്കും. എന്നാൽ ഇത് കൂടാതെ അർത്ഥവത്തായതും ഗാഢമായി ക്രമീകൃതവുമായ രൂപങ്ങൾ ഒരു സന്ദേശത്തോടൊപ്പം പ്രദാനം ചെയ്യുവാനും ഉപബോധമനസ്സിന് സാധ്യമാവും. ഉപബോധമനസ്സിന് ബോധമനസ്സുമായി അർത്ഥപൂർണ്ണമായും ഉദ്ദേശലക്ഷ്യത്തോടെയും വിനിമയം ചെയ്യാനും സാധിക്കും. ഇനി തീരുമാനിക്കാനുള്ളത് മനുഷ്യമനസ്സിന്റെ ആന്തരാവയവങ്ങളുമായി സംവദിക്കാൻ ഏതെങ്കിലും ബാഹ്യ ഏജൻസികൾക്ക് സാധിക്കുമോ എന്നാണ്.

അതീന്ദ്രിയ വിജ്ഞാനികളുടെ (parapsychologist) ശാസ്ത്രീയാടിസ്ഥാനത്തിലുള്ള വിപുലമായ ഗവേഷണങ്ങളും പരീക്ഷണങ്ങളും ഇത് സാധ്യമാണെന്ന് തെളിയിച്ചിട്ടുണ്ട്. ഒരാളുടെ അനുഭവങ്ങളാണോ എന്ന ആശയക്കുഴപ്പം ഉണ്ടായേക്കാം. എല്ലാ ആളുകൾക്കും അവരുടെ ജീവിതത്തിൽ ഒരു ഘട്ടത്തിലോ അല്ലെങ്കിൽ മറ്റൊരു ഘട്ടത്തിലോ മനസ്സിന്റെ ചില നിഗൂഢ പ്രവർത്തനങ്ങൾ അനുഭവപ്പെട്ടിട്ടുണ്ടാകാം. മനുഷ്യമനസ്സ് മനുഷ്യന്റെ ഉള്ളിൽ തന്നെയുള്ള ഒരു സംവിധാനമാണ്. അത് ചിലപ്പോൾ മായാക്കാഴ്ചകളും ദർശനങ്ങളും ചിലപ്പോൾ യഥാർത്ഥത്തിൽ സംഭവിക്കുന്നത് പോലെ വ്യക്തികൾക്ക് പ്രത്യക്ഷമായി അനുഭവപ്പെടുന്നു.

വിപുലമായ തോതിലുള്ള അത്തരം അനുഭവങ്ങളെ സ്വപ്നങ്ങൾ, സംഗീതാത്മക ശബ്ദങ്ങൾ, രൂപങ്ങൾ, മുദ്രകൾ എന്നിങ്ങനെ തരംതിരിക്കാവുന്നതാണ്. താളം തെറ്റിയതും പ്രക്ഷുബ്ധവുമായ മനസ്സുള്ളവർക്ക് അവരുടെ അനുഭവങ്ങൾ വളരെ തീവ്രമായിരിക്കും. അത് സൃഷ്ടിക്കുന്ന സംഭീതാത്മകമായ മിഥ്യാഭ്രമങ്ങൾ അവരെ ഭ്രാന്തിലേക്ക് നയിച്ചേക്കാം. അത്തരം മാനസിക വിഭ്രാന്തിയുടെ അവസ്ഥയിൽ കഠിനമായ പനിയും ബാധിച്ചേക്കാം. ഇത് കൂടാതെ തികച്ചും വ്യത്യസ്തമായതും ചിട്ടയോടുകൂടിയതും സമാശ്വാസം നൽകുന്നതും സാന്ത്വനാത്മകവുമായ സ്വപ്നങ്ങളുടേയും അനുഭവങ്ങൾ ഉണ്ടാവുന്നു. അകാരണമായി പലർക്കുമുണ്ടാകുന്ന ഉൾഭയത്തിൽ നിന്നും അപകടഭീതിയിൽ നിന്നും അത് മനസ്സിന് മോചനം നൽകുന്നു. മാത്രമല്ല ചിലപ്പോൾ വ്യക്തമായി കേൾക്കാവുന്ന വ്യതിരിക്തമായ ശബ്ദത്തിൽ ചില സന്ദേശങ്ങൾ നൽകപ്പെടുന്നു. അത്തരം സന്ദേശങ്ങൾ ചിലപ്പോൾ മനുഷ്യന്റെയോ, മാലാഖയുടേയോ രൂപങ്ങളാണ് കൊണ്ടുവന്നു നൽകുന്നത്. അതും മനുഷ്യമനസ്സിന്റെയും ചിന്തയുടെയും ഉൽപന്നമാണ് എന്ന് വിശദീകരിക്കപ്പെടുകയാണെങ്കിൽ ആത്മീയമായ അനുഭവങ്ങളെല്ലാം തന്നെ മാനസിക പ്രതിഭാസങ്ങളുടെ മേഖലയിലേക്ക് തരംതാഴ്ത്തപ്പെടും.

അപ്പോൾ പിന്നെ വെളിപാടുകൾക്കും ദിവ്യദർശനങ്ങൾക്കും എവിടെ സ്ഥാനം? എല്ലാ പ്രധാനപ്പെട്ട ചോദ്യങ്ങളും വ്യക്തമായി അഭിമുഖീകരിക്കപ്പെടുകയും ഉത്തരം നൽകപ്പെടുകയും വേണം. മനുഷ്യമനസ്സ് അത്തരം പ്രതിഭാസങ്ങൾ സ്വീകരിക്കാനും സൃഷ്ടിക്കപ്പെടാനുമുള്ള സവിശേഷതകൾ കൊണ്ട് സജ്ജീകരിക്കപ്പെട്ടതാണ്. പക്ഷേ, ദൈവം ഇച്ഛിക്കുമ്പോൾ ഉചിതമായ സമയത്ത് നേരിട്ടു തന്നെ ഈ മാനസിക സംവിധാനം പ്രവർത്തനസജ്ജമാകാം. പ്രധാനപ്പെട്ട ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ഇക്കാര്യം വളരെ വിശദമായി പരിശോധിക്കേണ്ടിയിരിക്കുന്നു. ഈ മാനസിക പ്രതിഭാസങ്ങളെ ഉപവിഭാഗങ്ങളായി തിരിച്ചുകൊണ്ട് ഈ പരിശോധന എളുപ്പമാക്കാവുന്നതാണ്.

### അന്തഃപ്രചോദനം (Inspiration)

ഉപബോധമനസ്സിന് മതിഭ്രമവും വെളിവ്കേടും ഉദ്ദീപിപ്പിക്കാമെങ്കിൽ അതിന് വ്യവസ്ഥാപിതവും അർത്ഥവത്തായതുമായ ദർശനങ്ങളും സന്ദേശങ്ങളും സൃഷ്ടിക്കാനും കഴിയും. മനസ്സിന്റെ നിഗൂഢകോണുകളിൽ ബോധപൂർവമല്ലാതെ തന്നെ ഒരു വിഷയത്തെക്കുറിച്ച് അലട്ടലുണ്ടായിക്കൊണ്ടിരിക്കും. ഒടുവിൽ ഒരുത്തരത്തിൽ എത്തിച്ചേരുകയും ചെയ്യും. അതാകട്ടെ അതിനു മുമ്പ് ബോധമനസ്സിന് അജ്ഞാതവുമായിരിക്കും. ഉത്തരം ലഭിക്കുന്നത് വരെ ഒരു പ്രശ്നത്തിൽ ഉപബോധമനസ്സ് പ്രവർത്തനനിരതമായിക്കൊണ്ടിരിക്കും. പിന്നീട് അത് സ്വപ്നം, ദർശനം മുതലായവയിലൂടെ ബോധമനസ്സിലേക്ക് കൊണ്ടുവരപ്പെടുകയും ചെയ്യുന്നു. അതിനുമുമ്പ് മനസ്സിലേക്ക് നൽകപ്പെട്ട വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ പ്രക്രിയയിൽ ഫലം ലഭിക്കുന്നത്. ഈ പ്രക്രിയ പ്രാവർത്തികമാകാൻ പുറത്ത് നിന്നുള്ള ഒരു ഏജൻസിയുടെ സ്വാധീനം ആവശ്യമില്ല. ഒരു കുറ്റവാളിക്ക് പോലും ഒരു കുറ്റകൃത്യം ചെയ്യുവാനുള്ള സമർത്ഥമായ ഒരു പ്ളാൻ ഉപബോധമനസ്സിന്റെ അന്തഃപ്രചോദന പ്രക്രിയ മുഖേന തയ്യാറാക്കാൻ സാധിച്ചേ

മനസ്സിനെ മറ്റൊരാളുടെ മനസ്സിന്റെ ആജ്ഞയിൽ പ്രവർത്തിപ്പിക്കാൻ സാധിക്കും. അപ്രകാരം അയാളുടെ നിർദ്ദേശങ്ങൾക്കൊത്ത് ചിന്തിപ്പിക്കുവാനും സാധിക്കും. അത്തരം പ്രതിഭാസങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങൾ പല യൂണിവേഴ്സിറ്റികളിലും നടന്നു വരുന്നു. ഈ ഗവേഷണപഠനങ്ങളുടെ ഫലങ്ങൾ തെളിയിക്കുന്നത് ഒരാളുടെ ആശയങ്ങൾ യാതൊരു ഭൗതികോപാധികളുമില്ലാതെ മറ്റൊരാളുടെ മനസ്സിലേക്ക് പകരുവാൻ സാധിക്കുമെന്നാണ്. അത് സാധ്യമാണെന്ന് മാത്രമല്ല, അത് ദൈനം ദിനജീവിതത്തിൽ സംഭവിക്കുന്ന ഒരു പ്രതിഭാസവുമാണെന്നാണ്. ചിലപ്പോൾ അത് യാന്ത്രികമായും ചിലപ്പോൾ ബോധപൂർവ്വമുള്ള ശ്രമങ്ങളിലൂടേയും സാധ്യമാവും.

(തുടരും)

**പരിഭാഷ: ഏ.എം.**

# ഹദ്റത്ത് മിർസാ വസിം സാഹിബിന്റെ ജനാസ കബറടക്കി

**മുഹമ്മദ് ഉമർ**

ഹദ്റത്ത് സാഹിബ് സാദാ മിർസാ വസിം അഹ്മദ് സാഹിബിന്റെ ജനാസ നിസ്കാരം 1-5-07 വൈകുന്നേരം 6 മണിക്ക് ഖാദിയാനിൽ വമ്പിച്ച ജനാവലിയുടെ സാന്നിധ്യത്തിൽ നടന്നു. മൗലാനാ മുഹമ്മദുദ്ദീൻ സാഹിബ് ജനാസ നിസ്കാരത്തിന് നേതൃത്വം നൽകി. ബഹ്ശ്തി മഖ്ബറയിൽ വാഗ്ദത്ത മസീഹിന്റെ കബർ സ്ഥിതിചെയ്യുന്ന കോമ്പൗണ്ടിനകത്താണ് ഹദ്റത്ത് സാഹിബിന്റെ കബറടക്കം നടന്നത്. ജനാസാ നിസ്കാരത്തിലും പ്രാർത്ഥനയിലും പങ്കെടുക്കുന്നതിനായി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും നൂറുകണക്കിൽ പ്രതിനിധികളെക്കൂടാതെ വിദേശരാജ്യങ്ങളിൽ നിന്നും ധാരാളം പ്രതിനിധികൾ പങ്കെടുത്തു.

ഹദ്റത്ത് സാഹിബിന്റെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുവാൻ ഖാദിയാനിലെ എല്ലാ വ്യാപാര സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും അടച്ചു ഹർത്താലചരിക്കുകയുണ്ടായി.ഖാദിയാനിലെ മുൻസിപ്പാൽ കമ്മിറ്റി രണ്ടുദിവസത്തെ ഹർത്താൽ ആഹ്വാനം ചെയ്തുകൊണ്ട് പരേതന്റെ ആത്മശാന്തിക്കായി രണ്ട് മിനിട്ടു മൗനമവലംബിച്ചു പ്രാർത്ഥന നടത്തി. പഞ്ചാബ് മുഖ്യമന്ത്രി പ്രകാശ് സിംഗ് ബാദൽ, പഞ്ചാബ് ബി.ജെ.പി, കോൺഗ്രസ്സ് പ്രസിഡണ്ടുമാർ തുടങ്ങി പല രാഷ്ട്രീയ സാംസ്കാരിക സംഘടനകളുടെ നേതാക്കളും അനുശോചന സന്ദേശം അയച്ചു.

കേരളത്തിന്റെ വിവിധ ജമാഅത്തുകളിൽ നിന്നും 20 പ്രതിനിധികൾ ജനാസാ നിസ്കാരത്തിൽ പങ്കെടുക്കാൻ ഖാദിയാനിൽ എത്തിച്ചേർന്നിരുന്നു.

*(14-ാം പേജിൽ നിന്ന് തുടർച്ച)*

ത്തിന് ഒരു മകനും മൂന്ന് പെൺകുട്ടികളുമാണ്. സാഹിബ് സാദാ മിർസാ കലീം അഹ്മദ് (മകൻ), അമത്തുൽ അലീം സാഹിബ, കരീം കൗകബ് സാഹിബ, അമത്തുൽ റഊഫ് സാഹിബ (പെൺ മക്കൾ)

വിനയാന്വിതനും വളരെ ഹൃദയാലുവുമായിരുന്ന മിയാൻ സാഹിബ് അഭിജാതവും അന്തസ്സാർന്നതുമായ പെരുമാറ്റത്തിന്റെ ഉടമയുമായിരുന്നു. പാവപ്പെട്ടവരോടു വളരെയേറെ താല്പര്യം കാണിച്ചിരുന്ന വ്യക്തിയായിരുന്നു. കേരളത്തിൽ സംസ്ഥാന ഇമാറത്ത് ഉണ്ടായിരുന്നപ്പോൾ നടത്തിയ ഒട്ടുമിക്ക സംസ്ഥാനസമ്മേളനങ്ങളിലും മിയാൻ സാഹിബ് പങ്കെടുത്തിരുന്നു. കേരളവുമായി അദ്ദേഹത്തിന് സവിശേഷമായ ഒരു ബന്ധമുണ്ടായിരുന്നു. ലോകം മുഴുവനും പരന്നുകിടക്കുന്ന അഹ്മദിയ്യാ ജമാഅത്തുകളുള്ള പ്രമുഖ രാജ്യങ്ങളും അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്. വാഗ്ദത്ത മഹ്ദിയുടെ പൗത്രൻ, ഖാദിയാന്റെ മേധാവി എന്ന നിലകളിൽ ലോകം മുഴുവനുമുള്ള അഹ്മദികൾ അദ്ദേഹത്തിന് നൽകുന്ന മഹത്തായ ആദരം അനുപമമായിരുന്നു.

മിയാൻ സാഹിബ് കോഴിക്കോട്ട് വരുമ്പോൾ അദ്ദേഹത്തിന് ആതിഥ്യമരുളാൻ ഈ വിനീതന് കഴിഞ്ഞത് മഹാഭാഗ്യമായി കരുതുന്നു. മാന്യതയുടെ നിറകുടമായിരുന്ന അദ്ദേഹം എല്ലാ ബഹുമാനാദരങ്ങളും അർഹിക്കുന്ന ഒരു ദിവ്യവ്യക്തിത്വമായിരുന്നു. എനിക്ക് അദ്ദേഹത്തോടുള്ള വ്യക്തിപരമായ കടപ്പാട് വാക്കുകൾക്കതീതമാണ്. എനിക്ക് രണ്ടാമത് ഹൃദ്രോഗമുണ്ടായപ്പോൾ ഇന്ത്യയിൽ ഞാൻ സമീപിച്ച ഡോക്ടർമാരെല്ലാം രോഗത്തിന്റെ ഗൗരവാവസ്ഥയും ഇന്ത്യയിൽ വച്ച് ഓപ്പറേറ്റ് ചെയ്യുന്നതിന്റെ റിസ്ക്കും എന്നെ ബോധ്യപ്പെടുത്തുകയുണ്ടായി. യാദൃശ്ചികമായി ഹൈദരാബാദിലുണ്ടായിരുന്ന മിയാൻ സാഹിബ് ഈ സംഗതി അറിയുകയും എന്റെ രോഗവിവരങ്ങൾ അടങ്ങിയ സി.ഡി. അമേരിക്കയിലെ വിദഗ്ധനായ അഹ്മദി ഡോക്ടർക്ക് അയച്ചുകൊടുക്കുകയും ചെയ്തു. അദ്ദേഹം തന്നെ മുൻകൈയെടുത്തിട്ടാണ് അമേരിക്കയിൽ വെച്ച് എന്റെ ഓപ്പറേഷൻ നടന്നത്. സർവ്വോപരി എനിക്ക് വേണ്ടി ചെയ്ത ദുആകളും മറക്കുവാൻ സാധ്യമല്ല. അല്ലാഹു അദ്ദേഹത്തിന് ജന്നാത്തുൽ ഫിർദൗസിൽ അവന്റെ ഇഷ്ടദാസന്മാരോടൊപ്പം കൂടിച്ചേരാനുള്ള സൗഭാഗ്യവും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. (ആമീൻ)

ലേഖനം

# ഉയിർത്തെഴുന്നേൽക്കുന്ന റഷ്യ

വ്ളാദ്മീർ റദിയൂഹിൻ

**ആയുധപ്പന്തയരംഗത്ത് ഉറങ്ങിക്കിടന്നിരുന്ന റഷ്യ തങ്ങളുടെ പുതിയ ഊർജ്ജ-ആയുധ ഇടപാടിലൂടെ അമേരിക്കയുമായി ലോകവ്യാപകമായി മത്സരിക്കാനുള്ള വേദി ഒരുക്കുകയാണെന്ന് ലേഖകൻ പറയുന്നു. ഭാവി ലോകം വീണ്ടും ശാക്തിക കിടമത്സരത്തിലേക്ക് പോകുകയാണോ?**

യൂണിയൻ ഓഫ് സോവ്യറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കി(യു.എസ്.എസ്.ആർ.) ന്റെ പതനത്തെത്തുടർന്നുള്ള റഷ്യയുടെ തന്ത്രപരമായ പിന്മാറ്റത്തിന്റെ കാലം അസ്തമിച്ചിരിക്കുന്നു. റഷ്യൻ പ്രസിഡണ്ട് വ്ളാദ്മീർ പുടിൻ പ്രസിഡണ്ടു പദത്തിൽ എട്ടുവർഷം പൂർത്തിയാക്കിയപ്പോൾ ലോകത്തിന് നൽകിയ സന്ദേശമിതാണ്. കഴിഞ്ഞ ഫെബ്രുവരി 10ന് മ്യൂണിച്ചിൽ ചേർന്ന സെക്യൂരിറ്റി കോൺഫ്രൻസിൽ പുടിൻ നടത്തിയ നിർണ്ണായകമായ പ്രസംഗത്തിൽ അമേരിക്കയുടെ ഏകധ്രുവലോകം അസ്വീകാര്യവും അസാദ്ധ്യവുമാണെന്ന് പ്രഖ്യാപിക്കുകയുണ്ടായി. മാത്രമല്ല, നിയമവിരുദ്ധ മാർഗ്ഗങ്ങളിലൂടേയും അമിതമായ ബലപ്രയോഗത്തിലുടേയും ഏകധ്രുവലോകം അടിച്ചേൽപ്പിക്കാൻ അമേരിക്ക ശ്രമിക്കുമ്പോൾ അത് ലോകത്തെ ശാശ്വത സംഘർഷത്തിലേക്ക് തള്ളിവിടുമെന്ന് പുട്ടിൻ പറയുകയുണ്ടായി.

അമേരിക്ക എന്ന ഒരു രാജ്യം അതിന്റെ ദേശീയാതിർത്തിയും നിയമങ്ങളും മറ്റു രാജ്യങ്ങളിലെ സാമ്പത്തികവും, രാഷ്ട്രീയവും മാനവികവുമായ എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കന്നത് ആരാണ് ഇഷ്ടപ്പെടുക? ഇത് ആരിലാണ് സന്തോഷം ജനിപ്പിക്കുക? എന്നും പുടിൻ ചോദിച്ചു.

അമേരിക്കൻ നയത്തെ സംബന്ധിച്ച് മറ്റു പല ലോക രാഷ്ട്രനേതാക്കന്മാരും പുറത്ത് പറയാതെ മനസ്സിൽ വെച്ചുകൊണ്ടിരിക്കുന്ന കാര്യമാണ് പുടിൻ ഉറക്കെ പ്രഖ്യാപിച്ചത്. പുടിൻ അമേരിക്കയ്ക്കതിരെ വെല്ലുവിളിക്കുകയായിരുന്നു. സോവ്യറ്റ് യൂണിയന്റെ പതനത്തിന് ശേഷം ആലോചിക്കാതെ ആത്മഹത്യാപരമായ ഒരു എടുത്തു ചാട്ടമായിരുന്നു ഈ പ്രസ്താവനയെന്ന് പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും റഷ്യ ഇപ്പോൾ ബോറിസ് യെൽട്സിന്റെ കാലത്തുണ്ടായിരുന്നതുപോലെയുള്ള ഒരു ദുർബല രാഷ്ട്രമല്ല.

റഷ്യ അതിന്റെ ദാർഢ്യതയും സാമ്പത്തികശക്തിയും വീണ്ടെടുത്ത ശേഷം തങ്ങളുടെ സ്വയം അവകാശവാദവുമായി ലോകവേദിയിൽ വന്നു നിൽക്കുകയാണ്. പഴയ സോവ്യറ്റ് യൂണിയനെ നയിച്ചിരുന്ന പ്രത്യയശാസ്ത്രപരമായ അന്തർധാരയോ സൂപ്പർ പവർ ആകാനുള്ള അദമ്യമായ ആഗ്രഹമോ ഇല്ലാതെ രാജ്യത്തിന്റെ തികച്ചും പ്രായോഗികമായ താല്പര്യങ്ങളെ മുൻനിർത്തിയാണ് അവർ നീക്കങ്ങൾ നടത്തുന്നത്.

പ്രസിഡണ്ട് പുടിൻ റഷ്യൻ വിദേശനയം രണ്ട് സ്തംഭങ്ങളെ അടിസ്ഥാനമാക്കിയാണ് രൂപീകരിച്ചിട്ടുള്ളത്. ഒന്ന് ഊർജ്ജവും മറ്റൊന്ന് സൈനിക സാങ്കേതിക വിദ്യയുമാണ്.

ലോകത്തിലെ എണ്ണയുടെയും വാതകത്തിന്റെയും ആവശ്യം അതിന്റെ വിതരണത്തേക്കാൾ അധികമായിരിക്കുകയാണ്. ഈ അവസരത്തിൽ ലോകത്തെ രണ്ടാമത്തെ ഏറ്റവും വലിയ എണ്ണക്കയറ്റുമതി രാജ്യമെന്ന നിലയിലുള്ള തങ്ങളുടെ സ്ഥാനവും പ്രകൃതിവാതകത്തിന്റെ ഏറ്റവും വലിയ ഉല്പാദകർ എന്ന പദവിയും ഉപയോഗപ്പെടുത്തിക്കൊണ്ടാണ് റഷ്യ തങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ താല്പര്യങ്ങൾക്ക് വേണ്ടി കരുനീക്കുന്നത്. പ്രസിഡണ്ട് പദവിയിൽ ഒരു വർഷം പൂർത്തിയാക്കിയപ്പോൾ തന്നെ ലോകത്തെ പുതിയ ശാക്തിക കേന്ദ്രങ്ങളും പുതിയ സുരക്ഷാ സംവിധാനങ്ങളും ഉണ്ടാക്കുന്ന പ്രക്രിയയെ

ത്വരിതപ്പെടുത്താൻ ആയുധക്കയറ്റു മതി ഗണ്യമായി വർദ്ധിപ്പിക്കാൻ പുടിൻ നിർദ്ദേശിക്കുകയുണ്ടായി. 1999 ൽ ബോറിസ് യെൽട്സിന്റെ കാലത്ത് 3.4 ബില്യൻ ഡോളറായിരുന്ന റഷ്യയുടെ ആയുധ വില്പന 2000ത്തിൽ എത്തിയപ്പോൾ 6.5 ബില്യൻ ഡോളറായി വർദ്ധിപ്പിക്കുകയുണ്ടായി. ഈ വർഷം അത് 7 ബില്യൻ ഡോളറായി വർദ്ധിക്കും. റഷ്യൻ വിദേശ കാര്യമന്ത്രി സെർഗോയി ലാവ്റോവ് പറയുന്നത് റഷ്യ അതിന്റെ ചരിത്രത്തിലാദ്യമായി തങ്ങളുടെ ദേശീയതാല്പര്യങ്ങളെ ഉയർത്തിപ്പിടിക്കുകയാണെന്നാണ്.

പുടിൻ പുതിയൊരു ഊർജ്ജ സുരക്ഷാ മാതൃക വിജയകരമായി നടപ്പാക്കി കഴിഞ്ഞു. അത് തങ്ങളുടെ ഉപഭോക്തൃ രാജ്യങ്ങളിലേക്കുള്ള വിതരണം മാത്രമല്ല ഉറപ്പാക്കുന്നത്. മറിച്ച്, ഊർജ്ജോൽപാദക രാജ്യങ്ങളുടെ വിപണി സ്ഥിരത കൂടി ഉറപ്പാക്കുകയാണ്. ഊർജ്ജോൽപാദക രാജ്യങ്ങളുടെ വിഭവങ്ങൾ വൈവിധ്യവത്കരിച്ച് അതിന് പുതിയ ഉല്പാദന മേഖലകൾ കണ്ടെത്തി ഉല്പാദക രാജ്യങ്ങളും ഉപഭോക്തൃരാജ്യങ്ങളുമായി ദീർഘകാല ക്രമീകരണങ്ങൾ ആവിഷ്കരിച്ചുകൊണ്ടാണ് ഇവ നടപ്പാക്കുന്നത്. റഷ്യയുടെ ഈയൊരു നയതന്ത്ര പരിപാടി അമേരിക്കയിൽ നിന്നും രൂക്ഷമായ എതിർപ്പിനെ നേരിടുകയാണ്. അത് അമേരിക്കയിലെ ബഹുരാഷ്ട്രകുത്തകകളുടെ സ്പോട്ട് മാർക്കറ്റിംഗ് സമ്പ്രദായത്തെ തകിടം മറിക്കുമെന്ന് അവർ ഭയപ്പെടുന്നു. അതേസമയം റഷ്യ തങ്ങളുടെ ഊർജ്ജസ്രോതസ്സുകൾ കിഴക്കൻ രാജ്യങ്ങളിലേക്ക് വഴിതിരിച്ചു വിടുമ്പോൾ അത് ചൈന, ഇന്ത്യ മുതലായ കിഴക്കൻ പ്രദേശത്തെ ഉയർന്നു വരുന്ന സാമ്പത്തിക ശക്തികൾക്ക് ഗുണകരമാണ്.

വളർന്നുവരുന്ന ബഹു ധ്രുവലോകത്തിലെ ശക്തികേന്ദ്രങ്ങൾ എന്ന നിലക്ക് ചൈനയും ഇന്ത്യയുമായാണ് ഊർജ്ജ സൈനിക വിതരണ പങ്കാളിത്തം ശക്തമാക്കാൻ റഷ്യ ശ്രദ്ധിക്കുന്നത്. നാഗരികമായി ലോകത്തെ പിളർത്താതെ ഒന്നിപ്പിക്കുന്നതായിരിക്കണം സംസ്കാരങ്ങൾ ഉല്പാദിപ്പിക്കുന്നവരായ ചൈനയും ഇന്ത്യയുമടക്കം ലോകത്തിലെ നേതൃപദവിയിലുള്ള രാജ്യങ്ങളുടേയും റഷ്യയുടേയും ആഗ്രഹം' എന്ന് താൻ വിശ്വസിക്കുന്നുവെന്ന് റഷ്യൻ വിദേശകാര്യമന്ത്രി ലാവ്റോവ് പറയുകയുണ്ടായി. ക്രിസ്ത്യൻ ഇസ്ലാമിക് നാഗരികതകൾ തമ്മിലുള്ള സംഘട്ടനത്തെ പ്രകോപിപ്പിക്കുന്ന ശ്രമങ്ങളോടുള്ള പ്രതികരണം എന്ന നിലക്കാണ് ലാവ്റോവ് ഇങ്ങനെ പറഞ്ഞത്.

റഷ്യ ചൈനയുമായി കൈകോർത്തുകൊണ്ട് ശക്തമായ സൈനിക സുരക്ഷാ ഗ്രൂപ്പായ ഷാങ്ഹായ് കോർപ്പറേഷൻ ഓർഗനൈസേഷൻ (SCO) രൂപീകരിച്ചു കഴിഞ്ഞു. ഈ സംഘടനയിൽ കസാക്കിസ്ഥാൻ, ഉസ്ബെക്കിസ്ഥാൻ, കിർഗിക്കിസ്ഥാൻ, താജിക്കിസ്ഥാൻ എന്നീ രാജ്യങ്ങളും അംഗങ്ങളാണ്. മദ്ധ്യേഷ്യയിലെ അമേരിക്കയുടെ സൈനിക സാന്നിദ്ധ്യം കുറക്കാൻ SCO നിർദ്ദേശം നൽകിയിരിക്കുകയാണ്. സെപ്തംബർ 11ന് ശേഷം അയൽരാജ്യമായ അഫ്ഗാനിസ്ഥാനിലെ താലിബാൻ ഭീഷണിയെ ചെറുക്കാൻ അമേരിക്ക ഈ മേഖലയിൽ വിന്യസിച്ച സൈന്യങ്ങളെ സമയബന്ധിതമായി പിൻവലിക്കാൻ SCO അമേരിക്കക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. 2005 ൽ ഉസ്ബെക്കിസ്ഥാനിൽ അമേരിക്കക്ക് ഒരു സൈനിക വിമാനത്താവളം അനുവദിക്കുന്നതിനെ SCO നിരുത്സാഹപ്പെടുത്തിയിട്ടുണ്ടായിരുന്നു. കഴിഞ്ഞ വർഷം SCO ഇന്ത്യക്കും പാകിസ്താനും ഇറാനും നിരീക്ഷക പദവി നൽകികൊണ്ട് SCO പരിധി വിപുലീകരിച്ചിരിക്കുകയാണ്.

പഴയ സോവ്യറ്റ് യൂണിയന്റെ നേതൃപദവി അരക്കിട്ടുറപ്പിക്കാൻ തങ്ങളുടെ ഊർജ്ജ സ്രോതസ്സ് റഷ്യ ഉപയോഗിക്കുകയാണ്. എണ്ണയുടേയും ഗ്യാസിന്റെയും വില കുറച്ച് നൽകികൊണ്ടും ധനനിക്ഷേപങ്ങൾ നടത്തിക്കൊണ്ട് പഴയ സോവ്യറ്റ് യൂണിയനിൽ നിന്നും വിട്ടുപോയ രാജ്യങ്ങളെ കൂട്ടിച്ചേർത്തുപിടിച്ചുകൊണ്ടുമാണ് റഷ്യ ഇതിന് ശ്രമിക്കുന്നത്. ഓറൻജ് വിപ്ലവത്തിലൂടെ (പഴയ സോവ്യറ്റ് യൂണിയനിൽ നിന്നുമുള്ള സംസ്ഥാനങ്ങളുടെ കൊഴിഞ്ഞുപോക്ക്) ഈ മേഖലയിൽ കാലുറപ്പിക്കാൻ ശ്രമിച്ച അമേരിക്കയുടെ പിടി അയയുകയാണ്.

യൂറോപ്പിൽ പഴയ യൂറോപ്പിന്റെ പ്രമുഖാംഗങ്ങളായ ജർമനി, ഫ്രാൻസ്, ഇറ്റലി എന്നീ രാജ്യങ്ങൾക്ക് റഷ്യ നൽകുന്ന പ്രലോഭനീയമായ ഊർജ്ജ ഇടപാടുകൾ റഷ്യൻ വികസന തന്ത്രത്തിനെതിരെ അമേരിക്ക നയിക്കുന്ന യൂറോപ്യൻ മുന്നണിയെ അവതാളത്തിലാക്കുകയാണ്. കഴിഞ്ഞ മാസം ദീർഘകാലമായി കാത്തിരുന്ന ഒരു ഊർജ്ജ ഇടപാട് ബൾഗേറിയയും ഗ്രീസുമായും ഒപ്പുവെക്കുകയുണ്ടായി. തുർക്കിയുടെ തിരക്കുപിടിച്ച ബോസ്ഫറസ് കടലിലിടുക്കിനെ ഒഴിവാക്കിക്കൊണ്ടുള്ള ബാൾക്കൺ പൈപ്പ്ലൈൻ പദ്ധതിയാണ് റഷ്യയുമായി പ്രസ്തുത രാജ്യങ്ങൾ ഒപ്പുവെച്ചത്. യൂറോപ്പിലെ ഊർജ്ജ വിപണിയിൽ റഷ്യയുടെ സ്ഥാനം ഉറപ്പിക്കുകയും അമേരിക്കയുടെ സാന്നിദ്ധ്യത്തെ ദുർബലപ്പെടുത്തുകയും ചെയ്യുന്ന കാസ്പിയൻ എണ്ണയുടെ ബദൽ മാർഗ്ഗമാണ് റഷ്യ ആസൂത്രണം ചെയ്യുന്നത്.

പ്രകൃതിവാതക ഉൽപാദക രാജ്യങ്ങളുടെ സംഘടനയായ ഗ്യാസ് ഒപെക് (Gas OPEC) ന്റെ പിന്നിലെ ചാലകശക്തിയും റഷ്യയാണ്. ഗ്യാസ് എക്സപോർട്ടിംഗ് കൺട്രീസ് ഫോറം (GECF) എന്ന ഈ പുതിയ സംഘടന ഏപ്രിൽ 9ന് ഖത്തറിലെ ദോഹയിൽ ഒരു യോഗം ചേരുകയുണ്ടായി. അത് ഇറാൻ, ഖത്തർ എന്നീ രാജ്യങ്ങളുമായി റഷ്യയെ കൂടുതൽ അടുപ്പിക്കും. ഇവരോടൊപ്പം അൾജീരിയ, വെനിസുല മധ്യേഷ്യൻ രാജ്യങ്ങൾ എന്നിവർ കൂടി ചേരുമ്പോൾ ലോകത്തിലെ പ്രകൃതിവാതക ഉല്പാദനത്തിന്റെ അറുപത് ശതമാനം ഉല്പാദിപ്പിക്കുന്ന ഒരു സഖ്യമായി അത് മാറും. ഒന്നിനു

പകരം മറ്റൊന്നു നൽകിക്കൊണ്ട് ഊർജ്ജവിഭവങ്ങളുമായി ഈ രാജ്യങ്ങളുമായി റഷ്യ തലങ്ങും വിലങ്ങും കരാറിലേർപ്പെട്ടുകഴിഞ്ഞു. ഗ്യാസ് ഒപെക്ക് എന്ന റഷ്യൻ ആശയം അമേരിക്കയേയും യൂറോപ്പിനേയും പ്രകോപിപ്പിച്ചിരിക്കുകയാണ്. ഊർജ്ജ വിപണിയിൽ ഈ രാജ്യങ്ങളെ മൂലക്കിരുത്താനുള്ള റഷ്യയുടെ ശ്രമമായി അവർ ഇതിനെ കരുതുന്നു. ഊർജ്ജവിപണി കൈയ്യടക്കാനുള്ള പാശ്ചാത്യരാജ്യങ്ങളുടെ ശ്രമങ്ങൾക്കെതിരെയുള്ള തിരിച്ചടിയാണ് ഗ്യാസ് ഒപെക് എന്ന് റഷ്യൻ രാഷ് ട്രീയ നേതാക്കന്മാരും സമ്മതിക്കുന്നു.

ഗ്യാസ് ഒപെക്കിന്റെ രൂപീകരണത്തോടെ പാശ്ചാത്യ രാജ്യങ്ങളിൽ നിന്നും വിഭിന്നമായി ഇന്ത്യക്ക് അതിൽ നിന്ന് നേട്ടമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഗ്യാസ് ഒപെക് സഖ്യത്തിലെ മുൻഗണനക്കനുസൃതമായി വാതകക്കയറ്റുമതിയുണ്ടാവുമ്പോൾ ഇന്ത്യക്ക് അത് ഗുണകരമായിത്തീരും. ഇത് ഇറാൻ, പാകിസ്താൻ, ഇന്ത്യ എന്നീ രാജ്യങ്ങളിലൂടെയുള്ള പൈപ്പ് ലൈൻ യാഥാർത്ഥ്യമാക്കാൻ സഹായകരമാവും. ഇറാൻ ഗ്യാസ് ഏഷ്യയിലേക്ക് തിരിച്ചുവിടുമ്പോൾ യൂറോപ്യൻ ഇന്ധനമാർക്കറ്റുമായി ഇറാൻ നേരിടുന്ന സംഘർഷം റഷ്യയുടെ സഹായത്തോടെ ലഘൂകരിക്കാൻ സാധിക്കും. ഈ പദ്ധതിക്ക് റഷ്യയുടെ സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ പുടിൻ വാഗ്ദാനം ചെയ്തിട്ടുണ്ട്.

റഷ്യയുടെ ഊർജ്ജ വിഭവങ്ങളും ആയുധക്കയറ്റുമതിശേഷിയും സമന്വയിപ്പിച്ചുകൊണ്ട് ലോകത്തെ മുഴുവൻ സ്വാധീനിക്കാൻ റഷ്യ പദ്ധതി തയ്യാറാക്കിക്കഴിഞ്ഞു. ഇറാനെ ഒറ്റപ്പെടുത്താനുള്ള അമേരിക്കയുടെ നീക്കത്തെ റഷ്യ പരാജയപ്പെടുത്തിയത് ടെഹ്റാന്ന് 700 മില്യൻ ഡോളറിന്റെ ടോം എം.ഐ. അഡ്വാൻസ് എയർ മിസൈൽ സിസ്റ്റവും ആകാശ പ്രതിരോധ സൈനിക സന്നാഹങ്ങളും നൽകിക്കൊണ്ടാണ്.

ഒരു വശത്ത് ഇറാന്റെ ന്യൂക്ലിയർ വിവാദങ്ങൾ അരങ്ങേറിക്കൊണ്ടിരിക്കുമ്പോൾ ഇറാനെ റഷ്യ ആയുധമണിയിച്ചുകൊണ്ട് ഊർജ്ജ വിഭവങ്ങൾക്കായുള്ള പൊതുവേദികൾ രൂപീകരിച്ചും പശ്ചിമേഷ്യയിൽ റഷ്യ തങ്ങളുടെ പങ്കാളിയെ സൃഷ്ടിക്കുകയാണ്.

റഷ്യ ഇപ്പോൾ തങ്ങളുടെ പാരമ്പര്യ സഹായിയായ സിറിയയുമായി അടുത്ത ബന്ധം പുനഃസ്ഥാപിച്ചിരിക്കുകയാണ്. റഷ്യ സിറിയയിലേക്ക് ആയുധക്കയറ്റുമതി ആരംഭിക്കുകയും സിറിയയുടെ താർടഡ് തുറമുഖത്ത് ഒരു നാവിക സൈനികത്താവളം രൂപീകരിക്കാൻ പദ്ധതി തയ്യാറാക്കുകയും ചെയ്തിരിക്കുന്നു. റഷ്യൻ പ്രസിഡണ്ട് പുടിൻ ഈയ്യിടെ സഊദിഅറേബ്യ, ഖത്തർ, ജോർദ്ദാൻ എന്നീ രാജ്യങ്ങളിൽ നടത്തിയ ചരിത്രപ്രധാനമായ സന്ദർശനം റഷ്യയുടെ ഊർജ്ജ ആയുധ ഇടപാടുകൾക്ക് പതുക്കെയാണെങ്കിലും അമേരിക്കക്ക് മാത്രം പ്രാബല്യമുള്ള ഒരു മേഖലയിലേക്ക് റഷ്യയുടെ നീക്കമായി കരുതേണ്ടിയിരിക്കുന്നു. ചരിത്രത്തിലാദ്യമായി റഷ്യയുടെ ടി-90 ടാങ്കുകളും വ്യോമ സൈനിക ആയുധങ്ങളും വാങ്ങാൻ സഊദിഅറേബ്യ താല്പര്യം കാട്ടിയിരിക്കുന്നു. മാത്രമല്ല റഷ്യൻ എണ്ണ ഭീമനായ 'ലൂക്കോയിൽ' സഊദി അറേബ്യയിലെ പുതിയ വാതക മേഖലയിൽ രണ്ട് ബില്യൻ ഡോളർ നിക്ഷേപിക്കാൻ പദ്ധതിയിട്ടിരിക്കുകയാണ്.

റഷ്യയുടെ ആയുധ-ഊർജ്ജ നയതന്ത്രം അൾജീരിയയിൽ വളരെ വിജയകരമായി അനുഭവപ്പെടുകയുണ്ടായി. റഷ്യയിലെ ലൂക്കോയിനും മറ്റൊരു വാതകഭീമനായ ഗാസ്പ്രോമിനും അൾജീരിയയിലെ ഏറ്റവും വലിയ എണ്ണവാതക മേഖലയിൽ കുത്തകവാകാശം ലഭിച്ചിരിക്കയാണ്. ഈ കരാർ പ്രകാരം 7.5 ബില്യൻ ഡോളർ വിലമതിക്കുന്ന റഷ്യൻ ആയുധങ്ങൾ അൾജീരിയക്ക് നൽകും.

അമേരിക്കയുടെ പിന്നാമ്പുറമായ തെക്കേഅമേരിക്കയിലെ അകത്തളങ്ങളിലേക്ക് റഷ്യ കടന്നുചെന്നിരിക്കുന്നു. കഴിഞ്ഞ വർഷം റഷ്യ വെനിസുലയുമായി 3 ബില്യൻ ഡോളറിന്റെ ആയുധ ഇടപാടാണ് ഒപ്പുവെച്ചത്. വെനിസുലയിൽ റഷ്യ 24 സുക്കോയി - 30 ദീർഘദൂര ജെറ്റുകളും 53 ഹെലികോപ്റ്ററുകളും കലാനിഷ്ക്കോവ് തോക്ക് നിർമ്മാണത്തിനുള്ള 2 ഫാക്ടറികളും സ്ഥാപിക്കാനാണ് കരാർ. റഷ്യയിൽ നിന്നും മുങ്ങിക്കപ്പലുകളും ആകാശ പ്രതിരോധ മിസൈലുകളും കരയുദ്ധ വാഹനങ്ങളും മറ്റു യുദ്ധോപകരണങ്ങളും വാങ്ങാനും വെനിസുല താല്പര്യംകാട്ടിയിട്ടുണ്ട്.

ഇതുവരെ അമേരിക്കൻ കമ്പനികളുടെ അധീശത്വത്തിനു കീഴിലായിരുന്ന തെക്കേ അമേരിക്കയിലെ ആയുധ വിപണിയിലേക്ക് വെനിസുലയിലൂടെയുള്ള റഷ്യയുടെ കടന്നുകയറ്റം അമേരിക്കൻ കമ്പനികൾക്ക് വമ്പിച്ച തിരിച്ചടിയായിട്ടുണ്ട്. റഷ്യ ഇപ്പോൾ തെക്കെ അമേരിക്കയിലെ അർജന്റീനയുമായി ഹെലികോപ്റ്റർ, ഗൺബോട്ട്, ആകാശാക്രമണ ആയുധങ്ങൾ എന്നിവ അടങ്ങിയ ഒരു വൻ ആയുധ ഇടപാടിനുള്ള ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

മറ്റു മേഖലകളിൽ റഷ്യയുടെ ഊർജ്ജ ഇടപാടുകളുമായി കൈകോർത്തുകൊണ്ട് ആയുധ വ്യാപാരവും പുരോഗമിച്ചുവരുന്നു. റഷ്യയിലെ 'ഗാസ്പ്രോം' കമ്പനി വെനിസുലയിലെ ഇനിയും ചൂഷണം ചെയ്യപ്പെടാത്ത വൻ വാതകനിക്ഷേപം ഖനനം ചെയ്യാനുള്ള എല്ലാ സാങ്കേതിക സഹായവും അവർക്ക് ലഭ്യമാക്കും. ഇത് അമേരിക്ക കഴിഞ്ഞാൽ പാശ്ചാത്യ ലോകത്തെ ഏറ്റവും വലിയ വാതക നിക്ഷേപമാണ്. 4.1 ട്രില്ല്യൻ ക്യൂബിക്ക് മീറ്ററാണ് പ്രകൃതി വാതകത്തിന്റെ വ്യാപ്തം. വെനിസുലൻ പ്രസിഡണ്ട് ഹ്യൂഗോ ചാവേസ് ബ്രസിലീലൂടെ അർജന്റീനയിലേക്ക് ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലിയിൽ ഭാഗഭാക്കാവാൻ റഷ്യയിലെ ഗാസ്പ്രോം കമ്പനിയെ ക്ഷണിച്ചിട്ടുണ്ട്. ഈ പൈപ്പ് ലൈൻ ബൊളീവിയ, പറാഗ്വേ, ഉറൂഗ്വേ മുതലായ രാജ്യങ്ങളിലേക്കും നീളുന്നുണ്ട്.

വെനിസൂലയിലെ റഷ്യൻ സ്വകാര്യ നിക്ഷേപം - 'ശത കോടിക്കണക്കിന് ബില്ല്യൻ ഡോളറുകൾ' എത്തിച്ചേക്കുമെന്ന് പ്രസിഡണ്ട് പുടിൻ പറയുകയുണ്ടായി. ബോളിവിയയിൽ 2 ബില്യൻ മുതൽ 3 ബില്യൺ വരെ ഡോളർ നിക്ഷേപിക്കാൻ ചർച്ച നടത്തിക്കൊണ്ടിരിക്കുന്നതായി ഗാസ്പ്രോം കമ്പനി പറഞ്ഞു. തെക്കെ അമേരിക്കയിലെ വെനിസൂല ക്യൂബ എന്നിവരടങ്ങിയ അമേരിക്കൻ വിരുദ്ധ ത്രിമൂർത്തി സഖ്യത്തിലെ അംഗമാണ് ബോളിവിയ.

ലോകത്തിലെ ശാക്തിക മത്സര സന്തുലനത്തിൽ റഷ്യയുടെ ഭൂമിശാസ്ത്ര രാഷ്ട്രീയ ഉയിർത്തെഴുന്നേൽപ്പ് അമേരിക്കൻ മേധാവിത്വത്തെ തടയിടാൻ നാടകീയമായ നീക്കങ്ങളാണ് നടത്തുന്നത്. അമേരിക്കയിലെ ഡെമോക്രാറ്റിക്ക്, റിപ്പബ്ലിക്കൻ രാഷ്ട്രീയക്കാർ ഒരുപോലെ പ്രസിഡണ്ട് പുടിനെതിരെ രൂക്ഷമായ ഒരു പ്രചാരണ തരംഗം അഴിച്ചുവിട്ടിരിക്കുകയാണ്. പുടിൻ രാഷ്ട്രീയ കൊലപാതകങ്ങൾ സംഘടിപ്പിക്കുന്നുവെന്നും ഏകാധിപതികളെ നിലനിർത്താൻ വേണ്ടി റഷ്യയെ തെറ്റായ വഴിയിലേക്ക് നയിക്കുന്നുവെന്നുമാണ് അമേരിക്കയുടെ ആരോപണം.

റഷ്യയെ സൈനികമത്സര ശ്രമത്തിൽ നിന്നും പിന്തിരിപ്പിക്കാൻ അമേരിക്ക ഒരു പുതിയ സൈനിക തന്ത്രത്തിന് ശ്രമിക്കുകയാണ്. മിസൈൽ ആക്രമണത്തിൽ നിന്നും രക്ഷപ്പെടാൻ ആഗോള വ്യാപകമായി ഒരു സുരക്ഷാ സംവിധാനം എന്ന നിലക്ക് റൊണാൾഡ് റീഗൻ ആരംഭിച്ച 'സ്റ്റാർ വാർ' പദ്ധതി പെന്റഗൺ വീണ്ടും പുനരാരംഭിച്ചിരിക്കുകയാണ്. അമേരിക്കയുടെ സ്റ്റാർ വാർ പദ്ധതിയെ പ്രതിരോധിക്കാൻ സോവിയറ്റ് യൂണിയൻ 1980കളിൽ ശ്രമിച്ചതിന്റെ ഫലമായാണ് റഷ്യ സാമ്പത്തികമായി തകർന്നത്. അമേരിക്കയുടെ ഇപ്പോഴത്തെ സ്റ്റാർ വാർ പദ്ധതിയും റഷ്യയെ അങ്ങനെ തകർക്കുമെന്ന് അമേരിക്ക പ്രതീക്ഷിക്കുന്നു.

കഴിഞ്ഞ വർഷം ആരംഭത്തിൽ 'തെമ്മാടിരാഷ്ട്രങ്ങൾ' എന്ന് അമേരിക്ക വിളിക്കുന്ന ഇറാൻ, നോർത്ത് കൊറിയ എന്നീ രാജ്യങ്ങളിൽ നിന്നുള്ള മിസൈൽ ആക്രമണം തടയാൻ വേണ്ടി റഷ്യൻ അതിർത്തിയോട് ചേർന്ന് ഒരു ആന്റി മിസൈൽ താവളം കിഴക്കൻ യൂറോപ്പിൽ പണിയാൻ വാഷിംഗ്ടൺ തീരുമാനിച്ചിരുന്നു. അമേരിക്കയുടെ ഈ നീക്കത്തെ തങ്ങൾക്കെതിരെയുള്ള നേരിട്ടുള്ള ഒരു ഭീഷണിയാണെന്ന് പറഞ്ഞ് റഷ്യ അപലപിച്ചിട്ടുണ്ട്. യൂറോപ്യൻ മിസൈൽ താവളങ്ങൾ, ആഗോള മിസൈൽ പ്രതിരോധത്തിന്റെ ഭാഗമായി ഇന്റർസെപ്റ്ററുകളേയും റഡാറുകളേയും ഭൂഗർഭത്തിലും യുദ്ധക്കപ്പലുകളിലും യുദ്ധ വിമാനത്തിലും വിന്യസിച്ചുകൊണ്ട് വിപുലീകരിക്കാൻ അമേരിക്കക്ക് പദ്ധതിയുണ്ട്.

അതികണിശമായി ലക്ഷ്യസ്ഥാനങ്ങളിൽ പ്രഹരിക്കാനുള്ള ഉപകരണങ്ങൾ സ്ഥാപിച്ചു കൊണ്ട് അമേരിക്ക അവരുടെ ആണവ ആയുധങ്ങൾയ്ക്ക് ഗുണമേന്മ വരുത്തിയിരിക്കുകയാണ്. അമേരിക്കയുടെ ആഗോള മേധാവിത്വം നിലനിർത്താനുള്ള അവസാനത്തെ പോരാട്ടമാണ് ഇത്. ഈ ശ്രമം വിജയിച്ചാൽ 50 വർഷത്തിനുള്ളിൽ ആദ്യമായി അമേരിക്കക്ക് റഷ്യയുടെ മേൽ ആണവ മേൽക്കൈ നേടിക്കൊടുക്കുകയും റഷ്യയുടെയും ചൈനയുടേയും മറ്റു പ്രതിയോഗികളുടെയും മേൽ തങ്ങളെ മേധാവിത്വം ഉറപ്പിക്കുകയും ചെയ്യാം.

റഷ്യയുടെ സൈനിക ബഡ്ജറ്റ് അമേരിക്കയുടെ ഇരുപതിൽ ഒന്ന് മാത്രമാണ്. അമേരിക്കയുടെ ന്യൂക്ലിയർ മേധാവിത്വ പദ്ധതി ഇതുമായി ബന്ധപ്പെട്ടതാണ്. റഷ്യ ഈ വെല്ലുവിളി നടത്തുമ്പോഴും അമേരിക്കയുമായി റഷ്യയെ തുല്യശക്തിയാക്കാൻ ഇത് പര്യാപ്തമല്ലെന്ന് അവർ കരുതുന്നു. പുതിയ തരം മിസൈലുകൾ ഉല്പാദിപ്പിച്ചുകൊണ്ടുള്ളതാണ് റഷ്യയുടെ തന്ത്ര പ്രധാനമായ പുനരായുധീകരണമെന്ന് പുടിൻ പ്രഖ്യാപിച്ചുകഴിഞ്ഞു. അതോടൊപ്പം സമഗ്രമായ ആകാശ മിസൈലുകളുടെ സിസ്റ്റവും ആകാശത്തുവെച്ചു തന്നെയുള്ള പ്രതിരോധ സംവിധാനവും നിർമ്മിക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചിട്ടുണ്ട്.

അമേരിക്കയുടെ ഏക ധ്രുവ ലോകം അസ്വീകാര്യവും അസാധ്യവുമാണെന്ന പുടിന്റെ പ്രഖ്യാപനവും റഷ്യയുടെ ഈ പദ്ധതികളും പരസ്പരം അനുപൂരകമായി നിൽക്കുന്നു.

(Frontline April 6, 2007)

●

## സ്വർഗ്ഗീയ വിളിയിൽ പ്രതികരിക്കൂ

**ഹദ്റത്ത് അഹ്മദ് (അ)**

"ഞാൻ ഒരതിമഹത്തായ വിജയം കൈവരിക്കാൻ അടുത്തിരിക്കുന്നു. എന്റെ നാവിന് പിന്തുണയായി മറ്റൊരു നാവു സംസാരിക്കുകയാകുന്നു. എന്റെ കൈക്ക് ശക്തിയേകാൻ മറ്റൊരു കൈ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാകുന്നു. ലോകം അതു കാണുന്നില്ലെങ്കിലും ഞാനതു കണ്ടുകൊണ്ടിരിക്കുന്നു. എന്റെ ഉള്ളിൽ സ്വർഗ്ഗീയമായ ഒരാത്മാവ് സംസാരിച്ചുകൊണ്ടിരിക്കുന്നു. അതു എന്റെ ഓരോ വാക്കിനും അക്ഷരത്തിനും ജീവൻ നൽകിക്കൊണ്ടിരിക്കുന്നു. ആകാശത്തിന്റെ അനന്തതകളിൽ വമ്പിച്ച കോളിളക്കവും തിളച്ചുമറിയലും സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അവനത്രെ ഒരു വാവാച്ചിക്കോലത്തിൽ ഈ ഒരുപിടി മണ്ണിനെ ഇവിടെ പ്രരൂപണം ചെയ്തു നിർത്തിയിരിക്കുന്നത്. പശ്ചാത്താപത്തിന്റെ വാതിൽ ഇനിയും കൊട്ടിയടക്കപ്പെട്ടിട്ടില്ലാത്ത ഓരോ ആളും അടുത്തുതന്നെ അറിയുമാറാകും, ഞാൻ സ്വയം എഴുന്നേറ്റവനല്ലെന്ന്! ഒരു സത്യാത്മാവിനെ തിരിച്ചറിയാൻ കഴിയാത്ത നേത്രങ്ങൾ കാഴ്ചയുള്ളവയാണോ?"

***(ഇസാലയെ ഔഹാം)***

ലേഖനം

# ക്രിസ്തുമതം വാഗ്ദത്ത മസീഹിന് മുമ്പും പിമ്പും

അബ്ദുറഹിമാൻ, കൊടിയത്തൂർ

**പത്തൊമ്പതാം നൂറ്റാണ്ടിൽ ക്രിസ്തുമതം ഇസ്‌ലാമിനെതിരെ നടത്തിയ വൻ ആശയപ്രചാരണത്തിന്റെ ഗതി തടുക്കുകയും ഇസ്‌ലാമിക പ്രഭാവത്തിന് മുന്നിൽ ക്രിസ്തീയതയെ തല താഴ്ത്തിക്കുകയും ചെയ്ത ഹദ്റത്ത് അഹ്മദി(അ)ന്റെ ആശയസമരങ്ങളെപ്പറ്റി.**

വാഗ്ദത്ത മഹ്ദി മസീഹ് ആഗതരായാൽ അദ്ദേഹം നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളിൽ പ്രധാനമായി ഹദീസുകളിൽ ആവർത്തിച്ചുവന്നിട്ടുള്ളത് കുരിശിനെ ഉടക്കലും, ദജ്ജാൽ വധവുമാണ്. കുരിശിന്റെ പരാമർശമുള്ള ഹദീസുകളിൽ പൊതുവെ ദജ്ജാൽ വധം പരാമർശിച്ചുകാണുന്നില്ല. ദജ്ജാൽ വധം പരാമർശിക്കുന്നിടത്ത് കുരിശുടക്കലും പരാമർശിച്ചു കാണുന്നില്ല. ഇതിൽ നിന്നു മനസ്സിലാകുന്നത് രണ്ടിന്റെയും വിവക്ഷ ഒന്നു തന്നെ എന്നാണ്. ദജ്ജാലിനെ വാഗ്ദത്ത മസീഹ് 'ബാബ് ലുദ്ദി'ൽ (തർക്കകവാടം അഥവാ വിവാദരംഗം) വെച്ച് വധിക്കുമെന്നാണ് തിരുനബി (സ) അരുളിയിട്ടുള്ളത്. വാഗ്ദത്ത മഹ്ദീ - മസീഹായി ഈ കാലഘട്ടത്തിൽ അല്ലാഹുവിനാൽ നിയോഗിതനായ ഹ: അഹ്മദ് (അ) മേൽ സൂചിപ്പിച്ച കുരിശുടക്കലും ദജ്ജാൽ വധവും ഒന്നുതന്നെയാണെന്നും ക്രൈസ്തവവിശ്വാസം ലോകവ്യാപകമായ മു ന്നേറ്റം നടത്തുകയും ഇസ്‌ലാമിനെതിരെയുള്ള അതിന്റെ കടന്നുകയറ്റം ഉച്ചിയിലെത്തുകയും ചെയ്ത ഈ കാലഘട്ടത്തിൽ അതിനെ പ്രതിരോധിക്കുകയും കുരിശുവിശ്വാസത്തിന്റെ നിരർത്ഥകതയും പ്രമാണരാഹിത്യവും ത്രിയേകത്വ വിശ്വാസത്തിന്റെ യുക്തിവിരുദ്ധതയും തെളിയിച്ചുകാട്ടുകയും ചെയ്യുക എന്നതാണ് തന്നെ ഈ കാലഘട്ടത്തിൽ അല്ലാഹു നിയോഗിച്ചതിന്റെ അതിപ്രധാന ഉദ്ദേശ്യമെന്നും പ്രഖ്യാപിക്കുകയുണ്ടായി. കാര്യബോധമുള്ള ഏതൊരാൾക്കും നിഷേധിക്കുവാൻ കഴിയാത്ത വിധത്തിൽ അവിടുന്ന് പ്രസ്തുത ദൗത്യം നിർവ്വഹിക്കുകയും ചെയ്തു. ഹ: അഹ്മദി(അ)ന്റെ നിയോഗകാലഘട്ടത്തിലെ ക്രിസ്തുമതത്തിന്റെ അവസ്ഥയും, അവിടുത്തെ ദൗത്യത്തിന് 100 വർഷം പിന്നിട്ട ഈ കാലഘട്ടത്തിലെ ക്രിസ്തുമതത്തിന്റെ നിലയും താരതമ്യം ചെയ്യുവാനാണ് ഈ ലേഖനം കൊണ്ട് ഉദ്ദേശിക്കുന്നത്.

19-ാം നൂറ്റാണ്ടിലെ ക്രൈസ്തവ മുന്നേറ്റത്തിന്റെ സുവർണ്ണകാലഘട്ടത്തിൽ പ്രഗൽഭ ക്രൈസ്തവ മിഷണറിയായിരുന്ന വില്യം ബാറോസിന്റെ അഹങ്കാരപൂർണ്ണമായ പ്രഖ്യാപനം കാണുക: "കുരിശിന്റെ പ്രകാശം പ്രസരിച്ച ലബനോൻ, പേർഷ്യൻ പർവ്വത പ്രാന്തങ്ങൾ, ബോസ്ഫറസ് എന്നീ മുസ്‌ലിം നാടുകളിലെ ക്രൈസ്തവ മുന്നേറ്റത്തിന് ഞാൻ തന്നെ ഒരു രൂപരേഖ കുറിക്കുന്നു. അതാകട്ടെ കയ്റോ, ഡമസ്കസ്, തെഹ്റാൻ എന്നീ രാജ്യങ്ങൾ ക്രിസ്തുവിന്റെ ദാസന്മാരായിത്തീരുന്നതിന്റെ മുന്നോടിയത്രെ. അറേബ്യയുടെ അകത്തളങ്ങളിൽ കയറി മക്കയിലും കഅ്ബയിലും ക്രിസ്തുമതം പ്രവേശിക്കും. അവിടങ്ങളിലും കുരിശ് നാട്ടും. മുഴുവൻ സത്യവും പ്രഖ്യാപിക്കപ്പെടും. യേശുവാണ് ശാശ്വതസത്യമെന്ന് ആവർത്തി

ക്കുകയും ചെയ്യും" (വില്യംബാറോസ് 1892).

അതേകാലഘട്ടത്തിൽ പാതിരി ഹണ്ടർ, ബിഷപ്പ് ലഫ്റോയി, മാർട്ടിൻ ക്ലർക്ക്, അബ്ദുല്ലാ ആഥിം തുടങ്ങിയ പാതിരിമുഖ്യന്മാർ ഇന്ത്യ യേശുവിന്റെ സമ്മാനമാണെന്നും ഭാരതരാജ്യം ഒന്നടങ്കം യേശുവിനുവേണ്ടി ജയിച്ചടക്കാൻ തങ്ങളിതാ ഒരുങ്ങിക്കഴിഞ്ഞു എന്നും വീരവാദം മുഴക്കുകയുണ്ടായി. അക്കാലത്ത് മൗലവിമാർ ഉൾപ്പെടെ ആയിരക്കണക്കിന് മുസ്‌ലിംകൾ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടു. കൊണ്ടിരിക്കുകയായിരുന്നു.

ലോകപ്രസിദ്ധ മുസ്‌ലിം പണ്ഡിതനായിരുന്ന അബുൽ ഹസൻ അലി നദ്‌വി തന്റെ 'ഖാദിയാനിസം' എന്ന കൃതിയിൽ 19-ാം നൂറ്റാണ്ടിലെ ക്രൈസ്തവ മുന്നേറ്റത്തെക്കുറിച്ചും, മുസ്‌ലിം സമുദായത്തിന്റെ നിസ്സഹായതയെ സംബന്ധിച്ചും വിശദമായി വിവരിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു:

"പത്തൊമ്പതാം നൂറ്റാണ്ട്.. പാശ്ചാത്യ-പൗരസ്ത്യ നാഗരികതകൾ തമ്മിൽ, പ്രാചീനവും, ആധുനികവുമായ രണ്ട് സംസ്കാരങ്ങൾ തമ്മിൽ, ഇസ്‌ലാം, ക്രിസ്ത്യാനിസം എന്നീ രണ്ട് മതങ്ങൾ തമ്മിൽ... വ്യക്തവും ശക്തവുമായ സംഘട്ടനം... രാഷ്ട്രീയാധിപത്യത്തിനും സാംസ്കാരിക ശക്തിക്കും അവർ (മുസ്‌ലിംകൾ) കീഴൊതുങ്ങി. വെള്ളക്കാരന്റെ ഭരണം വന്നു. പാശ്ചാത്യ സംസ്കാരവും നാഗരികതയും പ്രചരിപ്പിച്ചു ക്രിസ്തുമതത്തിലേക്ക് ആളെ ക്ഷണിച്ചുകൊണ്ട് പാതിരിമാർ നാടെങ്ങും ഓടിനടന്നു. ഇസ്‌ലാമിക വിശ്വാസത്തിനിളക്കം തട്ടിക്കാനും വിശ്വാസപ്രമാണങ്ങളുടെയും ശരീഅത്തിന്റെയും അടിത്തറകൾ തകർക്കാനുമായിരുന്നു അവർ കിണഞ്ഞു ശ്രമിച്ചത്. യുവതലമുറയാണ് പ്രത്യേകിച്ചു ഇവരുടെ പ്രബോധനത്തിനിരയായത്...

"ക്രൈസ്തവ നവീകരണ പ്രസ്ഥാനം പൊട്ടിമുളച്ചു. നിരീശ്വരത്വത്തിന്റെയും വിശ്വാസപരമായ പാപ്പരത്ത്വത്തിന്റെയും അലയടികൾ ശക്തമായി അതിക്രമിച്ചുകടന്നു." (പേജ് 11-12)

നദ്‌വി സാഹിബ് തുടുന്നു: "19-ാം നൂറ്റാണ്ടിന്റെ ഒടുക്കം. പാശ്ചാത്യ ദുർഭരണവുമായി ഇസ്‌ലാമിക ലോകത്തെ കടന്നാക്രമിച്ചു..... കുറച്ചു മുമ്പു തന്നെ വിശ്വാസവും വിവരവും, കരുത്തും കുറഞ്ഞു വരികയും ക്ഷീണിച്ചു തുടങ്ങുകയും ചെയ്തിരുന്ന ഇസ്‌ലാമിക ലോകം പടക്കോപ്പുകളണിഞ്ഞ ചോരത്തിളപ്പുള്ള പാശ്ചാത്യർക്കിരയായി. സമ്പൂർണ്ണമായി തളർന്നു കഴിഞ്ഞ ഇസ്‌ലാമിക വിശ്വാസവും നിരീശ്വര ഭൗതികനാഗരികതയും തമ്മിൽ വമ്പിച്ചൊരു സംഘട്ടനം നടന്നു..." ക്രിസ്തുമതത്തിന്റെ ഇസ്‌ലാമിനെതിരെയുള്ള നിസ്സഹായാവസ്ഥയെ വിവരിക്കുന്ന നദ്‌വി സാഹിബിന്റെ വിവരണങ്ങൾ ഉദ്ധരിക്കുകയാണെങ്കിൽ ഈ ലേഖനം നീണ്ടു പോവും.

നിലവിലുള്ള സംവിധാനങ്ങൾക്ക് ഈ പ്രതിസന്ധിയെ നേരിടുവാൻ സാധ്യമായിരുന്നില്ല എന്ന കാര്യം അദ്ദേഹം തന്റെ ഗ്രന്ഥത്തിൽ ആവർത്തിക്കുന്നുണ്ട്. "ധർമ്മസമരത്തിന്റെ ചൂടും ചുണയുമുള്ള ഒരു മുജദ്ദിദിന്റെ അനിവാര്യത ഇസ്‌ലാമിക ലോകത്തു വ്യക്തമായി. ... ഇസ്‌ലാമിക ലോകത്തെ ഒന്നിപ്പിക്കുകയും പുതിയൊരു ജീവിതം സമ്മാനിക്കുകയും തന്റെ ഈമാന്റെ ശക്തിയും അറിവിന്റെ വെൺമയും സമരാവേശവുമുപയോഗിച്ച് പാശ്ചാത്യ സംസ്കാരത്തിന്റെ കടന്നാക്രമണം നേരിടാൻ കഴിവുമുള്ള ഒരു പ്രബോധകനെ ആവശ്യപ്പെടുകയായിരുന്നു ഇസ്‌ലാമിക ലോകം." (പേജ് 177)

മുജാഹിദുകളുടെ ആദ്യകാല പ്രസിദ്ധീകരണമായിരുന്ന 'അൽ മുർശിദ്' മാസികയിൽ ഒരു പ്രമുഖ അറബ് പണ്ഡിതന്റെ ഗ്രന്ഥം "മുസ്‌ലിംകൾ എന്തുകൊണ്ട് പിന്നോക്കമായി" എന്ന പേരിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിരുന്നു (1958). പ്രസ്തുത ഗ്രന്ഥത്തിൽ 19-ാം നൂറ്റാണ്ടിൽ മൊറോക്കോ എന്ന മുസ്‌ലിം രാജ്യത്ത് 'ബർബർ' ഗോത്രക്കാരായ 80 ലക്ഷം മുസ്‌ലിംകൾ ഫ്രഞ്ച് ക്രിസ്ത്യാനികളുടെ പ്രബോധനഫലമായി ക്രിസ്ത്യാനികളായി മാറുകയുണ്ടായി എന്ന ഞെട്ടിപ്പിക്കുന്ന സത്യം വെളിപ്പെടുത്തുകയുണ്ടായി. ഇത്രയും വിവരിക്കുവാൻ കാരണം വാഗ്ദത്ത മസീഹിന്റെ ആഗമനകാലഘട്ടത്തിലെ ക്രിസ്തീയ പ്രഭാവവും മുസ്‌ലിം ശോച്യാവസ്ഥയും വിവരിക്കാൻ വേണ്ടിയാണ്.

ചുരുക്കത്തിൽ ഇസ്‌ലാമിക സൗധത്തെ തകർത്തെറിയാൻ സംഹാര ഭാവത്തോടെ ഇരമ്പി വന്ന ക്രൈസ്തവശക്തികളുടെ തേരോട്ടത്തെ തടുത്തുനിർത്തുകയും, ഇസ്‌ലാമിക മുന്നേറ്റത്തിന്റെ യാഗാശ്വത്തെ മുമ്പോട്ടു നയിക്കുകയും ചെയ്യുക എന്ന ദിവ്യ ദൗത്യവുമായി നിയോഗിതനായ അല്ലാഹുവിന്റെ 'ഫയൽവാൻ' വാഗ്ദത്ത മസീഹ് ഹ: അഹ്‌മദ് (അ) തന്റെ ദൗത്യം ഏതൊരു സവിശേഷ കാലഘട്ടത്തിലാണ് തുടക്കം കുറിച്ചതെന്നും, അവിടുത്തെ ദിവ്യദൗത്യത്തെത്തുടർന്നുണ്ടായിട്ടുള്ള പരിവർത്തനങ്ങൾ എത്തരത്തിലുള്ളതായിരുന്നുവെന്നും നിഷ്പക്ഷ ചിന്തകരും, സത്യാന്വേഷികളുമായ സൽബുദ്ധികൾ പരിശോധിക്കാൻ തയ്യാറാവേണ്ടിയിരിക്കുന്നു.

ഹ: അഹ്‌മദി(അ)ന്റെ ക്രിസ്തുമതത്തിനെതിരായ പോരാട്ടം ബഹുമുഖമായിരുന്നു. ക്രിസ്തുമതത്തിന്റെ അടിസ്ഥാനതത്വം ജന്മപാപസിദ്ധാന്തവും പാപപരിഹാരാർത്ഥമുള്ള യേശുവിന്റെ കുരിശു മരണവുമാണല്ലോ. ആദ്യമായി ബൈബിളിന്റെയും യുക്തിചിന്തയുടേയും അടിസ്ഥാനത്തിൽ ജന്മപാപസിദ്ധാന്തത്തെ അദ്ദേഹം ഖണ്ഡിക്കുകയുണ്ടായി. ആദാം പാപം ചെയ്തു എന്ന് പറയുന്നതു തന്നെ തെറ്റാണെന്നും, പാപം എന്നു പറയുന്നത് ബോധപൂർവ്വം ചെയ്യുന്ന ആജ്ഞാലംഘനമാണെന്നും, ആദാം അത്തരത്തിലൊരു തെറ്റ് ചെയ്തതായി ബൈബിളിൽ നിന്ന് തെളിയുന്നില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. 'അപ്പൻ ചെയ്ത കർമ്മത്തിന്റെ ഫലം മകൻ അനുഭവിക്കുകയില്ല' എന്ന കാര്യം വ്യക്തമാക്കുന്ന നിരവധി ബൈബിൾ വചനങ്ങൾ തന്നെ എടുത്തുകാണിച്ചുകൊണ്ട് പാപം തലമുറ

കളിലേക്ക് സംക്രമിക്കുമെന്ന ക്രൈസ്തവവാദത്തിന്റെ മുനയൊടിക്കുകയുണ്ടായി അദ്ദേഹം. പിന്നെയുള്ളത് യേശുവിന്റെ കുരിശു മരണമാണ്. അക്കാര്യത്തിൽ അദ്ദേഹം മുന്നോട്ടു വെച്ച തെളിവുകൾ ഉജ്ജ്വലവും ക്രിസ്തുമതവിശ്വാസങ്ങളെ തകർത്തെറിയുന്നതുമായിരുന്നു. 'മസീഹ് ഹിന്ദുസ്ഥാൻ മെ' എന്ന ഗ്രന്ഥത്തിലൂടെ അദ്ദേഹം മുമ്പോട്ടുവെച്ച വാദമുഖങ്ങൾക്ക് മുമ്പിൽ വരാൻ ഒരൊറ്റ ക്രൈസ്തവ പണ്ഡിതനും ഇതേവരെ തയ്യാറായിട്ടില്ല.

പ്രസ്തുത ഗ്രന്ഥത്തിൽ യേശു കുരിശിൽ നിന്ന് രക്ഷപ്പെട്ടുവെന്നതിലേക്കുള്ള ബൈബിൾ തെളിവുകൾ അദ്ദേഹം മുന്നോട്ട് വെക്കുകയുണ്ടായി. യേശു, തന്നോട് അടയാളം ചോദിച്ചവരോട് യോനാ (യുനൂസ്)യുടെ അടയാളം പറഞ്ഞുകൊണ്ട് കല്ലറയിലുള്ള തന്റെ കിടത്തം ജീവനോടുകൂടിയായിരിക്കുമെന്നകാര്യം വ്യക്തമാക്കുന്നു. ഗദ്ശമന തോട്ടത്തിലെ പ്രാർത്ഥനയും കുരിശിൽ കിടന്നുള്ള യേശുവിന്റെ വിലാപവും പിലാത്തോസിന്റെ ഭാര്യ കണ്ട സ്വപ്നവുമെല്ലാം വ്യക്തമാക്കുന്നത് കുരിശിൽ വെച്ചുള്ള മരണം യേശുവിന്റെയോ, ദൈവത്തിന്റെയോ ഹിതമായിരുന്നില്ല എന്നതാണ്. ഇതുപോലെ നിരവധി തെളിവുകൾ വാഗ്ദത്ത മസീഹ് എടുത്തുകാണിക്കുകയുണ്ടായി. കൂടാതെ കുരിശിൽ നിന്ന് ഇറക്കപ്പെട്ട യേശുവിന്റെ മുറിവിൽ പുരട്ടുന്നതിന് വേണ്ടി പ്രത്യേകം തയ്യാറാക്കപ്പെട്ട 'മർഹമെ ഈസ' എന്ന ലേപനൗഷധത്തെ സംബന്ധിച്ച് പുരാതന വൈദ്യശാസ്ത്രഗ്രന്ഥങ്ങളിൽ പരാമർശിക്കപ്പെട്ട കാര്യം യേശു ജീവനോടെയാണ് കുരിശിൽ നിന്ന് ഇറക്കപ്പെട്ടത് എന്നതിലേക്ക് ഒരുജ്ജ്വല സാക്ഷ്യമായി അവിടുന്ന് സമർത്ഥിക്കുകയുണ്ടായി.

കാണാതായ 10 ഇസ്രാഈലി ഗോത്രങ്ങളുടെ പ്രവാസജീവിതത്തെ സംബന്ധിച്ചുള്ള ബൈബിൾപരവും ചരിത്രപരവുമായ തെളിവുകൾ മുഖേന യേശുവിന്റെ കുരിശിൽ നിന്നുള്ള അതിജീവനവും കാണാതെപോയ ആടുകളെ അന്വേഷിച്ചുള്ള അദ്ദേഹത്തിന്റെ യാത്രയുടെ അനിവാര്യതയും 'മസീഹ് ഹിന്ദുസ്ഥാൻ മെ' എന്ന ഗ്രന്ഥത്തിലൂടെ ഹ:അഹ്മദ് (അ) ചൂണ്ടിക്കാട്ടി.

അതുപോലെ ത്രിയേകത്വസിദ്ധാന്തത്തിന്റെ യുക്തിരാഹിത്യവും പ്രമാണരാഹിത്യവും അദ്ദേഹം സമർത്ഥിക്കുകയുണ്ടായി. ക്രിസ്ത്യാനികളുടെ 'ദൈവ'മായ യേശു മരിച്ചുപോയിരിക്കുന്നുവെന്നും, അദ്ദേഹത്തിന്റെ ഖബർ ശ്രീനഗറിലെ ഖാൻയാർ തെരുവിൽ സ്ഥിതിചെയ്യുന്നുവെന്നും, പ്രസ്തുത ഖബർ തുറന്നു പരിശോധിക്കുകയാണെങ്കിൽ, അനിഷേധ്യവും മൂർത്തവുമായ തെളിവുകൾ അതിൽ നിന്നും ലഭിക്കുന്നതാണെന്നുമുള്ള ഹ: അഹ്മദിന്റെ പ്രഖ്യാപനം ക്രൈസ്തവലോകത്തെ കിടിലം കൊള്ളിക്കുകയുണ്ടായി. ഇന്ന് പാശ്ചാത്യഗവേഷകരുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് പതിഞ്ഞുകൊണ്ടിരിക്കുകയും ഹ: അഹ്മദി(അ)ന്റെ വാദങ്ങൾ ശരിവെക്കുന്ന നിരവധി ഗവേഷണഫലങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഹ: അഹ്മദ് (അ) ക്രൈസ്തവതക്ക് നൽകിയ മറ്റൊരു പ്രഹരം, ക്രിസ്തീയ വിശ്വാസങ്ങൾക്ക് വളമായിത്തീർന്നിരുന്ന മുസ്‌ലിംകളുടെ തെറ്റായ വിശ്വാസങ്ങൾ തിരുത്തി എന്നുള്ളതാണ്. ഈസാ (അ) മരിക്കാതെ അല്ലാഹുവിന്റെ അടുത്ത് ഇരിക്കുന്നുവെന്നും, അദ്ദേഹം മരിച്ചവരെ ജീവിപ്പിച്ചു, പക്ഷികളെ സൃഷ്ടിച്ചു, കുരുടന് കാഴ്ച നൽകുകയും, വെള്ളപ്പാണ്ഡ് മാറ്റുകയും ചെയ്തുവെന്നും മറ്റുമുള്ള ക്രൈസ്തവ വിശ്വാസങ്ങൾ മുസ്‌ലിംകളും വെച്ചുപുലർത്തുന്നതു കാരണം, ക്രിസ്ത്യാനികൾക്ക് യേശുവിന്റെ ദിവ്യത്വം സ്ഥാപിക്കാൻ ഏറെ എളുപ്പമായിരുന്നു. 'മർകസുൽ ബിശാറ' പ്രസിദ്ധീകരിച്ച റവ: ഫാദർ കെ.കെ. അലവിയുടെ 'ഒരു അന്വേഷണത്തിന്റെ അന്ത്യം' എന്ന പുസ്തകം വായിക്കുന്നവർക്ക് ഈ കാര്യം എളുപ്പം മനസ്സിലാക്കാം. ഹ: അഹ്മദ് (അ) വിശുദ്ധ ഖുർആനിലെ 'മുതശാബിആത്ത്' ആയ വചനങ്ങളുടെ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊടുത്തുകൊണ്ട്, യേശുവിനെ സംബന്ധിച്ച അതിശയോക്തിപരമായ വിശ്വാസങ്ങളിൽ നിന്നും മുസ്‌ലിംകളെ രക്ഷിക്കുകയുണ്ടായി. മാത്രമല്ല 'കടുകുമണിയോളം വിശ്വാസമുള്ളവർക്ക് യേശു കാണിച്ച അത്ഭുതങ്ങൾ കാണിക്കാം' എന്ന ബൈബിൾ വാക്യം എടുത്തു കാണിച്ച്, യേശു ചെയ്തതായി ക്രിസ്ത്യാനികൾ ഘോഷിക്കുന്ന അത്ഭുതങ്ങൾ സ്വയം കാണിച്ചുകൊണ്ട്, യേശുവിന്റെ ദൈവത്വവും, തങ്ങളുടെ വിശ്വാസവും തെളിയിക്കുവാൻ ക്രൈസ്തവ പാതിരിമാരെ വാഗ്ദത്ത മസീഹ് വെല്ലുവിളിച്ചപ്പോൾ പാതിരിമാർ സ്തബ്ധരായി പിന്തിരിഞ്ഞോടുന്ന കാഴ്ചയാണ് കാണുവാൻ കഴിഞ്ഞത്. ക്രിസ്ത്യാനികളുമായി ഒട്ടൊക്കെ ഫലപ്രദമായി സംവദിച്ചുകൊണ്ടിരിക്കുന്ന അഹ്മദ് ദീദാത്ത് മുതൽ എം.എം. അക്ബർ വരെയുള്ള മുസ്‌ലിം പ്രബോധകർ ഹ: അഹ്മദിന്റെ (അ) വാദമുഖങ്ങളിൽ ഊന്നിക്കൊണ്ടാണ് തങ്ങളുടെ വാദഗതികൾ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത് എന്ന യാഥാർത്ഥ്യം ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ തന്നെ എടുത്തു കാണിക്കുന്നത് കാണുവാൻ കഴിയും.

യേശുവിന്റെ അത്ഭുതപ്രവൃത്തികളും ദിവ്യദൃഷ്ടാന്തങ്ങളും കൊട്ടിഘോഷിച്ചുകൊണ്ടിരുന്ന ക്രൈസ്തവ പാതിരിമാരുടെ മുമ്പിൽ ഹ: അഹ്മദ് (അ) ആത്മീയ സമരത്തിനുള്ള ആഹ്വാനം മുഴക്കിയപ്പോൾ ഒരാൾ പോലും അതിന് ധൈര്യം കാണിച്ചില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഇസ്‌ലാമിന്റെയും മുഹമ്മദ് (സ)യുടെയും സത്യതയ്ക്കുള്ള അടയാളം കാണിക്കുവാൻ താൻ തയ്യാറാണെന്നുള്ള വിളംബരം ഏഷ്യയിലും, യൂറോപ്പിലുമെല്ലാം അവിടുന്ന് പ്രചരിപ്പിക്കുകയും ക്രൈസ്തവ ലോകത്തെ അവരുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യുന്ന രീതിയിൽ ആഹ്വാനം ചെയ്തുകൊണ്ടിരിക്കുകയും ചെയ്തുവെങ്കിലും ക്രൈസ്തവലോകം മൗന

ത്തിന്റെ മാളത്തിലൊളിക്കുകയാണ് ചെയ്യുകയുണ്ടായത്. അമേരിക്കയിൽ നിന്ന് അലക്സാണ്ടർ ഡൂയി എന്നൊരാൾ രംഗത്ത് വന്നപ്പോൾ ക്രിസ്തുമതത്തിന്റെ പരാജയവും, ഇസ്ലാമിന്റെ വിജയവും വ്യക്തമാകുന്ന അത്യത്ഭുതകരമായ ദിവ്യാൽഭുതം വെളിപ്പെടുകയുമുണ്ടായി. പ്രസ്തുത സംഭവത്തെ സംബന്ധിച്ചും, ആത്മീയസമരത്തിൽ ഇസ്ലാമിനെ പ്രതിനിധീകരിച്ച വാഗ്ദത്ത മസീഹിന് ഉജ്വലവിജയം സമ്മാനിച്ച പ്രവചനങ്ങൾ പ്രസിദ്ധപ്പെടുത്തിയ 32 ഓളം പത്രങ്ങളുടെ പേരുകൾ, പ്രസിദ്ധീകരിച്ച തീയതി സഹിതം അവിടുന്ന് തന്റെ ഹഖിഖത്തുൽ വഹ്യ് (ഭാഗം 72) എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലുധിയാനയിൽ വെച്ച് ക്രൈസ്തവപണ്ഡിതന്മാരുമായി അവിടുന്ന് നടത്തിയ 10 ദിവസം നീണ്ട സംവാദം ക്രൈസ്തവ കേന്ദ്രങ്ങളിൽ വലിയ കോളിളക്കം തന്നെ സൃഷ്ടിക്കുകയുണ്ടായി. പ്രസ്തുത സംവാദത്തിന്റെ വിശദമായ വിവരണം വാഗ്ദത്ത മസീഹ് തന്റെ 'ജംഗെ മുഖദ്ദസ്' എന്ന വിഖ്യാതഗ്രന്ഥത്തിൽ നൽകിയിട്ടുണ്ട്.

### മുസ്ലിം ഉലമാക്കളുടെ സാക്ഷ്യം

ലോകപ്രസിദ്ധ പണ്ഡിതനും, ഇന്ത്യയുടെ പ്രഥമ വിദ്യാഭ്യാസ മന്ത്രിയുമായിരുന്ന മൗലാനാ അബുൽ കലാം ആസാദ് പറയുന്നു: "മിർസാ സാഹിബിന്റെ ഭാഗത്തു നിന്നും ക്രിസ്ത്യാനികൾക്കും ആര്യ സമാജക്കാർക്കുമെതിരായി ആവിഷ്കരിക്കപ്പെട്ടിട്ടുള്ള സാഹിത്യങ്ങൾ പൊതുജനസമ്മതത്തിന്റെ ബിരുദം നേടിക്കഴിഞ്ഞവയാണ്. അദ്ദേഹം തന്റെ കടമ പൂർത്തിയാക്കിയ ഈ അവസരത്തിൽ ആ സാഹിത്യത്തിന്റെ മേന്മയും മഹത്വവും ഹൃദയപൂർവ്വം നാം സമ്മതിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുമതത്തിന്റെ നേർക്ക് അദ്ദേഹത്തിന്റെ പ്രത്യാക്രമണം ആ മതത്തിന്നു ഭരണത്തിന്റെ തണലിലായിരുന്നതുകൊണ്ട് സിദ്ധിച്ചിരുന്ന സ്വാധീനശക്തിയെ മാത്രമല്ല, ക്രിസ്തുമതത്തിന്റെ ജീവനെത്തന്നെയും തകർത്തുകളഞ്ഞിരിക്കുന്നു. (ദജ്ജാലിനെ വധിക്കുമെന്ന ഹദീസിലെ വിവരണം സ്മരിക്കുക: ലേഖകൻ) ... വിവിധ മതങ്ങൾക്കെതിരായി ഇസ്ലാമിന്റെ മേന്മ സ്ഥാപിക്കുന്ന കാര്യത്തിൽ അദ്ദേഹത്തിന്നു പ്രത്യേകമായ പാടവമുണ്ടായിരുന്നു. (വക്കീൽ പത്രം 1908 ജൂൺ) വടക്കെ ഇന്ത്യയിലെ പ്രമുഖ പണ്ഡിതനും ദയൂബന്ദി ഫിർഖയുടെ സമുന്നത പണ്ഡിതനുമായിരുന്ന അശ്റഫലി ഥാനവിയുടെ വിശുദ്ധ ഖുർആൻ പരിഭാഷയുടെ ആമുഖത്തിൽ മുസ്ലിം പണ്ഡിതന്മാർക്ക് ക്രിസ്ത്യാനികളുടെ ആക്രമണങ്ങളെ നേരിടുന്നതിൽ സംഭവിച്ച പരാജയങ്ങളും, അവസാനം ഹ: അഹ്മദുൽ ഖാദിയാനി (അ) രംഗത്ത് വന്നുകൊണ്ട് അവരെ നേരിട്ട് പരാജയപ്പെടുത്തിയ കാര്യവും വ്യക്തമായ നിലയിൽ പ്രസ്താവിക്കുന്നുണ്ട്. അല്ലാമാ നിയാസ് ഫതഹ്പൂരി, മുഹമ്മദ് ഹുസൈൻ ബട്ടാലവി തുടങ്ങിയ നിരവധി പണ്ഡിതന്മാർ ഈ കാര്യം ഏറ്റുപറഞ്ഞിട്ടുണ്ട്.

സുനാമി തിരപോലെ ഇസ്ലാമിന്റെ നേർക്ക് ആഞ്ഞടിച്ചുവന്ന ക്രൈസ്തവശക്തി വാഗ്ദത്ത മസീഹ് സൃഷ്ടിച്ച പ്രതിരോധ ഭിത്തിയിൽ തട്ടി ചിന്നിച്ചിതറിയത് എപ്രകാരമായിരുന്നുവെന്നും, 100 വർഷം പിന്നിട്ട ഈ കാലഘട്ടത്തിൽ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ മുന്നേറ്റത്തിന്റെ മുമ്പിൽ ക്രൈസ്തവ ശക്തി തകർന്നടിഞ്ഞത് വിസ്മയപ്പെടുത്തുന്ന വേഗതയിലായിരുന്നുവെന്നും കാണുവാൻ കഴിയും.

'യുവദീപം' എന്ന ക്രൈസ്തവ മാസികയിൽ സുരേഷ് വി. മാത്യു 'ഇസ്ലാമിന്റെ നവോത്ഥാനം പുതിയ വെല്ലുവിളികളോ' എന്ന ലേഖനത്തിൽ പറയുന്നു: "ഇസ്ലാംമതപ്രചാരണം ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളിൽ ഒരു പുതിയ വഴിത്തിരിവിൽ എത്തിയിരിക്കുന്നു. ഈ പുതിയ വെല്ലുവിളികളെ ഏഷ്യയിലെ ക്രൈസ്തവ ലോകം എങ്ങനെ വീക്ഷിക്കും എന്നത് ചിന്താർഹമായ വസ്തുതയത്രെ. ഇങ്ങനെയൊരു നവോത്ഥാനത്തിന്റെ ശില്പികളിൽ പ്രമുഖർ അഹമ്മദീയ മുസ്ലിം മിഷൻ എന്നറിയപ്പെടുന്ന ഒരു രാജ്യാന്തര സംഘടനയത്രെ. ഏതാണ്ട് 35 രാജ്യങ്ങളിൽ (ഇന്ന് 186 രാജ്യങ്ങളിൽ അഹ്മദിയ്യാമിഷൻ സ്ഥാപിതമായിരിക്കുന്നു.. ലേഖകൻ) പരന്നു കിടക്കുന്ന ശക്തമായ ശൃംഖലകളുള്ള ഈ പ്രസ്ഥാനത്തിന്റെ ശൈലി ക്രിസ്തീയ മിഷനറി സംഘടനകൾക്ക് സമമാണ്. ഇസ്ലാം മതത്തിലെ അഹമ്മദീയ പ്രസ്ഥാനത്തിന്റെ സ്ഥാപകനായ മിർസാ ഗുലാം അഹ്മദ് ക്രിസ്ത്യാനികളുടെ മിശിഹായും, ഇസ്ലാമിലെ വരുവാനുള്ള മഹ്ദിയും താനാണെന്നു അവകാശപ്പെട്ടു. ഒരു പക്ഷെ ഇതിൽനിന്നായിരിക്കണം ക്രിസ്തുമതത്തെ അങ്ങേയറ്റം എതിർക്കുവാനുള്ള പ്രചോദനം അവർക്കു ലഭിച്ചത്. ബലപ്രയോഗത്തിൽ കൂടിയല്ല പിന്നെയോ പ്രസംഗത്തിലൂടെയാണ് ഇത് സാധിക്കേണ്ടത് എന്ന മിർസാ ഗുലാം അഹ്മദിന്റെ ഉപദേശം അവരെ തീക്ഷ്ണതയുള്ള മിഷനറിമാരാക്കിത്തീർത്തു." ലോകപ്രശസ്ത സുവിശേഷകനായ ബില്ലി ഗ്രഹാമിനെ കെനിയയിലെ അഹ്മദിയ്യാ മുബല്ലിഗ് മൗലവി ശൈഖ് മുബാറക് അഹ്മദ് സാഹിബ് ആത്മീയസമരത്തിന് വെല്ലുവിളിച്ചതും ബില്ലിഗ്രഹാമിന്റെ ഒഴിഞ്ഞുമാറ്റവും വിവരിക്കുന്നുണ്ട് ക്രൈസ്തവ ലേഖകൻ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ഇസ്ലാമിക മുന്നേറ്റങ്ങൾ വിവരിച്ചശേഷം ലേഖ നം അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്: "ഇന്നു തുറക്കപ്പെടുന്ന ഈ രാജ്യങ്ങളിലെ അല്പമായെങ്കിലുമുള്ള സുവിശേഷത്തിന്റെ വാതിലുകൾ എന്നെന്നേക്കുമായി അടയുവാൻ പോകുന്നതിന്റെ ശംഖുനാദമാണോ ഇത്? കാലം ഉത്തരം നൽകട്ടെ" (യുഗദീപം 1980 മാർച്ച്) വാഗ്ദത്ത മസീഹ് സൃഷ്ടിച്ചുവിട്ടിട്ടുള്ള ഇസ്ലാമിക മുന്നേറ്റത്തിന്റെ തിരമാലകളിൽ ക്രൈസ്തവ സുവിശേഷം മാത്രമല്ല ക്രിസ്തുമതം തന്നെ ഒഴുകിപ്പോകുമെന്ന കാര്യത്തിൽ സംശയമില്ല.

'ഇസ്ലാം സംവാദം' എന്ന വിഖ്യാത ക്രൈസ്തവ ഗ്രന്ഥത്തിൽ മുസ്ലിം പ്രബോധകനായിരുന്ന അഹ്മദ് ദീദാത്തും, ജോസ് മക്ഡോവൽ, ജോൺ ഗിൽഗ്രെയിറ്റ് എന്നീ

ക്രൈസ്തവ പണ്ഡിതന്മാരുമായി നടന്ന സംവാദത്തിന്റെ വിവരണമാണ് അടങ്ങിയിട്ടുള്ളത്. പ്രസ്തുത ഗ്രന്ഥത്തിൽ ഹ: അഹ്മദിനേയും അഹ്മദിയ്യാ പ്രസ്ഥാനത്തെയും പലയിടത്തും പരാമർശിക്കുന്നതു കാണാം.

കുരിശു സംഭവത്തെ സംബന്ധിച്ച ഖുർആൻ സൂക്തങ്ങൾക്ക് അഹ്മദിയ്യാ ജമാഅത്ത് നൽകുന്ന വിശദീകരണങ്ങളെ വിലയിരുത്തിക്കൊണ്ട് 'ഇസ്‌ലാം സംവാദം' 168-ാം പേജിൽ പറയുന്നതു കാണുക: "മേൽപറഞ്ഞ വേദഭാഗങ്ങളുടെ വ്യാഖ്യാനത്തിൽ, പാരമ്പര്യ മുസ്‌ലിം ചിന്താഗതിയെ നിരസിക്കുക മാത്രമല്ല, ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറയെത്തന്നെ തകർക്കുന്ന ഉഗ്രമായ ഒരു പ്രഹരം ഏല്പിക്കുവാനാണ് അവർ ലക്ഷ്യം വെച്ചിരിക്കുന്നത്."

യാഥാസ്ഥിതിക മുസ്‌ലിംകളുമായുള്ള അഹ്മദികളുടെ വിശ്വാസഭിന്നതകളെ വിലയിരുത്തിക്കൊണ്ട് പ്രസ്തുത ഗ്രന്ഥം തുടരുന്നു: "ക്രിസ്തീയ വിശ്വാസത്തിനെതിരായി ഇസ്‌ലാമിനെ അനുകൂലിക്കുന്ന ഉപദേശങ്ങളിലാണ് പ്രധാനപ്പെട്ട വ്യത്യാസങ്ങൾ കാണുന്നത്. ഇതിന്റെ കാരണം അഹമ്മദീയ വിഭാഗക്കാരുടെയോ അഥവാ ഖാദിയാനിസത്തിന്റെയോ പ്രധാന സവിശേഷതകൾ ക്രിസ്തീയ വിശ്വാസത്തിനെതിരായുള്ള അവരുടെ ഉറച്ച നിലപാടാണ് എന്നതാണ്" (പേജ് 171)

ഇസ്‌ലാം മതപ്രബോധനരംഗത്ത്, പ്രത്യേകിച്ച് ക്രൈസ്തവ ഖണ്ഡനത്തിൽ വിജയിച്ചിട്ടുള്ള മുസ്‌ലിം പണ്ഡിതരുണ്ടെങ്കിൽ അവർ ഹ: അഹ്മദി(അ)ന്റെ ആത്മീയ ഉറവയിൽ നിന്ന് ഫലമെടുത്തവരാണെന്ന് വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും. അഹ്മദ് ദീദാത്ത് മുതൽ എം.എം. അക്ബർ വരെയുള്ളവർ പ്ര സ്തുത ഗണത്തിൽപെട്ടവരാണെന്ന് കാണുവാൻ കഴിയും. ആഫ്രിക്കയിലെ പ്രബോധകനായിരുന്ന ദീദാത്ത് അഹ്മദിയാ സാഹിത്യങ്ങൾ വായിക്കുകയും, ഒരുവേള ജമാഅത്തിൽ പ്രവേശിക്കേണ്ട ഘട്ടത്തിലെത്തിയശേഷം, തനിക്ക് ലഭിച്ച ഈ പുത്തൻ അറിവുകളുടെ വിപണന സാധ്യത മനസ്സിലാക്കി ഭൂരിപക്ഷ സമൂഹത്തിൽ തന്നെ നിലകൊള്ളുകയാണ് ചെയ്തത്. ഇസ്‌ലാം സംവാദത്തിൽ രേഖപ്പെടുത്തിയത് കാണുക: "ക്രിസ്ത്യാനികൾക്കും മുസ്‌ലിംകൾക്കും വേണ്ടി ഖാദിയാനി സിദ്ധാന്തം വളർത്തിക്കൊണ്ടു വരുവാനാണ് ദീദാത്ത് ശ്രമിക്കുന്നത് എന്നത് വ്യക്തമാണ്. ദീദാ ത്തിന്റെ ലഘുലേഖ പരിശോധിച്ചാൽ, തന്റെ വാദമുഖങ്ങൾ പ്രധാനമായും ഗുലാം അഹ്മദിന്റെ ഗ്രന്ഥത്തിൽ നിന്നും കടമെടുത്തതോ അല്ലാത്തപക്ഷം ഖാദിയാനി എഴുത്തുകാരനെ അനുകരിച്ചതോ ആണെന്ന് മനസ്സിലാക്കാവുന്നതാണ്" (പേജ് 172).

പ്രസ്തുത ഗ്രന്ഥത്തിൽ ദീദാത്തിനെ അഹ്മദീയ ജമാഅത്തിന്റെ അനുയായി എന്നാണ് വിശേഷിപ്പിക്കുന്നത് (പേജ് 173) ഈ അടുത്തകാലത്ത് മലയാളത്തിലുള്ള ഒരു ക്രൈസ്തവ പ്രസിദ്ധീകരണത്തിൽ എം.എം. അക്ബറും ദീദാത്തും ഖാദിയാനിസം പ്രചരിപ്പിക്കുകയാണ് എന്നാണ് എഴുതിയിരിക്കുന്നത്.

ഇത്രയും വിവരിക്കുവാൻ കാരണം വാഗ്ദത്ത മസീഹിന്റെ പ്രവർത്തനങ്ങൾ എത്രത്തോളം ദജ്ജാലിയൻ ശക്തികളെ തകർത്തിട്ടുണ്ടെന്നും, അവയുടെ സ്വാധീനം എത്രയുണ്ടെന്നും വായനക്കാരൻ മനസ്സിലാക്കുന്നതിനുവേണ്ടിയാണ്. "ഈ നീരുറവയിൽ നിന്ന് അനേകർ ജലപാനം ചെയ്യുന്നത് ഞാൻ കാണുന്നു" എന്ന വാഗ്ദത്ത മസീഹിന്റെ പ്രവചനത്തിന്റെ പൂർത്തീകരണമാണ് നാം ഇന്ന് ലോകം മുഴുക്കെ കണ്ടുകൊണ്ടിരിക്കുന്നത്.

ഒരു കാലഘട്ടത്തിൽ യേശുവിനു വേണ്ടി ലോകം വെട്ടിപ്പിടിക്കുവാൻ ഇറങ്ങിപ്പുറപ്പെട്ട ഗ്രെയിറ്റ് ബ്രിട്ടനിലും മറ്റു യൂറോപ്യൻ രാജ്യങ്ങളിലും കുരിശുവിശ്വാസത്തിന്റെ മരണമണി മുഴങ്ങിക്കൊണ്ടിരിക്കുകയാണ്. ഏഴ് കോടി അനുയായികളുള്ള ആംഗ്ലിക്കൻസഭയുടെ തലവൻ കാന്റർബറി ആർച്ച് ബിഷപ്പിന്റെ പ്രസ്താവന ഈ അടുത്തകാലത്ത് കോളിളക്കം സൃഷ്ടിക്കുകയുണ്ടായി. റിപ്പോർട്ട് ഇപ്രകാരമാണ്:

ലണ്ടൻ: യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തെ സംബന്ധിച്ച് കാന്റർബറി ആർച്ച് ബിഷപ്പ് ജോർജ് കാരിങ്ങിന് സംശയം. മരിച്ച യേശു ഉയർത്തെഴുന്നേറ്റുവോ എന്ന് ഉറപ്പില്ല എന്നാണ് ബിഷപ്പിന്റെ സഹസ്രാബ്ദ സന്ദേശത്തിൽ പറയുന്നത്. 70 ദശലക്ഷം ആംഗ്ലിക്കൻ സഭാവിശ്വാസികളുടെ ആദ്ധ്യാത്മിക ആചാര്യനായ ബിഷപ്പ് പുനരുത്ഥാനത്തിൽ സംശയം പ്രകടിപ്പിച്ചത് വൻവിവാദമുയർത്തിയിരിക്കുന്നതായി ലണ്ടനിലെ 'മെയിൽ' പത്രം പറയുന്നു. യേശു ജീവിച്ചിരുന്നുവെന്നും കുരിശിൽ തറക്കപ്പെട്ടുവെന്നും ഉറപ്പാണെന്നും എന്നാൽ അദ്ദേഹം ഉയിർ ത്തെഴുന്നേറ്റുവെന്ന് അത്ര നിശ്ചയമായി നമുക്ക് പറയാനാവില്ലെന്നുമാണ് ബിഷപ്പിന്റെ നിരീക്ഷണം. (മാതൃഭൂമി 2-8-99).

ആചാര്യന്റെ തിരുമൊഴി ഇങ്ങിനെയെങ്കിൽ കുഞ്ഞാടുകൾ കൂട്ടത്തോടെ മറ്റു വഴി തേടിപ്പോകുന്ന ദൃശ്യമാണ് അവിടങ്ങളിൽ കാണുന്നത്. ഏറ്റവും അടുത്തകാലത്ത് നടന്ന ഒരു പഠനം വെളിപ്പെടുത്തിയ വിവരങ്ങൾ വായിക്കുക. "ആംഗ്ലിക്കൻസഭയുടെ കീഴിലുള്ള ചർച്ചുകളിൽ വർഷം തോറും ഏതാണ്ട് 60 ഓളം എണ്ണം അടച്ചുപൂട്ടപ്പെടുന്നു. ബാക്കിയുള്ളവയും ഈ ഭീഷണിയുടെ നിഴലിലാണ്. പള്ളിയധികാരികളുടെ അഭിപ്രായം ഞായറാഴ്ച കുർബാനക്ക് വരുന്നവരുടെ എണ്ണം ഏറിയാൽ പത്തേ വരൂ എന്നാണ്. 'ദി ഇക്ലിഷ്യോളജിക്കൽ സൊസൈറ്റി (The Ecclesiological Society) യുടെ ബ്രിട്ടനിലെ ആംഗ്ലിക്കൽ ചർച്ചുകളെപ്പറ്റി നടത്തിയ വിശദറിപ്പോർട്ടനുസരിച്ച് നാലിലൊന്ന് ചർച്ചുകളിലും - ഏതാണ്ട് 4000-ചർച്ചുകളിലും ഞായറാഴ്ച കുർബാനക്കെത്തുന്നവർ ഇരുപതിൽ കൂടില്ല. ഇതേ സ്ഥിതിവിശേഷം തുടർന്നാൽ ചർച്ചുകൾ മുഴുവൻ അടച്ചുപൂട്ടേണ്ടി വരുമെന്നാണ് മുന്നറിയിപ്പ്." (ബോധനം 2006 നവംബർ - ഡിസംബർ പേജ് 13) ക്രിസ്തു

സത്യമാണ് നബിതിരുമേനി ഉൽഘോഷിച്ചിരിക്കുന്നത്. വാഗ്ദത്ത് മസീഹ് ഹ: അഹ്മദും (അ) ഈ ഒരു സത്യമാണ് ലോകത്തിന്റെ മുമ്പിൽ വെച്ചിട്ടുള്ളത്. അദ്ദേഹം മുസ്ലിംകളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: "യേശുവിനെ നിങ്ങൾ മരിക്കുവാൻ വിടുക; ഇസ്ലാം ജീവിക്കുന്നതിനുവേണ്ടി". ചുരുക്കത്തിൽ ഈസാനബി (യേശു) മനുഷ്യസാധാരണമായ നിലയിൽ മരിച്ചിരിക്കുന്നുവെന്ന ഖുർആനികസത്യം ഉയർത്തിപ്പിടിച്ചുകൊണ്ട് മാത്രമേ ക്രൈസ്തവതയെ നേരിടുവാനും ഇസ്ലാമിനെ ലോകത്ത് വിജയിപ്പിക്കുവാനും കഴിയൂ എന്ന സത്യം തിരിച്ചറിയേണ്ടിയിരിക്കുന്നു. വലിയൊരുവിഭാഗം മുസ്ലിം പണ്ഡിതർ ഈ സത്യം അറിയുന്നവരായിരിക്കെതന്നെ, അഹ്മദിയ്യാ മുസ്ലിം ജമാഅത്തിനോടുള്ള വിരോധം കാരണം, സാധാരണക്കാരിൽ നിന്ന് ഈ കാര്യം മറച്ചുവെക്കുകയാണ്.

ഇസ്ലാമിക വിജയത്തിന്റെ സുവർണ്ണനാളുകൾ കാണാൻ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് നടത്തിക്കൊണ്ടിരിക്കുന്ന ആഗോള സംരംഭത്തിൽ സഹായികളായിക്കൊണ്ട്, റസൂൽ തിരുമേനി (സ)യുടെ വസിയത്ത് നിറവേറ്റാൻ മുന്നോട്ടുവരണമെന്ന് മുസ്ലിം സഹോദരന്മാരെ ആഹ്വാനം ചെയ്തുകൊണ്ട് ഈ വരികൾ അവസാനിപ്പിക്കുകയാണ്. ●

ഉയർത്തിയ ഉജ്വലമായ തെളിവ് യേശുവിന്റെ മരണമായിരുന്നു. ലോകചരിത്രത്തിൽ ആദ്യമായി നടന്ന മുസ്ലിം-ക്രിസ്ത്യൻ സംവാദത്തിന് നേതൃത്വം നൽകിയത് അല്ലാഹുവിന്റെ പ്രവാചകർ (സ) തന്നെയായിരുന്നുവെന്ന സത്യം അഭിനവ സംവാദവീരന്മാർ മനസ്സിലാക്കിയിട്ടുണ്ടോ ആവോ!! നജ്റാനിലെ ക്രൈസ്തവ പണ്ഡിതന്മാരുമായി നബിതിരുമേനി (സ) നടത്തിയ സംവാദത്തിന്റെ വിവരങ്ങൾ ഇസ്ലാമികചരിത്രഗ്രന്ഥങ്ങളെല്ലാം രേഖപ്പെടുത്തിയിട്ടുള്ളതാണ്. (ത്വബ്രി, ഇബ്നു ഇസ്ഹാഖ്, ഇബ്നുമുർദിർ)

യേശു ദൈവപുത്രനാണെന്ന് വാദിച്ച ക്രൈസ്തവസംഘത്തോട് നബിതിരുമേനി ചോദിച്ചു: "ഒരു പുത്രനും അവന്റെ പിതാവിനോട് സദൃശനാവാതിരിക്കില്ല എന്ന് നിങ്ങൾക്കറിയില്ലേ?"

അവർ പറഞ്ഞു: അറിയാം.

നബി: "നമ്മുടെ റബ്ബ് ഒരിക്കലും മരണമില്ലാത്ത നിത്യജീവനാണെന്നും ഈസാ (അ)ക്കു നാശം സംഭവിച്ചു എന്നും നിങ്ങൾക്കറിയില്ലേ?"

അവർ പറഞ്ഞു: അറിയാം. (പ്രബോധനം 18-8-01) ഇവിടെ 'ഫനാ' എന്ന വാക്ക് ഉപയോഗിച്ചുകൊണ്ട് ക്രിസ്ത്യാനികൾക്ക് മറുത്തൊരക്ഷരം പറയാൻ അവസരം നൽകാതെ യേശു മരിച്ചു അദ്ദേഹത്തിന്റെ ഭൗതികശരീരം ഭൂമിയിൽ ലയിച്ചില്ലാതെയായി എന്ന

മതത്തെ അപേക്ഷിച്ച് ഇസ്ലാം മതത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന മുന്നേറ്റം മാതൃഭൂമി റംസാൻ പതിപ്പിൽ എഴുതിയ ലേഖനത്തിൽ ബിഷപ്പ് മാർ അപ്രേം തുറന്നു സമ്മതിക്കുകയുണ്ടായി.

കഅ്ബത്തുല്ലായിൽ കുരിശു നാട്ടുമെന്ന് വീരവാദം മുഴക്കിയ ക്രൈസ്തവ പാതിരിമാരുടെ നാട്ടിൽ കുരിശിന്റെ മരണമണി മുഴങ്ങുകയും, ചർച്ചുകൾ അടച്ചുപൂട്ടുകയും ചെയ്യുമ്പോൾ യൂറോപ്പിന്റെ മുക്കുമൂലകളിൽ വാഗ്ദത്ത മസീഹിന്റെ വീരയോദ്ധാക്കൾ തൗഹീദിന്റെ കൊടിനാട്ടിക്കൊണ്ടിരിക്കുന്ന രോമാഞ്ചജനകമായ ദൃശ്യങ്ങളാണ് കണ്ടുകൊണ്ടിരിക്കുന്നത്. അമേരിക്കയിലും, യൂറോപ്പിലുമെല്ലാം ഇസ്ലാം അതിശീഘ്രം പ്രചരിച്ചുകൊണ്ടിരിക്കുന്ന വാർത്തകളാണ് ദിനംപ്രതിയെന്നോണം ലോകമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നത്. പാശ്ചാത്യനാടുകളിലെ ഇസ്ലാമിക മുന്നേറ്റത്തിന് ചുക്കാൻ പിടിക്കുന്നത് അഹ്മദിയ്യാ ജമാഅത്താണെന്ന സത്യം കാന്തപുരത്തിന്റെ 'സിറാജ്' മുതൽ ബോംബെയിലെ പ്രസിദ്ധമായ 'ഇൻക്വിലാബ്' പത്രം വരെ ഏറ്റുപറയാൻ നിർബന്ധിതരായിരിക്കുന്നു. 'മുസ്ലിം ടെലിവിഷൻ അഹ് മദിയ്യ' മുഖേന ജമാഅത്ത് നടത്തിക്കൊണ്ടിരിക്കുന്ന ഇസ്ലാമിക സേവനങ്ങളെ അഭിനന്ദിച്ചുകൊണ്ടുള്ള അറബ് രാജ്യങ്ങളിൽ നിന്നടക്കമുള്ള ഇ-മെയിൽ സന്ദേശങ്ങൾ എം.ടി.എ. ഓഫീസിൽ കുന്നുകൂടിക്കൊണ്ടിരിക്കുകയാണ്.

ഭൂരിപക്ഷ മുസ്ലിം പണ്ഡിതന്മാരുടെ പ്രവർത്തനങ്ങൾക്കും, പ്രബോധനശ്രമങ്ങൾക്കും ലഭിക്കാത്ത വിജയം ക്രൈസ്തവ സിദ്ധാന്തങ്ങൾക്കെതിരിൽ എന്തുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ, ബാഹ്യവീക്ഷണത്തിൽ നിസ്സാരമെന്ന് തോന്നിയേക്കാവുന്ന പ്രവർത്തനങ്ങൾക്ക് ലഭിക്കുന്നു എന്ന കാര്യം ഓരോ മുസ്ലിമും ചിന്തിച്ചു നോക്കേണ്ടതല്ലേ? ദൈവപുത്രവാദത്തിനെതിരിൽ ലോകാനുഗ്രഹിയായ മുഹമ്മദ് മുസ്തഫ (സ) തിരുമേനി

## കോപത്തെ അതിവർത്തിക്കുന്ന കാരുണ്യം

അബൂ ഹുറൈറയിൽ നിന്നു നിവേദനം: തിരുമേനി (സ) അരുളി: 'സൃഷ്ടിപ്പിന്റെ കാര്യം അല്ലാഹു നിർവ്വഹിച്ചു കഴിഞ്ഞപ്പോൾ 'എന്റെ കാരുണ്യം എന്റെ കോപത്തെ കവച്ചുവെക്കും' എന്ന് തന്റെ പക്കലുള്ള ഒരേടിൽ അല്ലാഹു എഴുതിവെച്ചു: ആരുടെ സിംഹാസന(അർശ്)ത്തിന്റെ മുകളിലേക്ക് അവൻ സൂക്ഷിച്ചിരിക്കുന്നത്

***(ബുഖാരി)***

വാഗ്ദത്ത മസീഹിന്റെ ജീവിതചിത്രം
ലേഖന പരമ്പര - 2

# ഹദ്റത്ത് അഹ്മദി(അ)-ന്റെ യൗവ്വനകാലം

ഏ.ക്യു. മഹ്ദി

## ആത്മീയധന്യമായ ഹദ്റത്ത് അഹ്മദിന്റെ യൗവനകാലത്തെപ്പറ്റി

1849-ൽ പഞ്ചാബ് ബ്രിട്ടീഷ് ഭരണത്തിൽ കീഴിലായി. അന്നത്തെ പഞ്ചാബ് എന്നാൽ ഖാദിയാൻ ഉൾപ്പെടുന്ന ഇന്നത്തെ ഇൻഡ്യയിലെ പഞ്ചാബ് സംസ്ഥാനമല്ല. കുറേ ഭൂവിഭാഗം ഇപ്പോഴത്തെ പാകിസ്ഥാനിലും, മറ്റു കുറച്ചുഭാഗം ഇൻഡ്യയിലുമായിരുന്നു അന്നത്തെ അവിഭക്തഭാരതത്തിലെ പഞ്ചാബ്. ലാഹോറും മറ്റും അന്ന് പഞ്ചാബിന്റെ ഭാഗമായിരുന്നു.

ഇംഗ്ലീഷ്കാരുടെ അധികാരം ഉറപ്പിക്കപ്പെട്ടതോടെ ഹദ്റത്ത് അഹ്മദി(അ)ന്റെ പിതാവിന്, തന്റെ സ്വത്തുക്കളിൽ അധികഭാഗവും നഷ്ടപ്പെട്ടു. ഗവൺമെൻറ് ആ സ്വത്തെല്ലാം ഏകപക്ഷീയമായി പിടിച്ചെടുക്കുകയാണുണ്ടായത്. ഒടുവിൽ ഖാദിയാനും ചില പരിസരഗ്രാമങ്ങളും മാത്രമേ അദ്ദേഹത്തിന്റെ അധീനതയിലുണ്ടായിരുന്നുള്ളൂ.

തന്റെ നഷ്ടപ്പെട്ട സ്വത്തുക്കൾ വീണ്ടെടുക്കാൻ അദ്ദേഹം ജീവിതകാലമത്രയും ശ്രമിച്ചു. അതിനുവേണ്ടി നടത്തപ്പെട്ട വ്യവഹാരങ്ങൾക്കായി മാത്രം വളരെ വലിയ തുകകളാണ് അന്ന് ഒഴുകിപ്പോയത്. ഏകദേശം അക്കാലത്ത് ഇതിനു മാത്രം എഴുപതിനായിരം രൂപ തന്റെ പിതാവ് ചെലവഴിച്ചതായി ഹദ്റത്ത് അഹ്മദ് (അ) തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ഒന്നര നൂറ്റാണ്ടിനു മുമ്പുള്ള ഈ തുകയുടെ ഇന്നത്തെ മൂല്യം കോടിക്കണക്കിനു രൂപക്കു തുല്യമാവും.

സ്വത്തുസമ്പാദനത്തിലോ വ്യവഹാരങ്ങളിലോ തെല്ലും താല്പര്യമുണ്ടായിരുന്നില്ല, ഹദ്റത്ത് അഹ്മദി(അ)ന്. എന്നിട്ടും, തന്റെ ഈ പ്രവൃത്തി - കേസ് നടത്തി സ്വത്തുക്കൾ തിരികെ വാങ്ങൽ - തുടർന്നു നടത്തി, കുടുംബത്തിന്റെ യശസ്സ് വീണ്ടെടുക്കുന്നതിന്, രണ്ടാമത്തെ മകനായ ഗുലാം അഹ്മദ് എന്ന ഹദ്റത്ത് അഹ്മദിനെ ചുമതലപ്പെടുത്താനാണ് ആ പിതാവ് ആഗ്രഹിച്ചത്. എന്നാൽ ഹദ്റത്ത് അഹ്മദി(അ)ന്റെ അഭിലാഷങ്ങളും അഭിനിവേശങ്ങളും തികച്ചും വ്യത്യസ്തമായിരുന്നു. സമ്പത്തോ, സ്ഥാനമാനങ്ങളോ, കീർത്തിയോ, പ്രതാപമോ ഒന്നും അദ്ദേഹം തെല്ലും ഇച്ഛിച്ചില്ല. ആരാലും അറിയപ്പെടാതെ, ആരെയും അലട്ടാതെ, ഏകാന്തസുന്ദരവും ധ്യാനനിരതവുമായ ഒരു ശാന്തജീവിതം നയിക്കാൻ അദ്ദേഹം ആഗ്രഹിച്ചു.

എന്നാൽപ്പോലും നിയതിയുടെ നിശ്ചയം അതായിരുന്നു, പിതാവിന്റെ ഇംഗിതവും ഹിതവും അനുസരിച്ച് പ്രവർത്തിക്കാൻ ബാധ്യസ്ഥനാവുക എന്നത്. തന്റെ അനിഷ്ടം പ്രകടിപ്പിച്ചുകൊണ്ടുതന്നെ ഹദ്റത്ത് അഹ്മദ് (അ) പിതാവ് ഏൽപ്പിച്ച പ്രവൃത്തികൾ ഏറ്റെടുത്തു. വ്യവഹാരങ്ങൾ നടത്താനും കൃഷികാര്യങ്ങളുടെ മേൽനോട്ടം വഹിക്കാനും അദ്ദേഹം നിർബന്ധിതനായിത്തീർന്നു. ഈ ആവശ്യാർത്ഥം അദ്ദേഹത്തിനു പല സ്ഥലങ്ങളിലേയ്ക്കും യാത്രകൾ ചെയ്യേണ്ടി വന്നു. പലപ്പോഴും ലാഹോർ, ഡെൽഹൗസി തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് സ്ഥിരമായി അദ്ദേഹത്തിനു പോകേണ്ടി വന്നിരുന്നു.

വളരെയധികം സ്വത്തുവകകൾ ഉണ്ടായിരുന്നതിനാൽ ധാരാളം കേസ്സുകളും നടത്താനുണ്ടായിരുന്നു. വ്യവഹാരങ്ങളുമായി ബന്ധപ്പെടുന്നവർ മിക്കവാറും സത്യസന്ധതക്ക് വില കൽപ്പിക്കാറില്ലല്ലോ. കുതന്ത്രവും, ചതിയും, കള്ളത്തരവും കൊണ്ടാണ് അധികമാളുകളും വിജയം നേടാൻ ശ്രമിക്കാറുള്ളത്. എന്നാൽ ഇവിടെ, തന്റെ വർത്തമാനകാലത്തെ കോടതികളുമായി ബന്ധപ്പെട്ട്, അന്നത്തെ ലോകത്തിന്റെ ശരിയായൊരു ചിത്രം ഹദ്റത്ത് അഹ്മദ് (അ) നോക്കിക്കാണണമെന്നത് ദൈവികനിശ്ചയമായിരുന്നു. കോടതികളുമായുള്ള ബന്ധത്തിലൂടെ ലൗകികനേട്ടങ്ങൾക്കു വേണ്ടി മനുഷ്യർ കാട്ടുന്ന വഞ്ചനയും കള്ളത്തരവും അദ്ദേഹത്തിനു നേരിട്ടുകണ്ടറിയാൻ കഴിഞ്ഞു. എത്രമാത്രം ഇത്തരം സാഹചര്യങ്ങളോട് അടുക്കേണ്ടി വന്നുവോ, അത്രയധികം ഈ അവസ്ഥകളോട് അദ്ദേഹത്തിനു കടുത്ത വിരക്തി തോന്നുകയും ചെയ്തു.

ഒരിക്കൽ, ഒരു പ്രധാന കേസ് സംബന്ധിച്ച് ഹദ്റത്ത് അഹ്മദ് (അ) ലാഹോറിൽ താമസിക്കുകയായിരുന്നു. അപ്പോൾ നടന്ന ഒരു സംഭവം, തന്നെ ഏൽപ്പിച്ച ഈ പുതിയ ചുമതലകളോടുള്ള അദ്ദേഹത്തിന്റെ അനിഷ്ടം വ്യക്തമായി പ്രകടമാക്കുന്ന ഒന്നായിരുന്നു.

അദ്ദേഹം അപ്പോൾ ലാഹോറിൽ താമസിച്ചിരുന്നത് സയ്യിദ് മുഹമ്മദ് അലിഷാ എന്ന ഒരു മാന്യന്റെ വീട്ടി ലായിരുന്നു. മുഹമ്മദലിഷാ തന്റെ ഭൃത്യൻ മുഖേന ഹദ്റത്ത് അഹ്മദി (അ)ന് കോടതിയിലേയ്ക്ക് ഭക്ഷണം കൊടുത്തയക്കാൻ ഏർപ്പാടു ചെയ്തി ട്ടുണ്ടായിരുന്നു. അന്ന് ഭക്ഷണവുമായി വന്ന ഭൃത്യനെ അദ്ദേഹം മടക്കി അയ ച്ചിട്ട്, താൻ വീട്ടിൽ വന്ന് ആഹാരം കഴിച്ചുകൊള്ളാമെന്നു അറിയിച്ചു.

കോടതിയിൽ നിന്ന് പ്രസന്നവദ നനായി, സന്തോഷപൂർവ്വമാണ് അന്ന ദ്ദേഹം മുഹമ്മദലി ഷായുടെ വീട്ടിലെ ത്തിച്ചേർന്നത്. ഹുസൂറിന്റെ സന്തോ ഷഭാവം കണ്ടപ്പോൾ ഷാ സാഹിബ് ചോദിച്ചു.

''അപ്പോൾ കേസ്സ് ജയിച്ചു അല്ലേ...?"

"ഇല്ല..." ചിരിച്ചുകൊണ്ടാണ് ഹദ്റത്ത് അഹ്മദ് മറുപടി പറഞ്ഞത്.

"ഇല്ല... കേസ്സ് തോറ്റിരിക്കുന്നു..."

മുഹമ്മദലി ഷാ അത്ഭുതപ്പെട്ടു. സാധാരണഗതിയിൽ വലിയ കേസ്സുക ളിൽ പരാജയം നേരിടുമ്പോൾ ഉണ്ടാ കാറുള്ളത് നിരാശയും ദുഃഖവുമാണ്. ഇവിടെ, പിതാവിനു വലിയ സാമ്പ ത്തിക നഷ്ടവും കുടുംബത്തിന് ദുർഭാഗ്യവും വരുത്തിവയ്ക്കുന്നതായി ട്ടുപോലും ഈ തോൽവിയിൽ ചരി ത്രപുരുഷന് ദുഃഖമോ നിരാശയോ അല്ല തോന്നിയിരിക്കുന്നത്, പ്രത്യുത വ്യവഹാരത്തിൽ തോറ്റുവെങ്കിലും പിതാവ് ഏൽപ്പിച്ച കടമ നിറവേറ്റി യെന്ന വിശ്വാസവും, തനിക്കിനി സ്വൈരമായി ദൈവസ്മരണയിലും പഠ നങ്ങളിലും മുഴുകാമെന്ന ആഹ്ലാദവും.

ഹദ്റത്ത് അഹ്മദിന്(അ) ഇരുപ ത്തഞ്ചോ മുപ്പതോ വയസ്സ് പ്രായമുള്ള പ്പോഴുള്ള ഒരു സംഭവമാണ്. അദ്ദേഹ ത്തിന്റെ പിതാവും കുടിയാന്മാരും തമ്മിൽ, പാട്ടഭൂമിയിലെ ഒരു വൃക്ഷം മുറിക്കുന്നത് സംബന്ധിച്ചു ഒരു കേസ്സുണ്ടായി. മരം ജന്മിയുടെ മാത്രം സ്വത്താണെന്നും കുടിയാന്മാർക്ക് അതിൽ യാതൊരവകാശവുമില്ല എന്നു മായിരുന്നു പിതാവിന്റെ നിലപാട്. കുടി യാന്മാർക്കെതിരേയുള്ള കേസ്സ് നട ത്തുവാൻ പിതാവ് ഹദ്റത്ത് അഹ്മ ദി(അ)നെ രണ്ടു സാക്ഷികളോടൊപ്പം ഗുരുദാസ്പൂരിലേയ്ക്ക് അയച്ചു. പോ കുംവഴി ഹദ്റത്ത് അഹ്മദ് (അ) സാക്ഷികളോടു പറഞ്ഞു:

"ബാപ്പ ആവശ്യമില്ലാതെയാണ് ഈ കാര്യത്തിൽ വിഷമിക്കുന്നത്. ഞാൻ കരുതുന്നത്, കുടിയാന്മാർ നട ത്തുന്ന കൃഷിപോലെത്തന്നെ അവി ടത്തെ വൃക്ഷങ്ങളും അവർക്കുകൂടി അവകാശപ്പെട്ടതു തന്നെയാണ്. അവ രാകട്ടെ സാധുകൃഷിക്കാരുമാണ്; സ്വന്തമായി കൃഷിഭൂമിയില്ലാത്തവർ. ആ സാധുക്കൾ വൃക്ഷം മുറിച്ചെടുക്കു ന്നതിൽ ഞാനൊരു തെറ്റും കാണുന്നി ല്ല. അതിനാൽ മരം നമ്മുടേതു മാത്ര മാണെന്നു കോടതിയിൽ പറയാൻ ഞാൻ തയ്യാറല്ല, നമുക്കുംകൂടി ഭാഗി കമായി അവകാശമുണ്ടെന്നു മാത്രമേ ഞാൻ പറയുകയുള്ളൂ...."

എതിർകക്ഷികളായി കുടിയാ ന്മാരും കോടതിയിൽ ഹാജരുണ്ടായി രുന്നു. മജിസ്ട്രേട്ട്, പ്രതിക്കൂട്ടിൽ നിന്ന ആ സാധുക്കളെ വിസ്തരിക്കാൻ ആരംഭിച്ചു. വാദിയായ മിർസാ സാ ഹിബ് തന്നെ യഥാർത്ഥ വസ്തുത പറയുമെന്നാണ് കുടിയാന്മാർ കോട തിയെ അറിയിച്ചത്. ഹദ്റത്ത് അഹ് മദി(അ)ന്റെ നിലപാടു ആ സാധു കുടിയാന്മാർക്ക് നല്ലതുപോലെ അറി യാമായിരുന്നിരിക്കണം.

വാദിയായ ഹദ്റത്ത് അഹ്മദിന്റെ മൊഴി, കോടതിയെ അത്ഭുതപ്പെടു ത്തി.

"ഞാൻ കരുതുന്നത്, കൃഷിയിട ത്തിലെ വൃക്ഷങ്ങളും കൃഷിപോലെ തന്നെയാണ്. കൃഷിയിൽ ഇതുപോ ലുള്ള ഭാഗികമായ അവകാശം മാത്രമേ വൃക്ഷങ്ങളുടെ മേലും ഞങ്ങൾക്കു ള്ളൂ...."

ആ മൊഴിയനുസരിച്ച് കുടിയാ ന്മാർക്കു അനുകൂലമായ കോടതിവിധി ഉണ്ടായി.

ഖാദിയാനിൽ മടങ്ങിയെത്തിയ പ്പോൾ സംഭവമറിഞ്ഞ് പിതാവ് അദ്ദേ ഹത്തെ വളരെയധികം ശകാരിക്കു കയും ചെയ്തു.

മറ്റൊരിക്കൽ, കുടുംബസ്വത്തിൽ പെട്ട ഭൂമിയിൽ വീടുണ്ടാക്കിയതിന് ഒരു ഹിന്ദുസഹോദരനെതിരേ, തന്റെ മകൻ സുൽത്താൻ അഹ്മദ് കൊ ടുത്ത ഒരു കേസ്സിൽ ഹദ്റത്ത് അഹ്മദ് തന്നെ സാക്ഷിയായിരുന്നു. തന്റെ സാക്ഷിമൊഴി മകനും തനിക്കുത ന്നെയും വമ്പിച്ച നഷ്ടമുണ്ടാക്കുന്ന തായിരിക്കുമെന്ന് അറിഞ്ഞിട്ടും അദ്ദേഹം സത്യവസ്തുത കോടതി യിൽ തുറന്നുപറഞ്ഞു. അങ്ങനെ പറ ഞ്ഞാൽ കേസ് തോൽക്കുമെന്ന് വക്കീൽ മുന്നറിയിപ്പു നൽകിയിരുന്ന താണ്. ഹദ്റത്ത് അഹ്മദിന്റെ മൊഴി ഉപയോഗപ്പെടുത്തി, എതിർകക്ഷി യായ പ്രതിഭാഗം വിജയം നേടുകയും ചെയ്തു. ഇവിടെയാകട്ടെ നീതി, പ്രതി ഭാഗം എന്നു കരുതുന്നവരുടെ ഭാഗ ത്തായിരുന്നുതാനും.

വ്യവഹാരപരമായ കർത്തവ്യങ്ങ ളിൽ ഏർപ്പെട്ടുകൊണ്ട് ഇങ്ങനെ സമയം ചിലവഴിക്കേണ്ടി വന്നുവെ ങ്കിലും ദൈവത്തോടുള്ള കടമ നിർവ ഹിക്കുന്ന കാര്യത്തിൽ ആ പുണ്യാ ത്മാവ് ഒട്ടും വീഴ്ചവരുത്തിയിരുന്നില്ല. കേസ്സ് വിസ്താരം നടന്നുകൊണ്ടി രിക്കെ തന്നെ നമസ്കാരസമയമടു ത്താൽ, അതു നിർവഹിക്കുന്നതിന് അദ്ദേഹം തിരക്കുകൂട്ടുമായിരുന്നു. കോടതിയിൽ, അദ്ദേഹത്തിന്റെ പേരു വിളിക്കുമ്പോൾ പലപ്പോഴും അദ്ദേഹം പ്രാർത്ഥന അനുഷ്ഠിക്കുകയായിരി ക്കും. നമസ്കാരം നടന്നുകൊണ്ടിരി ക്കെതന്നെ കോടതി അദ്ദേഹത്തിനു അനുകൂലമായ വിധിപ്രസ്താവം നട ത്തിയ സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ആ വിധികൾക്കാധാരമായ കേസുക ളിൽ നീതി അദ്ദേഹത്തിന്റെ ഭാഗത്താ യിരുന്നുതാനും.

ആധുനികകാലത്തും ഏതൊരു പിതാവും ആഗ്രഹിക്കുന്നതുപോലെ ഹദ്റത്ത് അഹ്മദിനെയും ഒരു സർ ക്കാർ ജോലിയിൽ പ്രവേശിപ്പിക്കണ മെന്ന് ആ പിതാവിനും ഉൽക്കടമായ ആഗ്രഹമുണ്ടായിരുന്നു. ഭൗതികമായ ഒരു അഭിവൃദ്ധിമോഹവും ഇല്ലാതെ,

തന്റെ പുത്രൻ ഖുർആനും ഹദീസുകളുമായി ബന്ധപ്പെട്ടു കഴിഞ്ഞുകൂടുന്നതിൽ പിതാവിനു വിഷമമുണ്ടായിരുന്നു. ഒരു ഗവൺമെന്റ് ജോലി സമ്പാദിക്കണമെന്ന് പിതാവ് പലതവണ ഉണർത്തുകയുണ്ടായെങ്കിലും ഹദ്റത്ത് അഹ്മദിന് അതിൽ ഒട്ടും താല്പര്യമുണ്ടായില്ല.

ഒരിക്കൽ, മിർസാ ഗുലാം മുർതസാ സാഹിബിനു സുപരിചിതനായ ഒരു ഉയർന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ ഗുരുദാസ്പൂർ സന്ദർശിച്ചപ്പോൾ, അതുതന്നെ ഒരു സുവർണ്ണാവസരം എന്നു കരുതി മകന് നല്ലൊരു ഉദ്യോഗം വാങ്ങിക്കൊടുക്കാമെന്ന ആഗ്രഹത്തോടെ അദ്ദേഹം ഹദ്റത്ത് അഹ്മദിനെ വിവരമറിയിച്ചു. ആത്മീയ വിജ്ഞാനത്തിന്റെ അഗാധതയിൽ മുങ്ങിത്തപ്പി മനുഷ്യസമൂഹത്തിന് സംഭാവന ചെയ്യാനായി അമൂല്യങ്ങളായ തത്ത്വമുത്തുകൾ പെറുക്കിക്കൂട്ടുകയായിരുന്ന ആ യുവഭക്തൻ, അപ്പോൾ മറുപടി നൽകിയത് ഇപ്രകാരമായിരുന്നു:

"ഞാൻ ഏർപ്പെടേണ്ട ജോലിയിൽ ഇതാ ഏർപ്പെട്ടു കഴിഞ്ഞിരിക്കുന്നു...."

ഇതൊന്നുംകൊണ്ട് ആ പിതാവ് അടങ്ങിയില്ല; അദ്ദേഹം തന്റെ ശ്രമം തുടർന്നുകൊണ്ടിരുന്നു. പുത്രന്റെ ഭാവിയെക്കുറിച്ച് അദ്ദേഹത്തിനുണ്ടായ ഉൽക്കണ്ഠ തികച്ചും സ്വാഭാവികമാണല്ലോ.

അനിഷ്ടപ്പെട്ടില്ലെങ്കിലും ഒരു ഗവൺമെന്റ് ജോലിയുമായി ഹദ്റത്ത് അഹ്മദ് ബന്ധപ്പെടണമെന്നതും ദൈവഹിതമായിരുന്നിരിക്കണം. പിതാവിന്റെ അനുസ്യൂതവും വാൽസല്യനിർഭരവുമായ സമ്മർദ്ദങ്ങൾക്കു വഴങ്ങി, ഒടുവിൽ അദ്ദേഹം, 1863-ൽ സിയാൽകോട്ട് കച്ചേരിയിൽ ഒരു ക്ലർക്കായി ജോലിയിൽ പ്രവേശിച്ചു. അന്നദ്ദേഹം 28 വയസ്സുള്ള ഒരു യുവാവായിരുന്നു.

കുറേ വർഷങ്ങൾ അദ്ദേഹം തന്റെ ഈ ഉദ്യോഗത്തിൽ തുടരുകയുണ്ടായി.

ഉദ്യോഗകാലത്ത് മേലധികാരികളുടെ പരിപൂർണ്ണസ്നേഹവും തൃപ്തിയും അദ്ദേഹം കരസ്ഥമാക്കി. മേലുദ്യോഗസ്ഥന്മാരുമായി മതപരമായ സംവാദങ്ങളിലേർപ്പെടാൻ അദ്ദേഹം മടിച്ചിരുന്നില്ല. ഇസ്‌ലാം മത സിദ്ധാന്തങ്ങളെ കഠിനമായി വിമർശിച്ചിരുന്ന പണ്ഡിറ്റ് സഹജ്റാം എന്ന പേരുള്ള ഒരു മേലുദ്യോഗസ്ഥൻ അത്തരത്തിലൊരാളായിരുന്നു. ഔദ്യോഗികഭാവിയെ അപകടത്തിലാക്കുമെന്നതിനാൽ മേലുദ്യോഗസ്ഥന്മാരുമായി ഒരിക്കലും തർക്കിക്കാൻ നിൽക്കരുതെന്ന് സുഹൃത്തുക്കളും ബന്ധുക്കളും ഉപദേശിച്ചിരുന്നുവെങ്കിലും ഹദ്റത്ത് അഹ്മദ് അതൊന്നും കാര്യമാക്കിയില്ല.

സിയാൽകോട്ട് ഉദ്യോഗവുമായി കഴിയുകയായിരുന്നപ്പോൾ അദ്ദേഹം സാധുക്കളെയും അഗതികളെയും അതിരുവിട്ട് സഹായിച്ചുപോന്നു. അതുകൊണ്ടുതന്നെ കിട്ടുന്ന ശമ്പളം ചെലവിനുപോലും തികയാതെ വന്നു. പിതാവു മാസം തോറും കൂടുതൽ പണം അയച്ചുകൊടുക്കുന്നതു മാത്രമായിരുന്നു അന്ന് അദ്ദേഹത്തിനു ആശ്വാസമായത്.

തന്റെ ഉദ്യോഗസ്ഥാവസ്ഥയെപ്പറ്റി അന്വേഷിച്ച ഒരാളോട് ഹദ്റത്ത് അഹ്മദ് ഒരിക്കലിങ്ങനെ പറയുകയുണ്ടായി.

"എനിക്കിവിടം ഒരു തടവറയായി ത്തോന്നുന്നു...."

അദ്ദേഹം മറ്റൊരിക്കൽ പ്രസ്താവിച്ചു:

"സമൂഹത്തിൽ ഒറ്റപ്പെട്ടും ആൾക്കൂട്ടത്തിൽ ഏകനായും ആണ് ഞാൻ അക്കാലം കഴിച്ചുകൂട്ടിയത്....."

ഓഫീസ് ജോലി കഴിഞ്ഞാൽ അദ്ദേഹം തന്റെ വാടകമുറിയിൽ ഏകനായി കഴിഞ്ഞുകൂടുക പതിവായിരുന്നു. ഒരിക്കൽ, അദ്ദേഹം അങ്ങനെ വാതിലടച്ച് ചെയ്യുന്നതെന്തെന്നറിയാൻ ചിലർക്ക് കൗതുകമുണ്ടായി. ആ മഹാത്മാവ് നിലത്തു വിരിച്ച ഒരു കാർപ്പറ്റിനു മുകളിലിരുന്ന്, ഖുർആൻ തുറന്നുവച്ചുകൊണ്ട്, ഖുർആനിക ജ്ഞാനത്തിനു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്ന കാഴ്ചയാണ് അവർ കണ്ടത്. ആശ്ചര്യഭരിതരായ അവർ അദ്ദേഹത്തിൽ അത്യധികം ആകൃഷ്ടരായിത്തീരുകയും ചെയ്തു. ഇരിക്കുമ്പോഴും, നിൽക്കുമ്പോഴും, നടക്കുമ്പോൾ പോലും ഹദ്റത്ത് അഹ്മദ് (അ) ഖുർആൻ ഓതിക്കൊണ്ടിരിക്കാറുണ്ടായിരുന്നുവെന്നും, ഭക്തിപാരവശ്യം മൂലം ഖുർആൻ പാരായണം ചെയ്യുമ്പോൾ കരയാറുണ്ടായിരുന്നുവെന്നും സിയാൽകോട്ട് താമസക്കാലത്ത് അദ്ദേഹവുമായി വളരെ അടുത്ത് ബന്ധം പുലർത്തിയിരുന്ന ആളും ഡോക്ടർ സർ മുഹമ്മദ് ഇക്ബാലിന്റെ ഗുരുഭൂതനുമായിരുന്ന മൗലാനാ മീർ ഹസൻ സാഹിബ് നിവേദനം ചെയ്തിട്ടുണ്ട്.

'സമീന്ദാർ' പത്രത്തിന്റെ സ്ഥാപകനും, ഹദ്റത്ത് അഹ്മദുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന വ്യക്തിയുമായിരുന്ന മൗലവി സിറാജുദ്ദീൻ അഹ്മദ് ഇപ്രകാരം പറയുകയുണ്ടായി.

"മിർസാ ഗുലാം അഹ്മദ് സാഹിബ് യൗവനകാലത്തു തന്നെ തികഞ്ഞ 'സാലിഹും', 'മുത്തഖി'യും ആയ ഒരു ബഹുമാന്യ വ്യക്തി ആയിരുന്നു. ഉദ്യോഗസംബന്ധമായ ജോലി കഴിഞ്ഞാൽ മുഴുവൻ സമയവും, മതകാര്യങ്ങൾക്കാണ് അദ്ദേഹം വിനിയോഗിച്ചിരുന്നത്...."

ഹദ്റത്ത് അഹ്മദ് സിയാൽകോട്ട് കച്ചേരിയിൽ ഉദ്യോഗം വഹിച്ചുകൊണ്ടിരിക്കെ, മുഹമ്മദ് സാലിഹ് എന്നു പേരായ ഒരു അറബി, നഗരത്തിൽ വരികയുണ്ടായി. അയാൾ ഒരു വിദേശചാരനാണെന്ന സംശയത്തിൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാക്കപ്പെട്ടു. മിസ്റ്റർ ഗ്രീൻക്കൻസൺ എന്ന ധ്വരയായിരുന്നു മജിസ്ട്രേട്ട്. അദ്ദേഹത്തിന് അറബിഭാഷ അറിയില്ലായിരുന്നു. ഹദ്റത്ത് അഹ്മദിനെയാണ് അന്നു ദ്വിഭാഷിയായി നിശ്ചയിച്ചത്. അദ്ദേഹമാകട്ടെ, തന്റെ കർത്തവ്യം സസന്തോഷം സ്തുത്യർഹമായി നിർവഹിക്കയും ചെയ്തു.

*(ശേഷം 37-ാം പേജിൽ)*

ലേഖനം

# മതം മാറുന്നവനെ വധിക്കാമോ? (രണ്ടാം ഭാഗം)

ഏ.എം. മുഹമ്മദ് സലിം

**പരസ്പരം കാഫിറാക്കുന്ന മുസ്‌ലിം ഉലമാക്കന്മാർക്ക് ആരാണ് യഥാർത്ഥ മുസ്‌ലിമെന്ന് ഇന്നുവരെ നിർവ്വചിക്കാൻ കഴിഞ്ഞിട്ടില്ല.**

## രാഷ്ട്രത്തെയാണ് സമൂഹത്തെയല്ല സെക്കുലറൈസ് ചെയ്യേണ്ടത്

മതമാണ് ഒരു രാജ്യത്തിന്റെ ദേശീയ സംസ്കാരം നിർണയിക്കുന്നതെന്നും പൗരന്റെ മതം മാറുമ്പോൾ ദേശീയതയുടെ സമവാക്യങ്ങൾ മാറുമെന്നും മതരാഷ്ട്രവാദികൾ ഭയപ്പെടുന്നു. മതസംസ്കാരം സമൂഹത്തിനാവാം. പക്ഷേ, രാഷ്ട്രം മതമുക്തമായിരിക്കണം. രാഷ്ട്രത്തിന്റെ ചട്ടക്കൂടും ദേശീയ സംസ്കാരവും അതിന്റെ ചിഹ്നങ്ങളും സെക്കുലർ അഥവാ മതേതരവുമായിരിക്കണം. മതം പോലെ വികാരസാന്ദ്രവും അദൃശ്യവിശ്വാസങ്ങളിലധിഷ്ഠിതവുമായ ജീവിതദർശനം മൂർത്തവും അധികാരശക്തിയുമുള്ള രാഷ്ട്രം പോലെയുള്ള ഒരു സ്ഥാപനമാണെന്ന് പറയുന്നത് യുക്തിസഹമല്ലെന്ന് മാത്രമല്ല, മനുഷ്യസ്വാതന്ത്ര്യത്തെ അപകടപ്പെടുത്തുന്നതുമാണ്. അതുകൊണ്ടാണ് രാഷ്ട്രത്തിന് ഒരിക്കലും മതം പാടില്ല എന്നും അത് മതേതരമായിരിക്കണമെന്നും പറയുന്നത്. മതം ഒരിക്കലും രാഷ്ട്രത്തിൽ ഇടപെടാൻ പാടില്ല. അത്പോലെ രാഷ്ട്രം മതത്തിലും ഇടപെടാൻ പാടില്ല. മതേതര വാദത്തിന്റെ പേരിൽ സമൂഹത്തെ സെക്കുലറൈസ് ചെയ്യാൻ അഥവാ മതേതരമാക്കാൻ രാഷ്ട്രം ശ്രമിക്കരുത്. കമ്മ്യൂണിസ്റ്റ് റഷ്യയിൽ സംഭവിച്ചത് അതാണ്. സെക്കുലർ ചെയ്യപ്പെട്ട രാഷ്ട്രം സോവ്യറ്റ് ജനസമൂഹത്തെ മതമുക്തമാക്കി സെക്കുലറൈസ് ചെയ്യാൻ ശ്രമിച്ചു. ഇത് റഷ്യയെ സ്വാതന്ത്ര്യത്തിന്റെ കശാപ്പുശാലയാക്കി മാറ്റി.

അധികാരബലം കൊണ്ട് പ്രസക്തമാവുന്ന രാഷ്ട്രത്തിന്റെ ഉപകരണങ്ങൾ സമ്മർദ്ദ സ്വഭാവമുള്ളതും മനുഷ്യശരീരത്തെ മാത്രം നിയന്ത്രിക്കുന്നതുമാണ്. എന്നാൽ ആത്മാവിനെ സ്പർശിക്കുന്ന മതത്തിന്റെ ഉപകരണങ്ങൾ മൃദുത്വമുള്ളതും സർഗ്ഗാത്മകവുമാണ്. മതവും രാഷ്ട്രവും വിരുദ്ധ ദ്വന്ദങ്ങളായിരിക്കെ മതത്തെ രാഷ്ട്രമായി നേരിട്ട് പരാവർത്തനം ചെയ്യാൻ സാധ്യമല്ല. സമൂഹക്ഷേമത്തെ സംബന്ധിച്ച് മറ്റാരെക്കാളും ഇസ്‌ലാം മതത്തിന് ഉൽകണ്ഠയുണ്ട്. അതിന്റെ പ്രവർത്തനരീതി മറ്റൊന്നാണ്. മതം ഒരു മൂല്യനിർദ്ധാരണ പദ്ധതിയാണ്.

നമുക്ക് ഇസ്‌ലാം മതത്തിലേക്കു തന്നെ തിരിച്ചുവരാം. അന്യമതങ്ങളോട് ഇസ്‌ലാം വെച്ചു പുലർത്തുന്ന ഉദാരവീക്ഷണം, ബഹുസ്വരമായ ഇന്ത്യയുടെ ജനാധിപത്യമൂല്യങ്ങളോടു ആത്മീയ ദാർഢ്യത്തോടെ കൂറു പ്രഖ്യാപിക്കാൻ മുസൽമാനെ സജ്ജമാക്കുന്നു. എല്ലാ മതങ്ങളുടേയും ഉറവിടം ദൈവപ്രോക്തങ്ങളാണ് എന്നാ ണ് ഖുർആൻ പറയുന്നത്. ***'ഒരു ദൈവിക മുന്നറിയിപ്പുകാരൻ വന്നുകഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവുമില്ല'*** (35:25). അവരിൽ ചിലരുടെ പേര് മാത്രമാണ് പ്രതിപാദിച്ചിട്ടുള്ളതെന്ന് ഖുർആൻ പറയുന്നു. ***'തീർച്ചയായും നിനക്ക് മുമ്പ് പല ദൂതന്മാരേയും നാം അയച്ചിട്ടുണ്ട്. അവരിൽ ചിലരുടെ വിവരം നാം നിനക്ക് നൽകിയിരിക്കുന്നു. അവരിൽ ചിലരുടെ വിവരം ഞാൻ നിനക്ക് നൽകിയിട്ടില്ല' (40:9)*** ലോകത്ത് ഒരു ലക്ഷത്തി ഇരുപത്തിനാലായിരം പ്രവാചകന്മാർ അവതരിച്ചിട്ടുണ്ടെന്ന് പറഞ്ഞ റസൂൽ തിരുമേനി (സ) നമ്മുടെ ഭാരതത്തിലെ ഹിന്ദുക്കളുടെ അവതാരപുരുഷനായ മഹാത്മാ ശ്രീകൃഷ്ണൻ (അ) പ്രവാചകനാണെന്ന് പറഞ്ഞിട്ടുണ്ട്. 'കാന ഫിൽ ഹിന്ദി നബിയ്യുൻ അസ്‌വദു ലൗനി ഇസ്മുഹുകാഹിന' (ദയ്‌ലമി) ഇന്ത്യയിൽ കാർവർണത്തോടുകൂടിയ ഒരു പ്രവാചകനുണ്ടായിരുന്നുവെന്നും അദ്ദേഹത്തിന്റെ നാമം കാഹിന അഥവാ കൃഷ്ണൻ (അ) ആയിരുന്നുവെന്നും റസൂൽ തിരുമേനി (സ) പറയുന്നു. അപ്രകാരം ശ്രീകൃഷ്ണൻ, ശ്രീരാമൻ, ശ്രീബുദ്ധൻ എന്നീ മഹാത്മാക്കൾ മുസ്‌ലിംകളുടെ കൂടി പ്രവാചകന്മാരാണെന്നും ഇസ്‌ലാമിൽ വാഗ്ദാനം ചെയ്യപ്പെട്ട ഹദ്റത്ത് അഹ്മദ് (അ) പറയുന്നു. അതുകൊണ്ട് ആ മഹത്തുക്കളേയും അവരുടെ ഗ്രന്ഥങ്ങളേയും ആദരിക്കൽ ഒരു മുസൽമാന്റെ ബാധ്യതയാ

ണ്. ഒരു മുസൽമാന് ഒരിക്കലും അന്യ മതവിരോധിയോ അസഹിഷ്ണുവോ ആവാൻ സാധ്യമല്ല.

മതപരിത്യാഗി അഥവാ 'മുർത്തദ്ദ്' എന്നത് ഇസ്ലാം ഉപേക്ഷിച്ച് അന്യമതത്തിൽ ചേർന്നവൻ എന്നു മാത്രമല്ല യാഥാസ്ഥിതിക മുസ്ലിം കക്ഷികൾ വാദിക്കുന്നത്. ഒരാൾ ഇസ്ലാമിന്റെ എല്ലാ വിശ്വാസ പ്രമാണങ്ങളിലും വിശ്വസിച്ചുകൊണ്ട് താനൊരു മുസ്ലിമാണെന്ന് പ്രഖ്യാപിച്ചാലും മുല്ലായിസത്തിന്റെ സാമ്പ്രദായിക വ്യാഖ്യാനങ്ങൾക്ക് അത് പഥ്യമല്ലെങ്കിലും അവർക്ക് പ്രഖ്യാപിതന്റെ വിശ്വാസത്തിന് സംശയമുണ്ടെങ്കിലും അയാൾ മുർത്തദ്ദും വധാർഹനുമാണ്. മുസ്ലിംകളിലെ അവാന്തരവിഭാഗങ്ങളിൽ ബഹുഭൂരിഭാഗം കക്ഷികളും തങ്ങളുടെ കക്ഷിയിൽ പെടാത്തവനെ കാഫിറും ചിലപ്പോൾ മുർത്തദ്ദും അമുസ്ലിമുമാണെന്ന് കരുതുന്നവരാണ്. ചുരുക്കത്തിൽ ഒരു മുസ്ലിം കക്ഷിയുടെ ഏറ്റവും വലിയ പ്രതിയോഗി മറ്റാരുമല്ല, മറ്റൊരു മുസ്ലിം കക്ഷിയാണ്. മുസ്ലിം കക്ഷികൾ മുസ്ലിം ആരാണെന്നതിന് നൽകുന്ന സങ്കുചിതമായ വ്യാഖ്യാനവും സങ്കല്പവുമാണ് അപരനെ കാഫിറും മുർത്തദ്ദുമാക്കിത്തീർക്കുന്നത്. മതം മാറുന്നവന് യാതൊരു ഭൗതികശിക്ഷയുമില്ല. അത് അവന്റെ വ്യക്തിസ്വാതന്ത്ര്യത്തിൽപ്പെട്ട കാര്യമാണ് എന്നു അഹ്മദികളെ പ്പോലെ പറയുന്ന മിതവാദികളായ കക്ഷികളും മുസ്ലിം സമൂഹത്തിലുണ്ട്.

100 വർഷങ്ങൾക്ക് മുമ്പ് അഫ്ഗാനിസ്ഥാനിൽ വെച്ച് അവിടുത്തെ രാജാവായ അമീർ ഹബീബുല്ലാഖാന്റെ കാലത്ത് അഹ്മദിയ്യത്ത് സ്വീകരിച്ചതിന്റെ പേരിൽ മുർത്തദ്ദാണെന്ന് പറഞ്ഞ് നിഷ്ക്കരുണം വധിച്ചുകളഞ്ഞ സാഹിബ് സാദാ അബ്ദുല്ലത്തീഫ് ശഹീദിനേയും അബ്ദുറഹ്മാൻ ശഹീദിനേയും ഞാനോർക്കുകയാണ്.

### ആരാണ് മുസ്ലിം?

വാസ്തവത്തിൽ ആരാണ് മുസ്ലിം? ആരാണ് മുർത്തദ്ദ്? മുസ്ലിമിന്റെ നിർവചനമെന്താണ്? ഒരു ചർച്ചാവിഷയം തന്നെയാണ്. 1953ൽ മൗലാന മൗദൂദിയുടെ നേതൃത്വത്തിൽ പാകിസ്താനിൽ അരങ്ങേറിയ രക്തരൂഷിതമായ അഹ്മദിയ്യാ വിരുദ്ധ കലാപം അന്വേഷിക്കാൻ പാകിസ്താൻ സർക്കാർ നിയോഗിച്ച വിശ്വപ്രശസ്തമായ മുനീർകമ്മീഷന്റെ വിചാരണവേളയിൽ ആരാണ് മുസ്ലിം എന്ന നിർവചനത്തിന്റെ പ്രശ്നം ഉയർന്നുവന്നു. നിർവചനത്തിനായി വിചാരണവേളയിൽ ഒരു മുസ്ലിം പണ്ഡിതനോടു കോടതി ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം അല്പസമയം കൂടി വേണമെന്നു പറഞ്ഞു. 'ആയിരത്തി നാന്നൂറ് വർഷമായിട്ടും നിർവചിക്കാൻ കഴിയാത്ത കാര്യം അല്പസമയം കൊണ്ട് സാധ്യമാകുമോ' എന്ന് ജസ്റ്റീസ് ഖയാനി പരിഹാസപൂർവ്വം ആ ആലിമിനോട് ചോ ദിക്കുകയുണ്ടായി. മുസ്ലിം ആരാണെന്ന് വിവിധ കക്ഷിയിൽപ്പെട്ട മുസ്ലിം പണ്ഡിതന്മാർ നൽകിയ നിർവചനത്തിലെ വൈരുദ്ധ്യവും സങ്കുചിതത്വവും നിരൂപണം ചെയ്തുകൊണ്ട് ജസ്റ്റീസ് മുനീർ നടത്തിയ അഭിപ്രായപ്രകടനം ശ്രദ്ധേയമാണ്:

***'ഉലമാക്കൾ നൽകിയ വിവിധങ്ങളായ നിർവചനങ്ങൾ മുന്നിൽ വെച്ചുകൊണ്ട് രണ്ട് ഉലമാക്കന്മാർ ചേർന്നാൽ അടിസ്ഥാനപരമായി ഇക്കാര്യത്തിൽ യോജിക്കാൻ കഴിയില്ല എന്ന വസ്തുതയൊഴികെ മറ്റെന്തെങ്കിലും ഒരഭിപ്രായത്തിൽ എത്തിച്ചേരാൻ നമുക്ക് കഴിഞ്ഞില്ല. മഹാപണ്ഡിതന്മാർ ചെയ്യുന്നതു പോലെ നാം നമ്മുടേതായ ഒരു നിർവചനത്തിന് ശ്രമിക്കുകയാണെങ്കിൽ ആ നിർവചനം മറ്റെല്ലാ നിർവചനങ്ങളിൽ നിന്നും വ്യത്യസ്തമായിരിക്കുകയും മറ്റുള്ളവരെയെല്ലാം ഇസ്ലാമിക വൃത്തത്തിൽ നിന്ന് പുറത്താക്കിക്കൊണ്ടുള്ളതുമായിരിക്കും. ഇനി നാം ഏതെങ്കിലും ഒരു ആലിമിന്റെ നിർവചനം സ്വീകരിക്കുകയാണെങ്കിൽ ആ ആലിമിന്റെ നിർവചനപ്രകാരം നാം മുസ്ലിമായിരിക്കും. മറ്റുള്ളവരുടെ നിർവചനപ്രകാരം നാം കാഫിറുമായിരിക്കും'*** (മുനീർ കമ്മീഷൻ റിപ്പോർട്ട് പേ. 28).

എങ്കിലും ആരാണ് മുസ്ലിം എന്ന പ്രാമാണികമായ ചോദ്യം അവശേഷിക്കുന്നു. ഇസ്ലാം മതത്തിന്റെ ഏറ്റവും സമുന്നതനായ ആധികാരിക വക്താവും ഔദാര്യവാന്മാരിൽ ഔദാര്യവാനുമായ റസൂൽ കരിം (സ) നൽകിയ നിർവചനം സങ്കുചിതമനസ്കരും അസഹിഷ്ണുക്കളുമായ ഉലമാക്കന്മാരുടെ നിർവചനങ്ങളെയെല്ലാം നിരാകരിക്കുന്നു. മദീനയിലെ ഒരു സെൻസസ് വേളയിൽ റസൂൽ തിരുമേനി (സ) മുസ്ലിമിന് നൽകിയ നിർവചനം സഹീഹുൽ ബുഖാരിയിൽ ഉദ്ധരിച്ചത് ഇങ്ങനെയായിരുന്നു: ***'സ്വയം മുസ്ലിമാണെന്ന് പറയുന്ന ഏവരുടേയും പേര് എനിക്കുവേണ്ടി എഴുതി ചേർക്കുക'*** (സഹീഹുൽ ബുഖാരി). എത്ര വിശാലമായ നിർവ്വചനം!

## മതപരിത്യാഗിയുടെ വധം: ക്രിസ്തീയ കാഴ്ചപ്പാട്

സ്പെയിനിൽ മുസ്ലിംകളെ പുറത്താക്കിയ ക്രിസ്ത്യാനികൾ അവിടത്തെ അവശേഷിക്കുന്ന മുസ്ലിംകൾക്കെതിരെ വമ്പിച്ച പീഡനങ്ങളും ക്രൂരതയും കൂട്ടക്കൊലയും അഴിച്ചുവിടുകയുണ്ടായി. ഈയവസരത്തിൽ അതിന് പകരമായി തുർക്കിയിലെ ക്രിസ്ത്യാനികളെ വധിച്ചുകളയാൻ അന്നത്തെ മുസ്ലിം ഖലീഫയും പ്രഥമ ഉഥ്മാനിയാ ഖലീഫയുമായിരുന്ന സലിം ഒന്നാമൻ ആലോചിച്ചിരുന്നു. പക്ഷേ, ഇസ്ലാം മതം ഒരിക്കലും അത് അനുവദിക്കുന്നില്ല എന്ന് പറഞ്ഞ് ശൈഖുൽ ഇസ്ലാം അലി ജമാലി ഈ നീക്കത്തിനെതിരെ ശക്തമായി രംഗത്ത് വന്നുകൊണ്ട് ആ ഉദ്യമം തടയുകയുണ്ടായി.

മുർത്തദ്ദ് അഥവാ മതപരിത്യാഗി എന്ന് മുദ്രകുത്തി നിരവധി പേരെ കൊന്നൊടുക്കിയ സംഭവങ്ങൾ മുസ്ലിം ചരിത്രത്തിൽ നമുക്ക് കാണാം. അതെല്ലാം സമൂഹത്തിൽ അരാജകത്വം നടമാടിയിരുന്നപ്പോഴുള്ള പ്രക്ഷുബ്ധാവസ്ഥയിലാണ് സംഭവിച്ചത്. മതപരിത്യാഗി വധാർഹനാണെന്ന് ചില തീവ്ര നിലപാടുകാരനായ മതപണ്ഡിതന്മാരുടെ ഫത്വകളും ഇല്ലാതില്ല. പക്ഷേ

മുസ്‌ലിം ഭരണകൂടങ്ങൾ നടപ്പാക്കിയ വ്യവസ്ഥാപിത ശരീഅത്ത് ഭരണ നിർവ്വഹണ നിയമമായോ പീനൽ കോഡായോ ഇത് എവിടേയും എഴുതി ച്ചേർത്തതായി കാണില്ല. അത്യപൂർവ്വ സന്ദർഭങ്ങളിൽ സമാധാന കാലത്തും മതഭ്രാന്തന്മാരായ മതപണ്ഡിതന്മാരുടെ നിർബന്ധത്തിന് വഴങ്ങി ഭരണാധികാരികൾ ഇസ്‌ലാം മതം ഉപേക്ഷിച്ചവനെ (മുർത്തദ്ദിനെ) വധിച്ചതായി കാണുന്നുണ്ട്. രാജ്യദ്രോഹക്കുറ്റവും മതപരിത്യാഗവും ഒരുമിച്ചു വന്നപ്പോൾ വധശിക്ഷ പോലെയുള്ള ശിക്ഷകൾ നടപ്പാക്കിയത് ഒരിക്കലും മതപരിത്യാഗത്തിന്റെ ഫലമായിട്ടല്ല എന്ന് നാം വേർതിരിച്ചറിയേണ്ടതുണ്ട്. എന്നാൽ ക്രിസ്തുസഭ മതപരിത്യാഗത്തിന് വ്യവസ്ഥാപിത നിയമങ്ങളിലൂടെ വധശിക്ഷ നടപ്പാക്കി എന്നത് അനിഷേധ്യമായ ചരിത്ര യാഥാർത്ഥ്യമാണ്. കുപ്രസിദ്ധമായ മദ്ധ്യകാലത്തെ ഇൻക്വിസിഷനോടനുബന്ധിച്ച നിയമങ്ങളാണ് മതപരിത്യാഗിയെ വധിച്ചു കളയണം എന്ന നിയമം അവതരിപ്പിച്ചത്. ചരിത്രത്തെ കിടിലം കൊള്ളിച്ച മധ്യനൂറ്റാണ്ടുകളിൽ ക്രിസ്തുസഭ നടത്തിയ നരമേധങ്ങൾ ഒരു പേക്കിനാവ് പോലെ നമ്മെ വേട്ടയാടുന്നു. ഇസ്‌ലാമിനെ ക്രിസ്തുമതത്തിന്റെ ഉന്നതസ്ഥാനത്തു നിന്ന് വിമർശിക്കുന്നവർ ഈ ചരിത്രം ഓർക്കുന്നത് നന്ന്. മതം വിട്ടുപോകണമെന്നില്ല, സഭക്ക് സംശയം തോന്നിയാൽ പോലും വധിച്ചു കളയുന്ന ഈ കിരാത കൃത്യം ഉദ്ഘാടനം ചെയ്തത് മുസ്‌ലിം ഭരണാനന്തര സ്പെയിനിലാണ്. പോപ്പ് ഇന്നസെന്റ് 8-ാമന്റെ കാലത്ത് പതിനഞ്ചാം നൂറ്റാണ്ടിൽ ഫെർഡിനാഡ് ഇസബെല്ല രാജദമ്പതിമാരുടെ കുമ്പസാരകർമ്മം നടത്തിയിരുന്ന ഡൊമിനിക്കൻ ക്രിസ്തീയ സന്യാസിയും മഹാക്രൂരനുമായിരുന്ന തോമസ് ഡി തൊർകുമാഡെക്കിനായിരുന്നു സ്പെയിനിലെ ഇൻക്വിസിഷന്റെ ചുമതല. അദ്ദേഹം നടപ്പാക്കിയ Auto dabe ഓട്ടോ ഡഫേ എന്നറിയപ്പെടുന്ന മതപരിത്യാഗക്കുറ്റത്തിന്റെ ശിക്ഷയായി വ്യവസ്ഥ ചെയ്തത് വധശിക്ഷയായിരുന്നു.

ഡോഗ്മ (Dagma) എന്നറിയപ്പെടുന്ന ക്രിസ്തുസഭയുടെ ഔദ്യോഗിക വിശ്വാസത്തിൽ നിന്നുള്ള വ്യതിയാനത്തെയാണ് ഹെറിസി (Heresy) അഥവാ മതനിന്ദ, 'പാഷാണ്ഡത' എന്നൊക്കെപറയുന്നത്. മതനിന്ദ ആരോപിച്ചായിരുന്നു ഓട്ടോ ഡഫേക്ക് വിധേയമാക്കിയിരുന്നത്. 1483ൽ ഇൻക്വിസറ്ററായി അധികാരമേറ്റ തൊർക്കുമാഡെ 11 വർഷം കൊണ്ട് ഒറ്റക്ക് 2000 പേരെ Auto dabeക്ക് വിധേയമാക്കി കൊന്നു. 1481 മുതൽ 1808 വരെയുള്ള 327 വർഷം കൊണ്ട് 3 ലക്ഷത്തി നാൽപതിനായിരം പേരെ Auto dabeക്ക് വിചാരണ വിധേയരാക്കി. 32,000 പേരെ ചുട്ടുകൊല്ലുകയുമുണ്ടായി. ക്രിസ്ത്യാനികൾ ഭീഷണിപ്പെടുത്തി ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യിച്ച യഹൂദരേയാണ് മെറോനോസ് (Maroanos) എന്ന് പറയുന്നത്. മതം മാറിയ ഈ യഹൂദരെ ക്രിസ്തീയ വിശ്വാസത്തിലെ ആത്മാർത്ഥത ക്കുറവ് ആരോപിച്ച് സ്പെയിൻ മുസ്‌ലിംകളിൽ നിന്ന് ക്രിസ്ത്യാനികൾ പിടിച്ചെടുത്തപ്പോൾ കൊന്നൊടുക്കുകയുണ്ടായി. ക്രിസ്തീയ ലോകത്തെ മതപരമായ ഈ അസഹിഷ്ണുതയിൽ നിന്നും നമ്മെ രക്ഷിച്ചത് സെക്കുലറിസമാണ്.

## മൗലാനാ മൗദൂദി

ഇസ്‌ലാമിൽ ഡോഗ്മയും ഹെറിസിയുമുണ്ടായിരുന്നില്ല എന്നത് ഒരു വസ്തുതയാണ്. തുടക്കം മുതൽക്കു തന്നെ പല കാര്യങ്ങളിലും ഭിന്നാഭിപ്രായമുണ്ടായിരുന്ന നാല് മദ്ഹബുകളുടെ സഹവർത്തിത്വത്തോടെയുള്ള സാന്നിധ്യമാണ് ഈ പ്ല്യൂറലിസ്റ്റ് പാരമ്പര്യം ഇസ്‌ലാമിന് നൽകിയത്. 'അഭിപ്രായസ്വാതന്ത്ര്യം എന്റെ സമുദായത്തിന്റെ അനുഗ്രഹമാണ്' എന്നാണ് റസൂൽ തിരുമേനി പറഞ്ഞതെന്നും നാമോർക്കണം. ഫാഷിസത്തിന്റെ ചുവടുപിടിച്ച് ഇസ്‌ലാമിന് രാഷ്ട്രീയ വ്യാഖ്യാനം നൽകിയ മൗലാനാ മൗദൂദിയാണ് മൂർത്തദ്ദിനെ വധിക്കണം എന്ന ആശയത്തിന്റെ ആധുനിക കാലത്തെ ശക്തനായ വക്താവ്. അദ്ദേഹം ഇതു സംബന്ധിച്ച് ഉറുദുഭാഷയിലെഴുതിയ പുസ്തകമാണ് 'മുർത്തദ് കി സസാ ഇസ്‌ലാമി ഖാനൂൻ മെ'. അതായത് 'മുർത്തദ്ദിന്റെ ശിക്ഷ ഇസ്‌ലാമിക നിയമത്തിൽ' എന്നത്. അതിൽ അദ്ദേഹം എഴുതുന്നു:

*'ഏതൊരു നാട്ടിലാണോ ഇസ്‌ലാമിക വിപ്ലവം വരുന്നത് ' അവിടെയുള്ള മുസ്‌ലിം ജനതക്ക് ഒരു നോട്ടീസ് നൽകപ്പെടും. അതായത്, ആരാണോ ഇസ്‌ലാമിൽ നിന്നും വിശ്വാസപരവും കർമ്മപരവുമായ കാര്യങ്ങളിൽ നിന്നും വിട്ടുനിൽക്കാനാഗ്രഹിക്കുന്നത് എന്നാരാഞ്ഞു കൊണ്ടുള്ളതായിരിക്കും ആ നോട്ടീസ്. ഈ വിളംബരത്തിനുശേഷം ഒരു വർഷത്തിനകം അമുസ്‌ലിമാവാൻ ആഗ്രഹിക്കുന്നവർ അമുസ്‌ലിംകളാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് മുസ്‌ലിം സൊസൈറ്റിയിൽ നിന്ന് പുറത്ത് പോകേണ്ടതാണ്. ഈ കാലപരിധിക്കുശേഷം ജന്മനാ മുസ്‌ലിംകളെല്ലാം മുസ്‌ലിംകളായി കണക്കാക്കപ്പെടും ഇസ്‌ലാമിന്റെ എല്ലാ നിയമങ്ങളും അവരിൽ പ്രാവർത്തികമാക്കപ്പെടുന്നതാണ്. ഇസ്‌ലാമിലെ എല്ലാ നിർബന്ധ ബാധ്യതകളും നടപ്പാക്കാൻ അവർ നിർബന്ധിതരായിത്തീരുന്നതാണ്. ഇതിനുശേഷം ആരെങ്കിലും ഇസ്‌ലാമിക വൃത്തത്തിൽ നിന്ന് പുറത്തു പോകാൻ ആഗ്രഹിച്ചാൽ അയാൾ വധിക്കപ്പെടുന്നതാണ്. കുഫ്റിന്റെ മടിത്തട്ടിൽ വീഴാൻ പോവുന്ന ധാരാളം സ്ത്രീപുരുഷന്മാരെ ഈ വിധം രക്ഷപ്പെടുത്താൻ ശ്രമിക്കും. അതായത് ഒരു വിധത്തിലും രക്ഷപ്പെടുത്താൻ സാധിക്കാത്തവർ നമ്മുടെ സൊസൈറ്റിയിൽ നിന്ന് വിഛേദിച്ചെറിയപ്പെടും (വധിക്കപ്പെടും). ഈ ശുദ്ധീകരണത്തിനുശേഷം സ്വമനസ്സാലെ മുസ്‌ലിമായി കഴിയാൻ ആഗ്രഹിക്കുന്നവരെക്കൊണ്ട് പുതിയൊരു ഇസ്‌ലാമിക സൊസൈറ്റിയുടെ ആരംഭം കുറിക്കുന്നതാണ്. (മുർത്തദ് കി സസാ ഇസ്‌ലാമി ഖാനൂൻ മെ 1950ൽ പ്രസിദ്ധീകരിച്ചത് പേ. 80).*

മൗദൂദി സാഹിബ് വീണ്ടും എഴുതുന്നു: *'മതപരിത്യാഗത്തിന് വധശിക്ഷയാണെന്ന് തീരുമാനിക്കപ്പെട്ടു കഴിഞ്ഞതോടെ പ്രശ്നം പരിഹരിച്ചു. ഒരു മുസ്‌ലി*

*മിനേയും അന്യമതം സ്വീകരിക്കാൻ നാം അനുവദിക്കുന്നില്ല എന്നു വരുമ്പോൾ നമ്മുടെ അധികാരപരിധിയിൽ അന്യമതസ്ഥർക്ക് പ്രചാരണം നടത്തുക എന്ന പ്രശ്നം തന്നെ ഉത്ഭവിക്കുന്നില്ല. നാം ഒരിക്കലും അത് സഹിക്കുകയില്ല.'* (മുർത്തദ് കി സസാ ഇസ്‌ലാമി ഖാനൂൻ മെ പേ. 32) അദ്ദേഹം വീണ്ടും പറയുന്നു: *ഇതിനുള്ള പ്രതിവിധി രണ്ടു വിധമാണ്. ഒന്നുകിൽ അയാളെ (മതം മാറിയവനെ) സ്റ്റേറ്റിൽ എല്ലാവിധ പൗരാവകാശങ്ങളും ത്യജിക്കപ്പെട്ട നിലയിൽ ജീവിക്കാനനുവദിക്കുക. അല്ലെങ്കിൽ അയാളുടെ ജീവിതം അവസാനിപ്പിക്കുക. ആദ്യത്തെ രീതി രണ്ടാമത്തെ രീതിയേക്കാൾ കഠിനതരമായ ശിക്ഷയായിരിക്കും. കാരണം അതിന്റെ അർത്ഥം (ലായമൂത്തു ഫിഹാവലായഹ്‌യാ) എന്ന അവസ്ഥയിൽ അതായത് ജീവച്ഛവം പോലെ ആവുകയാണ്. അതുകൊണ്ട് ശ്രേഷ്ഠമായ കാര്യം അയാൾക്ക് മരണശിക്ഷ നൽകികൊണ്ട് അദ്ദേഹത്തിനും സൊസൈറ്റിക്കുമുള്ള എല്ലാ ആപത്തുകളും തൽക്ഷണം അവസാനിപ്പിക്കുകയാണ്'* (മുർത്തദ് കി സസാ ഇസ്‌ലാമി ഖാനൂൻ മെ പേ. 51).

മതം മാറിയവനെ വധിക്കണമെന്ന മൗലാനാ മൗദൂദിയുടെ ഈ ഫാഷിസ്റ്റ് തത്വം പ്രബുദ്ധ കേരളത്തിലും അദ്ദേഹത്തിന്റെ അനുയായികൾ എഴുത്തിലൂടെ പ്രചരിപ്പിക്കുന്നു എന്നത് ഖേദകരമാണ്. ആലോചിക്കുമ്പോൾ തലകറക്കമുണ്ടാകുന്ന മറ്റൊരു കാര്യം ഈ ഭീകരവാദം പ്രചരിപ്പിക്കുന്ന അവർ തന്നെയാണ് കേരളത്തിലെ ഏറ്റവും വലിയ മനുഷ്യാവകാശ സംഘടനയുടെ സംഘാടകരും മുന്നണിപ്പോരാളികളും - ഫോറം ഫോർ ഡമോക്രസി ആന്റ് കമ്മ്യൂണൽ അമിറ്റി എന്ന മനുഷ്യാവകാശ സംഘടനയുടെ കേരള ജനറൽ സെ ക്രട്ടറിയായ ഓ അബ്ദുറഹ്മാൻ സാഹിബ് മനുഷ്യാവകാശ പ്രവർത്തകൻ എന്നതിനോടൊപ്പം ജമാഅത്തെ ഇസ്‌ലാമി നേതാവു കൂടിയാണ്.

മുർത്തദ്ദിനെ വധിക്കണമെന്ന സിദ്ധാന്തത്തിന്റെ വിശദീകരണമെന്നോണം ഒ. അബ്ദുറഹ്മാൻ സാഹിബിന്റെ വിശദീകരണം മനുഷ്യാവകാശവും ജമാഅത്തെ ഇസ്‌ലാമിയും തമ്മിലുള്ള വൈരുദ്ധ്യം വ്യക്തമാക്കുന്നു. അദ്ദേഹം എഴുതുന്നു:

*'ഇപ്രകാരം ഇസ്‌ലാം സ്വീകരിക്കാതിരിക്കാനും പൂർണ സ്വാതന്ത്ര്യമുണ്ടായിരിക്കെ അത് സത്യമാണെന്ന് മനസ്സിലാക്കി സ്വമേധയാ അതിൽ പ്രവേശിച്ചവൻ പിന്നീടത് ഉപേക്ഷിച്ചുപോകുന്നുവെങ്കിൽ തികഞ്ഞ വഞ്ചനയും മുസ്‌ലിം സൊസൈറ്റിയെ ശിഥിലമാക്കാനുള്ള കപടതന്ത്രവുമായിട്ടാണ് ഇസ്‌ലാം ആ നടപടിയെ വീക്ഷിക്കുന്നത്. അവരെ പിടികൂടാനോ ശിക്ഷിക്കാനോ വ്യക്തികൾക്ക് അധികാരമില്ലെങ്കിലും ഇസ്‌ലാമിക സ്റ്റേറ്റിന്റെ ഭദ്രത നിലനിർത്താൻ ദ്രോഹകാരികളായ ഇത്തരം ആളുകളെ ഇസ്‌ലാമിക കോടതി വിചാരണ ചെയ്യും. കുറ്റം തെളിഞ്ഞാൽ തെറ്റു തിരുത്താൻ അവസരം നൽകും. തിരുത്താനും തയ്യാറില്ലെങ്കിൽ മാത്രം വധശിക്ഷക്ക് വിധിക്കും* (ഇസ്‌ലാമും യുക്തിവാദികളും ഒ. അബ്ദുറഹ്മാൻ പേ. 163). ഖുർആനിലോ ഹദീസിലോ ഇല്ലാത്ത ഈ കിരാത സിദ്ധാന്തം ഇസ്‌ലാമിക വിരുദ്ധമാണെന്ന് പറഞ്ഞ് ജമാൽ എന്ന പണ്ഡിതൻ റൂഹുൽ ഇസ്‌ലാം എന്ന ഗ്രന്ഥത്തിൽ ഖണ്ഡിച്ചതിനെപ്പറ്റി ഒ. അബ്ദുറഹ്മാൻ സാഹിബ് അതേ പുസ്തകത്തിൽ നടത്തുന്ന പരാമർശം നോക്കൂ: *"ഇസ്‌ലാമിന്റെ സത്യാവസ്ഥ ബോധ്യപ്പെട്ട ശേഷം അതിൽ പ്രവേശിക്കാൻ തീരുമാനിക്കുന്ന ഏതൊരാളും പിന്നീട് താൻ രാജിവെക്കണമെന്നാഗ്രഹിച്ചാൽ അത് അനുവദിക്കപ്പെടാൻ പോവില്ലെന്ന് കൂടി നന്നായി അറിഞ്ഞ ശേഷമായിരിക്കാം സ്വാഭാവികമായും മുസ്‌ലിമാവുന്നത്. അതിനാൽ ആത്മാർത്ഥതയോടെ ഇസ്‌ലാം അവലംബിച്ച യാതൊരാളും അതിനെ ഉപേക്ഷിക്കുന്ന പ്രശ്നം ഉത്ഭവിക്കുന്നില്ല. (ഇസ്‌ലാമും യുക്തിവാദികളും).*

ഈ വാദത്തിലെ യുക്തിഹീനതയും നാം മനസ്സിലാക്കണം. മതം വിട്ടു പോകുന്നവനെ പുറത്ത് പോകാനനുവദിക്കാതെ വധിക്കുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തി നിർത്തിയാൽ ഒരു കപടവിശ്വാസിയെ സൃഷ്ടിക്കാനല്ലാതെ ഈ നിയമം കൊണ്ട് മറ്റെന്താണ് പ്രയോജനം?

## മൗലവി ചേകന്നൂർ

'മതപരിത്യാഗിയെ വധിക്കണം' എന്ന സിദ്ധാന്തത്തിലെ കേരളത്തിലെ ബലിയാടാണ് മൗലവി ചേകന്നൂർ അബുൽഹസൻ. ഒരു ആശയം പ്രചരിപ്പിച്ചതിന്റെ പേരിൽ ഒരാൾ വധിക്കപ്പെടുക എന്നത് അങ്ങേയറ്റം അപലപനീയമാണ്.

ചേകന്നൂർ മൗലവിയെപ്പറ്റി അദ്ദേഹത്തിന്റെ അനുയായികൾ അവകാശപ്പെടുന്നത് പോലെ ഒരു പരിഷ്ക്കർത്താവാണെന്ന് ഞങ്ങൾക്കഭിപ്രായമില്ല. അദ്ദേഹത്തിന്റെ പല ആശയങ്ങളോടും ആശയ പ്രചാരണശൈലിയോടും ഞങ്ങൾ വിയോജിക്കുന്നു. ജനകോടികൾ ആദരപൂർവ്വം ബഹുമാനിക്കുന്ന അബൂഹുറൈറ (റ)യെപ്പോലെയുള്ള വ്യക്തികളെ ഹീനമായ പദങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള മൗലവിയുടെ വിമർശനം അദ്ദേഹത്തിന്റെ ആശയങ്ങൾ ശ്രദ്ധിക്കുന്നതിനേക്കാൾ പ്രകോപനമാണ് അനുവാചകരിൽ സൃഷ്ടിച്ചത്. വികാരസാന്ദ്രമായ മതവിശ്വാസങ്ങളെ വിമർശിക്കുമ്പോൾ വിമർശകർ പാലിക്കേണ്ട സംയമനം, സംസ്കാരസമ്പന്നമായ ഭാഷ ഇവയൊന്നും മൗലവി സാഹിബ് പലപ്പോഴും ഉപയോഗിച്ചിട്ടില്ല എന്നത് ഒരു വസ്തുതയാണ്.

മൗലവി ചേകന്നൂറിന്റെ വിമർശനം എത്ര പരുഷമായിരുന്നാലും അത് എത്ര തന്നെ പ്രകോപനമുണ്ടാക്കുന്നതായാലും അദ്ദേഹത്തിന് തീർച്ചയായും അത് പ്രകടിപ്പിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്. മാത്രമല്ല, അദ്ദേഹത്തിന്റെ ചില ആശയങ്ങളും വിമർശനങ്ങളും പുരോഗമനപരമായിരുന്നു. അഹ്മദി

*(ശേഷം 42-ാം പേജിൽ)*

**അവലോകനം**

# കോഴിക്കോട്ടെ അൽഖുർആൻ എക്സിബിഷൻ

**കെ.പി. അഹ്മദ്**




*കോഴിക്കോട് മേയർ ശ്രീ. എം ഭാസ്കരൻ എക്സിബിഷൻ ഉദ്ഘാടനം ചെയ്യുന്നു. മൗലവി മുഹമ്മദ് ഉമർ, പി. മമ്മദ് കോയ, പ്രൊഫ. മഹ്മൂദ് അഹ്മദ്, എം. എ. മുഹമ്മദ്, എം. അബ്ദുറഹിമാൻ, എ. എം. മുഹമ്മദ് സലിം എന്നിവരെ വേദിയിൽ കാണാം.*

**നാ**ൽപതു വർഷക്കാലമായി പ്രചാരണരംഗത്ത് പ്രയാണം തുടരുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ 'അൽ ഖുർആൻ എക്സിബിഷൻ ഇന്റർനാഷനൽ എന്ന പരിഷ്ക്കരിച്ച പുതിയ പ്രദർശനം കോഴിക്കോട്ട് നിരവധി വിജ്ഞാനാന്വേഷികളെ ആകർഷിക്കുകയുണ്ടായി. മാവൂർ റോഡിലെ അരേടത്ത് പാലത്തിന് സമീപത്തുള്ള അപ്സരാ ഗ്രൗണ്ടായിരുന്നു പ്രദർശന നഗരി. അതോടൊപ്പം അഹ്മദിയ്യാ പ്രദർശനത്തിന്റെ വിപുലമായ പ്രചാരണം കണ്ട് ഹാലിളകിയ ഇമാം കൗൺസിൽ എന്ന സംഘടന പ്രദർശനം പരാജയപ്പെടുത്താനും ബഹിഷ്കരിക്കാനും മുസ്ലിംകളെ ആഹ്വാനം ചെയ്തുകൊണ്ട് പത്രമാദ്ധ്യമങ്ങളിലൂടെയും പ്രസ്താവനയിറക്കുകയുണ്ടായി. 'ഇസ്ലാമിക് ഇൻഫർമേഷൻ സെൽ' എന്ന പേരിൽ തിരൂരങ്ങാടിയിലെ വിലാസത്തിൽ വിപുലമായ നോട്ടീസ് വിതരണവും നടത്തിയിരുന്നു! പ്രദർശനത്തിനെതി രെ പള്ളികളിൽ നിന്നും വ്യാപകമായ ബഹിഷ്കരണ പ്രസ്താവനകൾ വന്നു. പക്ഷേ; ഇത്രയേറെ പ്രതികൂല സാഹചര്യങ്ങളുണ്ടായിട്ടും സത്യാന്വേഷണ കുതുകികളായ ഒട്ടേറെ സന്ദർശകർ പ്രദർശന നഗരിയിലെത്തിച്ചേർ ന്നത് കൗതുകകരമാണ്! അറിവിന്റെ ലോകത്തിലെ അമൂല്യമായ വിഭവങ്ങൾ തേടിക്കൊണ്ടുള്ള ഒരേയൊരു ലക്ഷ്യമായിരുന്നു അവർക്കുണ്ടായിരുന്നതെന്ന് ഇത് വ്യക്തമാക്കുന്നു! കാരണം; അല്പം ദൂരെ കിടക്കുന്ന പ്രദർശന നഗരിയിലേക്ക് യാത്രാക്ലേശവും വാഹനച്ചെലവും വഹിക്കാതെ എത്തിച്ചേരാൻ സാദ്ധ്യമല്ലെന്നതാണ് യാഥാർത്ഥ്യം! പ്രദർശനസമയം രാവിലെ 11 മണി മുതലാണെന്ന് വിളംബരപ്പെടുത്തിയിട്ടും 9 മണി മുതൽ സന്ദർശകന്മാരുടെ സാന്നിദ്ധ്യമുണ്ടായി! വന്നവരൊക്കെ പഠിക്കാനും ഗ്രഹിക്കാനും, അസാധാരണമായ താല്പര്യം പ്രകടിപ്പിച്ചത് സംഘാടകർ മനസ്സിൽ കണ്ട വിജയലക്ഷ്യത്തിന് വമ്പിച്ച മുതൽകൂട്ടാണ്!

അൽഖുർആൻ എക്സിബിഷൻ കണ്ണൂരിൽ പ്രദർശിച്ചപ്പോഴുള്ള ആൾക്കൂട്ടത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ മന:ശാസ്ത്രമാണ് കോഴിക്കോട്ടെ സന്ദർശകരിൽ കാണാൻ കഴിഞ്ഞത്! മണിക്കൂറുകൾ ചിലവഴിച്ച് ഓരോ ബോർഡുകളും സൂക്ഷ്മമായി പഠനം നടത്താൻ സന്ദർശകർ ശുഷ്കാന്തി കാണിച്ചു! പലരും ശാസ്ത്രവുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള വിശുദ്ധഖുർആനിലെ സർവ്വാതിശായിയായ സൂക്തങ്ങൾ കുറിച്ചെടുത്തു! ചിലരെല്ലാം മൊ ബൈൽഫോൺ ക്ലിക്ക് ചെയ്ത് ഡിസ്പ്ലേ ബോർഡിന്റെ ഫോട്ടോയെടുത്തു! നൂറ്റിഅറുപതോളം ബോർഡുകൾ ഒരേ നിൽപ്പിൽ വായിച്ചുതീർക്കാൻ പ്രയാസമുള്ളവർ ഓരോ ബോർഡിനുമുമ്പിലും കസേരയിട്ട് പാരായണം പൂർത്തിയാക്കി! സംശയനിവാരണങ്ങൾക്കും സൗഹൃദ ചർച്ചകൾക്കും അനേകമാളുകൾ സ്വയമാ

യിത്തന്നെ ആവേശം പ്രകടിപ്പിച്ചു! പതിനാലുദിവസവും പ്രദർശന നഗരിയിലെത്തുകയും അപഗ്രഥനം നടത്തുകയും ഒടുവിൽ കുടുംബസമേതം അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്ത പ്രമുഖരായ ചില രും ഈ കൂട്ടത്തിലുണ്ട്! ആയിരത്തി അഞ്ഞൂറോളം 'ടേബിൾ ടോക്ക്' നടത്തിയതായി ബന്ധപ്പെട്ട അഹ്മദിയ്യാ മൗലവിമാരും വക്താക്കളും സാക്ഷ്യപ്പെടുത്തുന്നു. സന്ദർശകരുടെ നിർബന്ധത്തിനും നിരന്തരമായ ആവശ്യത്തിനും വഴങ്ങി മജ്‌ലിസ് അൻസാറുല്ലാഹ് എക്സിബിഷൻ അൽഖുർആന്റെ സിഡിയും ഇറക്കി.

കോഴിക്കോട്ടെ അഹ്മദിയ്യാ വനിതാ വളണ്ടിയർമാർ പ്രചാരണരംഗത്ത് ഊർജ്ജസ്വലരായിരുന്നു! ആശയങ്ങളും ചിത്രങ്ങളും സംയോജിപ്പിച്ചുകൊണ്ട് സജ്ജമാക്കിയ ബോർഡുകൾ സന്ദർശകരായ സ്ത്രീകൾക്കും കൂട്ടംചേർന്നു വന്ന ദമ്പതികൾക്കും വിവരിച്ചുകൊടുക്കാനും, ബുക്ക് സ്റ്റാളിൽ കൊണ്ടുപോയി അഹ്മദിയ്യാ സാഹിത്യങ്ങൾ നൽകാനും, ആശയവിനിമയം നടത്താനും വനിതാ വളണ്ടിയർമാർ മുമ്പന്തിയിലുണ്ടായിരുന്നു! അറുനൂറിൽപ്പരം സ്ത്രീകൾ 'ടേബിൾ ടോക്ക്' നടത്തിയതായി ലജ്നാ ഇമാഇല്ലാ വക്താക്കൾ അവകാശപ്പെടുന്നു. വിദ്യാസമ്പന്നരായ ഒട്ടേറെ മുസ്‌ലിം സ്ത്രീകളും ഇതരമതസ്ഥരായ അനേകം സ്ത്രീ പുരുഷന്മാരും പ്രദർശനം കണ്ടു.

ഏറെ ശ്രദ്ധേയമായത്, പത്രമാദ്ധ്യമങ്ങളിലൂടെ വിലക്കുകളുണ്ടായിട്ടും തിരൂരങ്ങാടിയിലെ 'ഇൻഫർമേഷൻ സെല്ലിന്റെ' വകയായി 'നാശത്തിലേക്കൊരു പൈശാചിക പാത' എന്ന തലക്കെട്ടിൽ കോഴിക്കോട് നഗരത്തിൽ ബഹിഷ്ക്കരണ നോട്ടീസുകൾ വിതരണം നടത്തിയിട്ടും അത്തരം മതനേതൃത്വങ്ങളെ ഒട്ടും വകവെക്കാതെ അവരെ അവഗണിച്ചുകൊണ്ട് ഒട്ടേറെ മുസ്ല്യാക്കന്മാരും സാധാരണ മുസ്ലിംകളും പ്രദർശനത്തിന് എത്തിചേർന്നും അവസാന ദിവസങ്ങളിൽ വിജ്ഞാനാന്വേഷികളായ സന്ദർശകരുടെ ഒഴുക്ക് ശക്തിപ്പെട്ടതും വിലക്കുകളുടെ കാലം കഴിഞ്ഞു എന്നതിന്റെ സൂചനയാണ്. ആശാവഹമായ ഈ പ്രതികരണം പ്രദർശനത്തിന് ലഭ്യമായ മറ്റൊരു വിജയമുഹൂർത്തമാണ്.

ഏപ്രിൽ 9ന് വൈകുന്നേരം കോഴിക്കോട് മേയർ ശ്രീ. എം. ഭാസ്കരൻ പ്രദർശനം ഉദ്ഘാടനം ചെയ്തു. വിശ്വാസികളെ സംബന്ധിച്ചേടത്തോളം കാലോചിതവും ബുദ്ധിപൂർവ്വവുമായ വ്യാഖ്യാനങ്ങൾ ഉൾ ക്കൊള്ളുന്ന ഗ്രന്ഥമാണ് വിശുദ്ധഖുർആനെന്നും, എല്ലാ ജാതിമതസ്ഥർക്കും അതിൽ പാഠങ്ങളുണ്ടെന്നും ഉദ്ഘാടന പ്രഭാഷണത്തിൽ മേയർ പറഞ്ഞു. പ്രദർശനത്തെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണത്തിൽ വിശുദ്ധഖുർആനിൽ എഴുനൂറ്റിഅമ്പത് വചനങ്ങൾ ശാസ്ത്രവുമായി ബന്ധപ്പെട്ട പരാമർശങ്ങളാണെന്നും, എ ന്നാൽ കർമ്മപരമായ വിഷയങ്ങളെ സംബന്ധിച്ച വചനങ്ങൾ ഇരുനൂറ്റിഅമ്പത് സ്ഥലങ്ങളിലാണുള്ളതെന്നും സത്യദൂതൻ പത്രാധിപർ ജനാബ് ഏ. എം. മുഹമ്മദ് സലിം സാഹിബ് വ്യക്തമാക്കി. പ്രപഞ്ചത്തിലെ സ്ഥൂലയാഥാർത്ഥ്യങ്ങളും ചൂണ്ടിക്കാട്ടി സൂക്ഷ്മനും അദൃശ്യനുമായ ദൈവത്തിലേക്ക് അനുവാചകന്റെ ശ്രദ്ധ ക്ഷണിക്കുന്ന വിശുദ്ധ ഖുർആൻ ശാസ്ത്രസത്യങ്ങളെ ആത്മീയാനുഭൂതിയാക്കി മാറ്റുന്ന ഒരു സവിശേഷ ഗ്രന്ഥം കൂടിയാണെന്ന് സലിം സാഹിബ് പറഞ്ഞു. സ്ഥലം കൗൺസിലർ പി. മമ്മദ്കോയ പ്രൊഫ. മഹ്മൂദ് സാഹിബ്, എം. അബ്ദുറഹിമാൻ സാഹിബ് എന്നിവർ ആശംസകൾ നേർന്നു. കോഴിക്കോട് മേഖലാ അമീർ ജനാബ് എം. എ. മുഹമ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടനച്ചടങ്ങിൽ പ്രദർശനത്തിന്റെ ചെയർമാൻ ജനാബ് കെ.എം. അഹ്മദ് കോയാ സാഹിബ് സ്വാഗതവും, ജനാബ് എം. കെ. ഇമ്പിച്ചിക്കോയട്ടി സാഹിബ് നന്ദിയും പറഞ്ഞു. ജനാബ് ടി. അഹ്മദ് സഊദ് സാഹിബ് ഖുർആൻ പാരായണം നിർവ്വഹിച്ചു.

ഓരോ ദിവസവും ശരാശരി അഞ്ഞൂറുപേർ പ്രദർശനത്തിന് എത്തിച്ചേർന്നിരുന്നു. കൂടാതെ അഹ്മദിയ്യാ സന്ദേശങ്ങളും, ഇതര മുസ്‌ലിം കക്ഷികളുമായുള്ള വിയോജിപ്പിന്റെ വിഷയങ്ങൾ ഉൾക്കൊള്ളുന്ന ഒട്ടേറെ ലഘുലേഖകളും വിതരണം ചെയ്യപ്പെട്ടു! ●

---

*(31 -ാം പേജിൽ നിന്ന് തുടർച്ച)*

പഞ്ചാബ് യൂണിവേഴ്സിറ്റി സ്ഥാപിച്ചു തുടങ്ങിയ കാലമായിരുന്നു അത്. യൂണിവേഴ്സിറ്റിയിൽ ഒരു അറബിക് പ്രഫസറെ ആവശ്യമുണ്ടായിരുന്നു. ഹദ്റത്ത് അഹ്മദിന്റെ അറബി പാണ്ഡിത്യത്തെ അംഗീകരിച്ച്, ആ ഉദ്യോഗം അദ്ദേഹത്തിനു നൽകാൻ ഇടയുണ്ടെന്നും അതിനായി ഒരപേക്ഷ അയയ്ക്കുന്നതു നന്നായിരിക്കുമെന്നും സയ്യിദ് മീർ സാഹിബ് അഭിപ്രായപ്പെടുകയുണ്ടായി. എന്നാൽ ഹദ്റത്ത് അഹ്മദ് ഒട്ടും താല്പര്യം കാണിച്ചില്ല.

വിദ്യാവിഹീനരായ നിരവധി ആളുകൾ, വ്യവഹാരങ്ങളിൽ കുടുങ്ങി വഞ്ചിതരാകുന്നും, കഷ്ടനഷ്ടങ്ങൾ അനുഭവിക്കുന്നതും അദ്ദേഹം തന്റെ ഉദ്യോഗകാലത്ത് നേരിട്ടു കണ്ടറിഞ്ഞു. യാതൊരു സഹായവും അവർക്കു ചെയ്യാൻ തനിക്കു കഴിയാത്തതിൽ അദ്ദേഹം ദുഃഖിതനുമായിരുന്നു. അത്തരക്കാരെ സഹായിക്കുന്നതിന് നിയമം പഠിച്ച് വക്കീലാകണമെന്നു പോലും അദ്ദേഹത്തിന് തോന്നാതിരുന്നില്ല. അങ്ങനെ 'മുഖ്ത്താർ' പരീക്ഷക്ക് തയ്യാറെടുക്കുക പോലും ചെയ്തു അദ്ദേഹം. എന്നാൽ, പിന്നീട് ഈ ആലോചനയും ഉപേക്ഷിക്കുകയുണ്ടായി. ഇതിനെക്കാളൊക്കെ മഹത്തായ വലിയ ഒരു ദൗത്യം മുഴുലോകത്തിനും വേണ്ടി പൂർത്തിയാക്കാനുണ്ടായിരുന്നു അദ്ദേഹത്തിന്. മഹ്ദി മസീഹിലൂടെ അതദ്ദേഹം പൂർത്തിയാക്കുകയും ചെയ്തു. അതി ന് ഇന്ന് നാമും ലോകം മുഴുവനും സാക്ഷികളായിത്തീർന്നിരിക്കുന്നു. (തുടരും) ●

# കുറിപ്പുകൾ

മുസാഫിർ

# ഈസാനബി(അ)യുടെ മരണവും ശൈഖ് മുഹമ്മദ് കാരക്കുന്നിന്റെ 'ദ്വന്ദാത്മക 'ട്ടെ' സിദ്ധാന്തവും'

ഏപ്രിൽ മാസം കോഴിക്കോട്ട് വെച്ച് നടത്തിയ അൽ-ഖുർആൻ എക്സിബിഷൻ സത്യാന്വേഷികളുടെ ഒരുത്സവമായിരുന്നു. നിരവധി യുവാക്കൾ എക്സിബിഷൻ സന്ദർശിക്കുകയുണ്ടായി. വിശുദ്ധ ഖുർആനിലെ വൈജ്ഞാനിക വിഷയങ്ങളുടെ അഹ്മദിയ്യാ പരിപ്രേക്ഷ്യത്തിലൂടെയുള്ള ദൃശ്യാവിഷ്ക്കാരമായിരുന്നു എക്സിബിഷൻ. അവരിൽ ബഹുഭൂരിപക്ഷത്തിന്നും അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ചുള്ള പല തെറ്റിദ്ധാരണകളും നീങ്ങി. ഇസ്‌ലാമിക പ്രമാണങ്ങളിലധിഷ്ഠിതമായ അഹ്മദിയ്യാ ജമാഅത്തിന്റെ വാദമുഖങ്ങളും അടിത്തറയും അവർക്ക് ഏറെക്കുറെ ബോദ്ധ്യമായി. ജമാഅത്തെ ഇസ്‌ലാമി, മുജാഹിദ്, സുന്നിവിഭാഗത്തിൽപ്പെട്ട നിരവധി പേർക്ക് സത്യം ഗ്രഹിക്കാൻ ഈ എക്സിബിഷൻ സഹായകരമായി. അവരിൽപ്പെട്ട പ്രത്യേകിച്ച് ജമാഅത്തെ ഇസ്‌ലാമി ആമുഖ്യമുള്ളവർ പലരും ചോദിച്ച ഒരു ചോദ്യമാണ് ഈ കുറിപ്പെഴുതാനുള്ള പ്രചോദനം. 'ഈസാനബി(അ) മരിക്കട്ടെ, മരിക്കാതിരിക്കട്ടെ അത് ഇസ്‌ലാമിനെ സംബന്ധിച്ച് ഒരു പ്രശ്നമല്ല. പിന്നെ നിങ്ങളെന്തിന് അത് പ്രാധാന്യത്തോടെ പറയുന്നു' എന്നായിരുന്നു ആ ചോദ്യം.

ഈസാനബി(അ)യെ സംബന്ധിച്ച 'മരിക്കട്ടെ, മരിക്കാതിരിക്കട്ടെ' സിദ്ധാന്തത്തിന്റെ കേരളത്തിലെ മുഖ്യ വാക്താവ് ജമാഅത്തെ ഇസ്‌ലാമിയുടെ മഹാപണ്ഡിതനും ബുദ്ധിരാക്ഷസനും വാഗ്മിയുമൊക്കെയായി അറിയപ്പെടുന്ന ജനാബ് ശൈഖ് മുഹമ്മദ് കാരക്കുന്ന് ആണ്. ഈസാനബി (അ)യുടെ മരണം ഒരു പ്രശ്നമേ അല്ല എന്നാണ് ശൈഖ് സാഹിബിന്റെ പക്ഷം... എ.ഡി.ബി. വായ്പ പ്ളാച്ചിമട, പരിസ്ഥിതി, ആദിവാസി പ്രശ്നം, മദ്യനയം തുടങ്ങി തെരുവ് നാടകവും പ്രക്ഷോഭണവും നടത്താൻ സ്കോപ്പുള്ള നിരവധി പ്രശ്നങ്ങൾ നമുക്കു ചുറ്റുമുള്ളപ്പോൾ പഴയ ഒരു നബി മരിച്ചുപോയി എന്നു പറഞ്ഞു നടക്കുന്ന അഹ്മദികളോടു ശൈഖവർകൾക്ക് പരമ പുച്ഛം. ഈയടുത്തകാലത്ത് അബ്ദുസ്സലാം സുല്ലമി എഴുതി പ്രസിദ്ധീകരിച്ച 'ഖാദിയാനിസം' എന്ന പുസ്തകത്തിന്റെ അവതാരികയിലാണ് ഒരു സംഭാഷണരൂപത്തിൽ ശൈഖവർകൾ തന്റെ 'മരിക്കട്ടെ, മരിക്കാതിരിക്കട്ടെ' സിദ്ധാന്തം അവതരിപ്പിച്ചിരിക്കുന്നത്. തന്നെ സന്ദർശിക്കാൻ വന്ന ഒരു സംഘം അഹ്മദിയുവാക്കൾക്ക് മുമ്പിൽ സൈദ്ധാന്തികനായ ശൈഖ് സാഹിബ് തന്റെ 'ദ്വന്ദാത്മക 'ട്ടെ' (മരിക്കട്ടെ, മരിക്കാതിരിക്കട്ടെ) സിദ്ധാന്തം' അവതരിപ്പിക്കുകയും അഹ്മദി യുവാക്കൾ തോറ്റമ്പി സ്ഥലം വിടുകയും ചെയ്തു എന്നാണ് വിവരണം. കോഴിക്കോട്ടെ വെള്ളിമാട്കുന്നിലെ അദ്ദേഹത്തിന്റെ ഓഫീസിൽ പോയ സംഘത്തിൽ ഈ ലേഖകനുമുണ്ടായിരുന്നു. സംഭാഷണത്തിന്റെ തുടക്കം ശൈഖവർകൾ അവതാരികയിൽ വിവരിക്കുന്നത് ഇപ്രകാരമാണ്.

*'രണ്ട് വർഷം മുമ്പ് ഏതാനും യുവാക്കൾ ഓഫീസിൽ വന്നു. തങ്ങൾ അഹ്മദിയ്യാ ജമാഅത്ത് പ്രവർത്തകരാണെന്ന് സ്വയം പരിചയപ്പെടുത്തി. കുശലാന്വേഷണങ്ങൾക്ക് ശേഷം ചോദിച്ചു: 'ഈസാനബി മരിച്ചിട്ടുണ്ടോ? അതിപ്പോൾ നമ്മെ ബാധിക്കുന്ന മൗലിക പ്രശ്നമല്ലല്ലോ. അതിനാൽ മരിച്ചെങ്കിൽ മരിക്കട്ടെ, മരിച്ചില്ലെങ്കിൽ ജീവിച്ചു കൊള്ളട്ടെ' ഈ മറുപടി അവരിൽ വിസ്മയമുണർത്തിയതായി തോന്നി അത്ഭുതത്തോടെ അവർ ചോദിച്ചു: 'എന്താണ് മൗലിക പ്രശ്നമല്ലെന്ന് പറയാൻ കാരണം?'*

അഹ്മദികളായ ഞങ്ങൾ ശൈഖവർകളുടെ ഉത്തരം കേട്ട് വിസ്മയിച്ച് അത്ഭുതപരതന്ത്രജ്ഞരായി തരിച്ചു നിന്ന വിവരം മാത്രമാണ് അദ്ദേഹമെഴുതിയത്. ഞങ്ങളുടെ പ്രത്യുത്തരവും അത് കേട്ട് ശൈഖവർകൾക്കുണ്ടായ പരുങ്ങലും മുഴുവൻ സെൻസർ ചെയ്തിട്ടാണ് അവതാരികയിൽ സംഭാഷണവിവരണം എഴുതിയിരിക്കുന്നത്. അദ്ദേഹത്തിന്റെ കൊച്ചുകൊച്ചു ഡയലോഗുകളിലൂടെ പുരോഗമിക്കുന്ന സംഭാഷണത്തിന്റെ പരിണാമഗുപ്തിയിൽ അഹ്മദികളായ ഞങ്ങൾ നിലംപരിശായി സ്ഥലം വിടുന്നു. ഇതാണ് അവതാരികയുടെ ഇതിവൃത്തം. ആഗ്രഹങ്ങൾക്ക് അതിരില്ലല്ലോ. ഡോൺ കിക്സോട്ടിനെപ്പോലെ ടിയാൻ അവതാരികയിൽ നിഴലിനോട് അങ്കം വെട്ടി ജയിക്കുകയാണ്.

ഞങ്ങൾ അദ്ദേഹത്തിന് ഉത്തരം നൽകിയത് ഇപ്രകാരമായിരുന്നു: ഈസാനബി(അ)യുടെ വിഷയം മരിക്കട്ടെ, മരിക്കാതിരിക്കട്ടെ അതൊരു പ്രശ്നമല്ല എന്ന് പറഞ്ഞ് നിസ്സാരമാക്കിയാൽ നിസ്സാരമാകുന്നതല്ല. കാരണം ഇസ്‌ലാം അവസാനകാലത്ത്

അധഃപതിക്കുമെന്നും ജീർണിക്കുമെന്നും മുസ്‌ലിംകൾ ബലഹീനരായി മലവെള്ളത്തിലെ ചണ്ടികൾ പോലെ ദുർബലരായിത്തീരുമെന്നും ദജ്ജാൽ യഅ്ജൂജ് മഅ്ജൂജ് മുതലായ ശക്തികളുടെ ആക്രമണത്തിന് വിധേയമാവുമെന്നും ഖുർആനിലും ഹദീസിലും പറയപ്പെട്ടിരിക്കുന്നു. അതിൽ നിന്നും മുസ്‌ലിം ഉമ്മത്തിനെ രക്ഷിക്കാൻ ജമാഅത്തെ ഇസ്‌ലാമി വരുമെന്നോ കേരള നദ്‌വത്തുൽ മുജാഹിദീൻ വരുമെന്നോ സുന്നികളോ റാബിത്തത്തുൽ ആലമിൽ ഇസ്‌ലാമി വരുമെന്നോ റസൂൽ തിരുമേനി പ്രവചിച്ചിട്ടില്ല. റസൂൽ തിരുമേനി പറഞ്ഞതും ഇസ്‌ലാമിക പ്രമാണങ്ങളിൽ രേഖപ്പെട്ടതുമായ പ്രശ്നപരിഹാരം ഇസ്‌ലാമിന്റെ ആഗോളവിജയവുമായി ബന്ധപ്പെട്ട ഒരു പ്രവചനമാണ്. അത് മസീഹ് ഇബ്നുമറിയമിന്റേയും ഇമാം മഹ്ദിയുടേയും ഇറക്കമാണ്. മുസ്‌ലിംകൾ അഞ്ചുനേരത്തെ പ്രാർത്ഥനയിൽ പറയുന്ന ദജ്ജാലിന്റെ സംഹാരകനും മസീഹാണ്. നൂറു കോടി മുസ്‌ലിംകൾ അദ്ദേഹത്തിന്റെ ഇറക്കത്തിന് വേണ്ടി കാത്തിരിക്കുന്നു. അപ്പോൾ മരിക്കട്ടെ, മരിക്കാതിരിക്കട്ടെ അല്ലെങ്കിൽ വരട്ടെ, വരാതിരിക്കട്ടെ, ഇസ്‌ലാമിനെ സംബന്ധിച്ച് അതൊരു പ്രശ്നമേ അല്ല, എന്ന് പറയുന്നത് ശരിയാണോ? മാത്രമല്ല ഇരുന്നൂറ് കോടി ക്രിസ്ത്യാനികൾ ലോകത്തെ നേർവഴിയിലേക്ക് നയിക്കാൻ വരുമെന്ന പ്രതീക്ഷയോടെ ആകാശത്തേക്ക് മിഴിയും നട്ട് കാത്തിരിക്കുന്ന മതപുരുഷനും മറ്റാരുമല്ല. ഈസാനബി തന്നെ!! അപ്പോൾ രണ്ടു പ്രബല മതങ്ങളുടെ പ്രമാണങ്ങളിൽ പറയപ്പെട്ട ഈസാനബി, 'വരട്ടെ, വരാതിരിക്കട്ടെ അതൊരു പ്രശ്നമല്ല' എന്ന് പറയുന്നതിനേക്കാൾ 'ജമാഅത്തെ ഇസ്‌ലാമി വരട്ടെ, വരാതിരിക്കട്ടെ ഇസ്‌ലാമിന്ന് അതൊരു പ്രശ്നമല്ല' എന്ന് പറയുന്നതല്ലേ ശരി? കാരണം ജമാഅത്തെ ഇസ്‌ലാമി ഇസ്‌ലാമിനെ രക്ഷിക്കാൻ വരുമെന്ന് ഇസ്‌ലാമിക പ്രമാണങ്ങളിൽ എവിടെയും പറയപ്പെട്ടിട്ടില്ല. നിങ്ങൾക്കാകട്ടെ അത്തരത്തിലുള്ള അവകാശവാദവുമില്ല. - ശൈഖ് സാഹിബ് അല്പമൊന്ന് പരുങ്ങി എന്നിട്ട് പറഞ്ഞു:

*'ഇസ്‌ലാമിക സംഘടനകളാണ് ഇസ്‌ലാമിനെ വിജയിപ്പിക്കുക'.* വ്യംഗ്യമായി ജമാഅത്തെ ഇസ്‌ലാമിയുടെ സാധുതയെ ന്യായീകരിക്കുകയായിരുന്നു ശൈഖ് സാഹിബ്.

ഞങ്ങൾ പറഞ്ഞു: 'സംഘടനകളെപ്പറ്റി റസൂൽ തിരുമേനി പറഞ്ഞ കാര്യങ്ങൾ അത്ര ആശാവഹമല്ല. ബനീ ഇസ്രായേൽ സമുദായം 72 കക്ഷികളായി പിരിഞ്ഞു. എന്റെ ഉമ്മത്ത് 73 കക്ഷികളായി പിരിയും. അതിൽ ഞാനും എന്റെ സഹാബത്തും ഇരിക്കുന്ന അവസ്ഥയിലുള്ള ഒരു കക്ഷി ഒഴികെ മറ്റെല്ലാവരും നരകത്തിലായിരിക്കുമെന്നുമാണല്ലോ റസൂൽ തിരുമേനി(സ) പറഞ്ഞത്. അപ്പോൾ മനുഷ്യനിർമ്മിത സംഘടനകളല്ല ഇസ്‌ലാമിക പുനരുജ്ജീവനം കൊണ്ടുവരിക. അല്ലാഹുവിന്റെ റസൂലിനെപ്പോലെയുള്ള ഒരാൾ ആവിർഭവിക്കുകയും തുടർന്ന് അദ്ദേഹത്തിന്റെ അനുചരന്മാരുടെ കക്ഷിയുമാണ് ആ കൃത്യം നിർവ്വഹിക്കുക. സമൂഹത്തിന്റെ പുനരുജ്ജീവനം സംഘടനകളെ ഏല്പിക്കുന്ന പതിവ് അല്ലാഹുവിനില്ല എന്നാണ് വിശുദ്ധ ഖുർആനിൽ നമുക്ക് കാണാൻ കഴിയുക'.

വീണ്ടും ഞങ്ങളുടെ സംഭാഷണം പുരോഗമിച്ചു. ഈസാനബിയുടെ മരണം വ്യാഖ്യാനസാധ്യതയുള്ളതും ദുരൂഹതയുള്ളതുമാണെന്നായി ശൈഖ് സാഹിബ്. അദ്ദേഹം ഇപ്രകാരം വിശദീകരിച്ചു.

*'ഖുർആനിൽ അതിനെക്കുറിച്ചൊന്നും (ഈസാനബിയുടെ മരണം) പറഞ്ഞിട്ടില്ലല്ലോ. ഖുർആനിൽ അത് വ്യക്തമായും ഖണ്ഡിതമായും പറഞ്ഞിട്ടുണ്ടെങ്കിൽ വിശ്വാസികൾക്കിടയിൽ അക്കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടാകുകയില്ലല്ലോ. ജൂതന്മാർ ഈസാനബി(അ)യെ ക്രൂശിക്കുകയോ വധിക്കുകയോ ചെയ്തിട്ടില്ലെന്ന് മുസ്‌ലിംകളൊക്കെയും വിശ്വസിക്കുന്നത് ഖുർആൻ അത് സംശയരഹിതമായി പറഞ്ഞതിനാലാണ്. ഈസാനബി (അ)യുടെ മരണം, വ്യാഖ്യാന സാധ്യതയുള്ളതിനാലാണ് വീക്ഷണവ്യത്യാസം നിലനിൽക്കുന്നത്.* (അവതാരികയിൽ നിന്ന്) ഇതിന് ഞങ്ങൾ പറഞ്ഞ മറുപടി അവതാരികയിൽ കൊടുത്തിട്ടില്ല. അത് ഇവിടെ ചേർക്കുന്നു:

വളരെ ബാലിശമായ ഒരു വാദമാണ് ശൈഖ് സാഹിബ് ഇവിടെ ഉന്നയിക്കുന്നത്. ഈസാനബി(അ)യെ വധിക്കുകയോ ക്രൂശിക്കുകയോ ചെയ്തിട്ടില്ല എന്ന് ഖുർആൻ സംശയരഹിതമായി പറയുകയും മരണകാര്യത്തിൽ വ്യാഖ്യാനസാധ്യതയുള്ള സംശയത്തിൽ വിടുകയും ചെയ്തു എന്ന വാദം ഖുർആന് അപകീർത്തികരമാണ്. ഈ രണ്ട് വിധത്തിലും ഈസാനബി(അ) മരിച്ചില്ലെങ്കിൽ പിന്നെ ഈസാനബി മരിക്കാൻ സാധ്യതയില്ല എന്ന് ശൈഖ് സാഹിബ് സന്ദേഹവിവശനാവുന്നത് യുക്തിസഹമല്ല. ഈസാനബി(അ) മരിച്ചില്ല എന്ന് ഖുർആൻ പ്രത്യേകം പറയാത്തത് കൊണ്ടാണ് ഈസാനബി (അ)യുടെ മരണം വ്യാഖ്യാനവിധേയമാവുന്നത് എന്ന അഭിപ്രായം മറുപടി അർഹിക്കുന്നില്ല. പ്രവാചകന്മാരടക്കം മനുഷ്യരിൽ ബഹുഭൂരിപക്ഷവും മരണം എന്ന പ്രകൃതിനിയമത്തിന് വിധേയരാവുന്നത് വധിക്കപ്പെടാതെയും ക്രൂശിക്കപ്പെടാതെയുമാണല്ലോ. ഈസാനബി (അ) വധിക്കപ്പെടുകയോ ക്രൂശിക്കപ്പെടുകയോ ചെയ്യാത്തത് മൂലം അദ്ദേഹം മരിക്കാനിടയില്ല എന്ന ശൈഖ് സാഹിബിന്റെ സംശയം ക്രിസ്ത്യൻ സ്വാധീനം കൊണ്ടാണെന്ന് ഞങ്ങൾ പറഞ്ഞാൽ അത് തെറ്റാകുമോ? യുക്തിയുമായി അതിന് ബന്ധമില്ല. 'ഈസാനബി (അ)യെ വധിക്കുകയോ ക്രൂശിക്കുകയോ ചെയ്തു' എന്ന ദുഷ്ടരായ യഹൂദികളുടെ ആരോപണത്തിന്, അങ്ങനെ അവർക്ക് ചെയ്യാൻ സാധിച്ചിട്ടില്ല എന്ന് മറുപടി പറയുകയാണ് ഖുർആൻ ചെയ്യുന്നത്. ആ മറുപടിയുടെ അർത്ഥം അത്രമാത്രമാണ്. ഇവിടെ അദ്ദേഹത്തിന്റെ മരണത്തെപ്പറ്റി പറയാത്തതിനാൽ മരിക്കാൻ സാധ്യതയില്ല

എന്ന് നിരുപിക്കുന്നത് എന്തൊരു ബാലിശമായ വാദമാണ്?

അവതാരിക തുടരുന്നു: *'ഭൂമിയിൽ ജനിച്ചവരൊക്കെ മരിക്കുമല്ലോ. അതിനാൽ ഈസാനബിയും മരിച്ചിട്ടുണ്ടെന്ന് പറയുന്നതല്ലേ ശരി'.*

*'സ്ത്രീയുടെ അണ്ഡവും പുരുഷന്റെ ബീജവും ചേർന്നാണല്ലോ എല്ലാ കുഞ്ഞുങ്ങളും ജന്മം കൊള്ളുന്നത്. എന്നാൽ ഈസാനബിയുടെ ജനനം അങ്ങനെയല്ലെന്നത് സുസമ്മതമത്രെ. ജനനത്തിൽ സംഭവിച്ചത് പോലെ മരണത്തിലും അസാധാരണത്വം സംഭവിച്ചുകൂടേ'?* (അവതാരികയിൽ നിന്ന്)

ശൈഖ് സാഹിബ് അവതാരികയിൽ എഴുതാത്തതും ഞങ്ങൾ പറഞ്ഞതുമായ മറുപടി: 'ഈസാനബി (അ)യെ മറിയം ബീവി ഗർഭം ധരിച്ചതിനാൽ അസാധാരണത്വം ഉണ്ട് എന്നത് ശരി തന്നെ. എങ്കിലും അത് പ്രകൃതി നിയമങ്ങൾക്കെതിരല്ല. ഉഭയലിംഗത്വം, പാർത്ഥെനോജെനിസിസ് എന്നീ ജൈവശാസ്ത്ര പ്രതിഭാസങ്ങൾ മനുഷ്യരിലും സംഭവിക്കാമെന്ന് ശാസ്ത്രം തിരിച്ചറിഞ്ഞിട്ടുണ്ട്. ഖുർആനിൽ ഈസാനബി(അ)യുടെ ഉദാഹരണം ആദമിനെപ്പോലെയാണെന്ന് പറയുന്നു. ഈസാനബി(അ)ക്ക് ഉമ്മയെങ്കിലുമുണ്ട്. മാതാവും പിതാവുമില്ലാതെ ജനിച്ചതിനാൽ ആദംനബി(അ) മരിക്കാതെ ആകാശത്തിരിക്കുന്നു എന്നു പറയാമോ? ഈസാനബി(അ) ജനിച്ചു വളർന്നപ്പോൾ സാധാരണ പോലെ ഭക്ഷണം കഴിക്കുകയും നടക്കുകയും ഉറങ്ങുകയും അദ്ധ്വാനിക്കുകയും യാതനയും വേദനയും സഹിക്കുകയും ചെയ്തതായി ഖുർആൻ പറയുന്നു. പിന്നെ മരണത്തിൽ മാത്രമൊരു അസാധാരണത്വം കാണുന്നത് ശരിയാണോ? പിതാവില്ലാത്ത യേശുവിന്റെ പിതാവ് ദൈവമാണെന്നും ആയതിനാൽ ദൈവത്തിന്റെ ഭാഗമാണെന്നും അതുകൊണ്ട് യേശുവിന് മരണമില്ലെന്നുമാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. തത്വത്തിൽ ക്രിസ്ത്യാനികളുടെ വിശ്വാസത്തെ സാധൂകരിക്കുന്നതല്ലേ ഈ വിശ്വാസം? ശൈഖവർകൾ നിശബ്ദനായി മറ്റൊരു വിഷയത്തിലേക്ക് കടന്നു.

അവതാരികയിൽ തുടർന്നെഴുതുന്നു: *'ഈസാനബി മരിച്ചിട്ടില്ലെങ്കിൽ കാശ്മീരിൽ അദ്ദേഹത്തിന്റെ കബ്ർ ഉണ്ടാകുമോ?'* കൂട്ടത്തിൽ ഒരാൾ ചോദിച്ചു.

*കശ്മീരിൽ ഈസാനബിയുടെ കബ്റോ? അവിടെ അതില്ലെന്ന് ഉറപ്പാണ്. ഞാൻ തറപ്പിച്ചു പറഞ്ഞു. എന്തുകൊണ്ട് അവരമ്പേഷിച്ചു.*

*കശ്മീരിൽ ഈസാനബിയുടെ കബ്ർ ഉണ്ടെങ്കിൽ ക്രിസ്ത്യാനികളും മുസ്ലിംകളും വെറുതെ വിടുമോ? യേശുവിന് പ്രതിമയുണ്ടാക്കിയ ക്രൈസ്തവ സമൂഹം അദ്ദേഹത്തിന്റെ കബ്ർ കണ്ടെത്തിയാൽ എന്തൊക്കെയാണ് ചെയ്യുക! നബി(സ)യുടെ മുടിയുണ്ടെന്ന ഐതിഹ്യത്തിന്റെ പേരിൽ കശ്മീരികൾ കാട്ടിക്കൂട്ടുന്നത് അറിയാത്തവരാരുമില്ലല്ലോ. നിങ്ങൾ പിന്നെ ഈസാനബി(അ)യുടെ കബ്ർ കണ്ടെത്തിയാൽ എന്തായിരിക്കും സംഭവിക്കുകയെന്ന് ഊഹിക്കാവുന്നതല്ലേയുള്ളൂ." (അവതാരികയിൽ നിന്ന്)*

(ശൈഖ് സാഹിബ് അവതാരികയിൽ ചേർക്കാത്ത ഞങ്ങളുടെ മറുപടി)

കശ്മീരിൽ യേശുവിന്റെ കബർ ഉണ്ടെന്നറിഞ്ഞാൽ മുസ്ലിംകൾ ചെയ്യുന്നത് പോലെ ജാറം സംഘടിപ്പിച്ച് ആണ്ടും നേർച്ചയുമായി ക്രിസ്ത്യാനികൾ അത് ആഘോഷിക്കുമെന്ന താങ്കളുടെ ഭാവന നിരർത്ഥകം എന്നല്ലാതെ എന്ത് പറയാണ് യേശു മരിച്ചു എന്ന് സ്ഥാപിച്ചാൽ പിന്നെ ക്രിസ്തുമതത്തിന്റെ കഥ കഴിഞ്ഞു. പിന്നീട് കബറിടത്തിൽ പോയി ആഘോഷിക്കാൻ ക്രിസ്തുമതമെവിടെ? യേശു ദൈവമോ, ദൈവത്തിന്റെ ഭാഗമോ ആണെന്നാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. ദൈവം മരിച്ച് കബറിൽക്കിടക്കുമ്പോൾ മരിച്ച ദൈവത്തിന്റെ മതം പോയി കബറിടത്തിൽ ആഘോഷം നടത്തുമോ? യേശു മരിച്ചു എന്ന് സ്ഥാപിക്കപ്പെടുമ്പോൾ ക്രിസ്തുമതത്തിന്റെ അഥവാ കടുത്ത ശിർക്കൻ വിശ്വാസത്തിന്റെ അടിത്തറ തകർന്നു പോകുന്നു. അതുകൊണ്ടാണ് ക്രിസ്ത്യാനികൾ ഈ വാദം കേട്ടില്ല എന്ന് നടിക്കുകയും അവസരം കിട്ടുമ്പോൾ മുസ്ലിംകളുമായി കൂടിച്ചേർന്ന് എതിർക്കുകയും ചെയ്യുന്നത്. ശിർക്കിനെതിരെയുള്ള ഈ വാദത്തിന്റെ പ്രഹരശേഷി ശൈഖ് സാഹിബിന് ഇനിയും മനസ്സിലായിട്ടില്ലെന്ന് തോന്നുന്നു. അവതാരികയിലെ ഞങ്ങളുടെ ചോദ്യവും ശൈഖിന്റെ ഉത്തരവും തുടരുന്നു

*'ഈസാനബി വന്ന് കുരിശ് തകർക്കുമെന്നും പന്നിയെ കൊല്ലുമെന്നുമൊക്കെ പറഞ്ഞ് അക്ഷരാർത്ഥത്തിൽ അതുപോലെ സംഭവിക്കുമെന്നാണോ നിങ്ങളുടെ വാദം?*

*"വരുമെന്ന വാഗ്ദാനം അതേപോലെ സംഭവിക്കുമെങ്കിൽ വന്ന് ചെയ്യുമെന്നു പറഞ്ഞ കാര്യങ്ങളും അവ്വിധം തന്നെയുണ്ടാവുമെന്ന് വിശ്വസിക്കലല്ലേ യുക്തി"*

*ഈ സംസാരം നീട്ടിക്കൊണ്ടുപോകാൻ അവർ താല്പര്യം കാണിച്ചില്ല. മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ 'അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാം' എന്ന പുസ്തകം സമ്മാനിച്ച് സ്ഥലം വിടുകയും ചെയ്തു. (അവതാരികയിൽ നിന്ന്)*


ശൈഖ് സാഹിബിന്റെ ഗംഭീരൻ 'യുക്തി' കേട്ട് അഹ്മദികളായ യുവാക്കൾ സ്ഥലംവിട്ടു എന്നാണ് അദ്ദേഹം അവതാരികയിൽ എഴുതിയിരിക്കുന്നത്. ശരിയാണ്. ഈ മഹായുക്തിയുടെ അസഹനീയത കൊണ്ടായിരിക്കാം ഞങ്ങൾ അന്ന് സ്ഥലം വിട്ടതെന്ന് തോന്നുന്നു.

ഈസാനബി(അ) വരുമെന്ന വാഗ്ദാനം പോലെത്തന്നെ (ബാഗ്ദാദിലെ വെള്ള മിനാരത്തിൽ മലക്കുകളുടെ ചിറകിലിരുന്നുകൊണ്ട് വാളുമായുള്ള ഇറക്കം) പന്നിവേട്ടയും കുരിശ് ഉടക്കലും അക്ഷരാർത്ഥത്തിൽ തന്നെ സംഭവിക്കുമെന്നാണ് സൈദ്ധാന്തികനായ ശൈഖ് സാഹിബിന്റെ യുക്തി

*(ശേഷം 42-ാം പേജിൽ)*

## അനുസ്മരണം


# കെ.പി. ഇബ്രാഹിം സാഹിബ്



കോഴിക്കോട് ജമാഅത്തിലെ കെ.പി. ഇബ്രാഹിം സാഹിബ് (66) 1-4-2007ന് വഫാത്തായി. ഇന്നാലില്ലാഹി.... അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ...

ഭാര്യ: ഐ.കെ. സുബൈദ. മക്കൾ : കെ.പി. നസീർ അഹ്മദ്, കെ.പി. നുറുദ്ദീൻ, കെ.പി. സിറാജുദ്ദീൻ, കെ.പി. മുനീറ, കെ.പി. ലൈല, കെ.പി. ഷക്കീല. മരുമക്കൾ : ടി.കെ. അബ്ദുറഹിം (നിലമ്പൂർ), എം.കെ. അബ്ദുൾ ജലീൽ (മണ്ണാർക്കാട്), സി. മൻസൂർ അഹ്മദ് (കോഴിക്കോട്), ടി.കെ. സുഹ്റ (കരുളായി), സി.കെ. ജസീല (വാണിയമ്പലം), ബി. റാഷിദ (പഴയങ്ങാടി)

# സി. അബൂബക്കർ സാഹിബ്



ചേലക്കര ജമാഅത്തിലെ ജനാബ് സി. അബൂബക്കർ സാഹിബ് (79) 30-3-2007 വെള്ളിയാഴ്ച പ്രഭാതത്തിൽ പരലോക പ്രാപ്തനായി. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.

മഞ്ചേരിക്കടുത്തുള്ള പത്തപ്പിരിയത്തെ ഒരു പ്രമുഖ കുടുംബമായ ചെറുകാട് തറവാട്ടിലെ അംഗമായിരുന്നു പരേതൻ. 1950 മുതൽ പത്തപ്പിരിയത്ത് അഹ്മദിയ്യാ പ്രസ്ഥാനം സജീവ ചർച്ചാവിഷയമാകുകയും അതേത്തുടർന്നു ഈ കുടുംബവുമായി ബന്ധമുള്ള ജനാബ് സി.കെ. അലവി സാഹിബും മറ്റ് ചില വ്യക്തികളും അഹ്മദിയ്യത്ത് സ്വീകരിക്കുകയും ചെയ്ത 1955 കാലത്താണ് സി. അബൂബക്കർ സാഹിബ് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചത്. അഹ്മദിയ്യത്ത് സ്വീകരിച്ചതിനെത്തുടർന്നുണ്ടായ എതിർപ്പുകളും പരീക്ഷണങ്ങളും അദ്ദേഹം ക്ഷമാപൂർവ്വം തരണം ചെയ്തു. പ്രലോഭനങ്ങൾക്കും ഭീഷണികൾക്കും അദ്ദേഹം വഴങ്ങിയില്ല. പത്തപ്പിരിയം പള്ളി നിൽക്കുന്ന സ്ഥലവും കബർസ്ഥാനും അദ്ദേഹത്തിന്റെ ഭൂമിയായിരുന്നു. അത് ജമാഅത്തിന് സൗജന്യമായി നൽകാൻ അദ്ദേഹം തയ്യാറായിരുന്നുവെങ്കിലും ചില സഹോദരന്മാരുടെ ആഗ്രഹപ്രകാരം ചെറിയ ഒരു തുക കൈപ്പറ്റുക മാത്രമാണ് അദ്ദേഹം ചെയ്തത്.

കാഴ്ച ശക്തി തീരെ ഇല്ലായിരുന്നുവെങ്കിലും ആത്മീയമായ ഉൾക്കാഴ്ച ഏറെയുള്ള ആളായിരുന്നു പരേതൻ.

ജമാഅത്തിൽ പ്രവേശിച്ചതിന് ശേഷം രോഗശയ്യയിലാകുന്നതു വരെ എല്ലാ സംസ്ഥാന സമ്മേളനങ്ങളിലും മകന്റെ കൈപിടിച്ച് പങ്കെടുത്തിരുന്നു. ഖിലാഫത്തിനോടും നിസാമിനോടും വളരെയധികം ആദരവും ബഹുമാനവുമായിരുന്നു. 1991 ൽ ഹ: ഖലീഫത്തുൽ മസീഹ് റാബിഅ് (റ.അ) പരിശുദ്ധ ഖാദിയാനിൽ ജൽസക്ക് എത്തിയപ്പോൾ യാത്രാക്ലേശങ്ങൾ തൃണവൽഗണിച്ച് പരേതനും ഖാദിയാനിൽ എത്തി. ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി പങ്കെടുത്തു. മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് എച്ച്.എ യോടുള്ള ആദരവും കൂറും അദ്ദേഹം തന്റെ അഭിമാനമായി സൂക്ഷിച്ചിരുന്നു. ആതിഥ്യ മര്യാദയും സൽപെരുമാറ്റവും ഉത്സാഹഭരിതമായ സ്നേഹ സല്ലാപവും അദ്ദേഹത്തിന്റെ മുഖമുദ്രകളായിരുന്നു. ദീർഘകാലം പത്തപ്പിരിയം ജമാഅത്തിൽ അദ്ദേഹം പ്രവർത്തക സമിതി അംഗമായിരുന്നു. 1982 മുതൽ ചേലക്കരയിലേക്ക് താമസം മാറ്റിയെങ്കിലും പത്തപ്പിരിയവുമായുള്ള ബന്ധം നിലനിർത്തിവന്നു. അഹ്മദികളുമായി മാത്രമല്ല, പിതൃ കുടുംബക്കാരായ ചെറുകാട്ടുകാരുമായും മാതൃകുടുംബക്കാരായ വടക്കന്മാരുമായും അദ്ദേഹം എപ്പോഴും സുദൃഢമായ സ്നേഹബന്ധം പുലർത്തി. ചേലക്കര ജമാഅത്തിന്റെ സ്ഥാപകനായ മർഹും ഹസ്സൻകുട്ടി മൗലവിയുടെ മകൾ സൈനബാ സാഹിബയാണ് സഹധർമ്മിണി. മക്കൾ: സി. ഖദീജ, സി. നാസർ അഹ്മദ് (ഖാഇദ്, മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ, ചേലക്കര) മരുമക്കൾ: കെ. പി. ബഷീർ അഹ്മദ് സാഹിബ്, എം. സൈഫുന്നിസ. നിസ്കാരാനന്തരം ജനാസ ചേലക്കര ഖബർസ്ഥാനിൽ മറയടക്കപ്പെട്ടു. അല്ലാഹു പരേതാത്മാവിന് ജന്നത്തും മഗ്ഫിറത്തും നൽകുമാറാകട്ടെ.

**മൗലവി**
**ടി.എം. മുഹമ്മദ്, മുബല്ലിഗ്**

# വാർത്തകൾ




*കൂടാളി ജമാഅത്ത് സംഘടിപ്പിച്ച നബികീർത്തന യോഗത്തിൽ മൗലവി സി.പി. മൊയ്തീൻകുട്ടി സാഹിബ് പ്രസംഗിക്കുന്നു. മൗലവി ഇസ്മായിൽ സാഹിബ്, കണ്ണൂർ മേഖലാ അമീർ എൻ. കുഞ്ഞഹമ്മദ് മാസ്റ്റർ സാഹിബ് എന്നിവർ സമീപം*

*(40 -ാം പേജിൽ നിന്ന് തുടർച്ച)*

ചിന്ത. പേ വിഷബാധ നാട്ടിൽ പരക്കുമ്പോൾ പട്ടിപിടുത്തക്കാരെ പട്ടിയെ കൊല്ലാൻ അധികൃതർ നിയമിക്കാറുണ്ട്. പന്നിയിറച്ചി ഹറാമാണെന്നത് ശരി തന്നെ. പക്ഷേ, അതിനെ കൊന്നൊടുക്കാൻ ഒരു പ്രവാചകനെ അല്ലാഹു നിയമിക്കുന്നതിലെ യുക്തിയെന്താണ്? അപ്രകാരം ചർച്ചുകൾക്ക് മുകളിൽ നാട്ടിയ കുരിശ് സ്പൈഡർമാനെപ്പോലെ കയറി ഈസാനബി തകർത്ത് നശിപ്പിക്കുമെന്നതിലെ യുക്തിയും നമുക്ക് തിരിയുന്നില്ല. ഒരുപക്ഷേ, ജമാഅത്തെ ഇസ്‌ലാമിക്കാർക്ക് മാത്രം മനസ്സിലാവുന്ന ഈ യുക്തിവാദം കേട്ടു നിൽക്കാൻ കഴിയാത്തത് കൊണ്ടായിരിക്കാം ഞങ്ങളന്ന് സലാം പറഞ്ഞ് സ്ഥലം വിട്ടത്.

ഈസബ്നു മറിയമിന്റെ വരവും പന്നിയെ കൊല്ലലും കുരിശ് ഉടക്കലുമെല്ലാം പ്രവചനഭാഷയിലെ ആലങ്കാരിക പ്രയോഗങ്ങളാണ്. ഇബ്നുമറിയം ബനീഇസ്രായീൽ സമുദായത്തിൽ രണ്ടായിരം വർഷം മുമ്പ് വന്ന് മരിച്ചുപോയ ഈസാനബി(അ)യല്ല. അദ്ദേഹത്തിന് സദൃശനായ മുഹമ്മദ് നബി (സ)യുടെ ഉമ്മത്തിലെ ഒരു മഹാത്മാവാണ്. അദ്ദേഹം വന്നു. അതാണ് ഹദ്റത്ത് അഹ്മദ് (അ). പന്നിയെ കൊല്ലുക എന്ന് പറഞ്ഞാൽ പന്നിയെപ്പോലെ ലൗകികേച്ഛകളിൽ മുഴുകി ജീവിക്കുന്ന മനുഷ്യരിലെ ആസക്തികളെ സംഹരിക്കലാണ് അതുകൊണ്ട് സൂചിപ്പിക്കുന്നത്. കുരിശ് ഉടക്കുക എന്നത്, കുരിശിൽ യേശു മരിച്ച് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ് ദൈവത്തോടൊപ്പം ആകാശത്തിരിക്കുന്നു എന്ന വിശ്വാസത്തെ തകർക്കലുമാണ്. ഹദ്റത്ത് അഹ്മദ് ചെയ്തത് അതാണ്. ഇതെല്ലാം അക്ഷരാർത്ഥത്തിൽ സംഭവിക്കുമെന്ന് പറയുന്നത് യുക്തിയാണെന്ന് പറയുന്ന ശൈഖ് മുഹമ്മദ് കാരക്കുന്നിന്റെ യുക്തിബോധം മനശ്ശാസ്ത്രജ്ഞന്മാരുടെ പഠനത്തിന് വിധേയമാക്കേണ്ട വിഷയമാണെന്നേ പറയാനുള്ളൂ. റസൂൽ തിരുമേനി(സ)യുടെ ഈ പ്രവചനത്തെ സംബന്ധിച്ച് ആളുകളിൽ അവിശ്വാസം ജനിപ്പിക്കാൻ കരുതിക്കൂട്ടി പറയുന്നതാണോ ഇതെന്നും നാം സംശയിക്കേണ്ടിയിരിക്കുന്നു.

മുസ്‌ലിംകൾ അധഃപതിക്കുമ്പോൾ അല്ലാഹു അയക്കുമെന്ന് പറഞ്ഞ ഇബ്നുമറിയം വരട്ടെ വരാതിരിക്കട്ടെ, പ്രശ്നപരിഹാരത്തിന് ഞങ്ങളുടെ പാർട്ടി ഇവിടെയുണ്ടല്ലോ പിന്നെയെന്തിന് ഇബ്നുമറിയമിനെ അയക്കണം? ഇതാണ് ശൈഖ് സാഹിന്റെ 'ദ്വാന്ദാത്മക 'ട്ടെ' സിദ്ധാന്തത്തിന്റെ പൊരുൾ. ഏതായാലും പരിശുദ്ധ 'ദീനുൽ ഇസ്‌ലാം' കേവലം ഒരു രാഷ്ട്രീയ പാർട്ടിയുടെ കോലത്തിലുള്ള ഒരു ഇടപാടല്ല എന്ന സത്യം മുസ്‌ലിം യുവാക്കൾ എളുപ്പത്തിൽ തിരിച്ചറിയുന്നു എന്നത് ശുഭകരമത്രെ. ●

*(35 -ാം പേജിൽ നിന്ന് തുടർച്ച)*

കൾ അദ്ദേഹവുമായി സംവാദവും അഭിമുഖചർച്ചയും നടത്തിയിട്ടുണ്ട് എന്ന കാര്യവും ഇവിടെ സ്മരിക്കുന്നു. അദ്ദേഹത്തെ ഗൂഢാലോചന നടത്തി കൊലപ്പെടുത്തിയത് ക്രൂരവും കാട്ടാളത്തവുമാണ്. *'ഒരാളെ അന്യായമായി വധിച്ചാൽ ഒരു സമൂഹത്തെ മുഴുവൻ വധിച്ചത് പോലെയാണ്'* എന്ന ഖുർആന്റെ വചനം ഇവിടെ ഏറെ പ്രസക്തമാണ്. മൗലവിയുടെ കൊലപാതകംപോലെ തന്നെ അപലപനീയമാണ് അദ്ദേഹത്തിന്റെ കൊലപാതകത്തിൽ കേരളത്തിലെ രാഷ്ട്രീയ നേതൃത്വവും അധികാരസ്ഥരും കാണിക്കുന്ന നിസ്സംഗതയും ഒത്തുതീർപ്പുകളും. എത്ര ഗൗരവതരമായ മനുഷ്യാവകാശ പ്രശ്നങ്ങളും തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിനു മുമ്പിൽ ദാരുണമായി അവഗണിക്കപ്പെടുമ്പോൾ നമ്മുടെ സിവിൽ സമൂഹത്തിന്റെ ധാർമ്മികശക്തിയുടെ നാശത്തെയാണ് അത് സൂചിപ്പിക്കുന്നത്.

മതം മനുഷ്യനെ മൃഗീയതയിൽ നിന്നും മനുഷ്യനാക്കുന്നു. അവിടെ നിന്നും മനുഷ്യനെ മാലാഖയാക്കി മാറ്റുന്നു. മതത്തിന്റെ പേരിൽ മനുഷ്യഹത്യ നടത്തുന്നവർ ദൈവത്തിന്റേയും മതത്തിന്റേയും മനുഷ്യന്റേയും ശത്രുക്കളാണ്. (അവസാനിച്ചു). ●